32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 23, 2024 | Vol. XXXII No. 34 | Periodicals Postage Paid







മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (മാഗ്) സംഘടിപ്പിച്ച ഇന്ത്യയുടെ 78–ാം സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ മൂവാറ്റുപുഴ എംഎൽഎ അഡ്വ. ഡോ. മാത്യു കുഴൽനാടൻ ഉദ്ഘാടനം ചെയ്തപ്പോൾ. മേയർ കെൻ മാത്യു, ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, ജഡ്ജ് ജൂലി മാത്യു, ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ഫോമാ സ്ഥാപക പ്രസിഡണ്ട് ശശിധരൻ നായർ, മാഗ് വൈസ് പ്രസിഡണ്ട് സൈമൺ വളാച്ചേരിൽ, അജു വാരിക്കാട്, വിനോദ് വാസുദേവൻ, പൊടിയമ്മ പിള്ള, ലതീഷ് കൃഷ്ണൻ, ജോർജ് തെക്കേമല തുടങ്ങിയവർ സമീപം. (വാർത്താ 13–ാം പേജിൽ)

Visit Our Website: www.keralaexpress.com


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
45% OFF FOR WINDOWS
40% OFF FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 സ്വകാര്യ നിയമനത്തിനെതിരെ രാഹുൽ ഗാന്ധി

6 അവാർഡുകളുമായി നിറഞ്ഞാടി 'ആട്ടം'

9 ഫോമായുടെ കുതിപ്പിൽ അഭിമാനം: ബേബി ഊരാളിൽ

19 കമലാ ഹാരിസിന് പരസ്യപിന്തുണയുമായി...

22 വോളിബോൾ ടൂർണമെന്റ് നയാഗ്രയിൽ

### 'സിനിമയിൽ കാസ്റ്റിങ് കൗച്ച്, സഹകരിക്കുന്നവർ 'കോ–ഓപ്പറേറ്റിങ് ആർട്ടിസ്റ്റ്'

## ഞെട്ടിക്കുന്ന വിവരങ്ങളുമായി ഹേമ കമ്മീഷൻ റിപ്പോർട്ട് പുറത്ത് വന്നു

തിരുവനന്തപുരം: സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കാൻ ചുമതലപ്പെടുത്തിയ റിട്ട. ജസ്റ്റിസ് ഹേമ കമ്മീഷന്റെ റിപ്പോർട്ട് പുറത്തുവന്നു. ചലച്ചിത്രരംഗത്തുള്ളവർ ആ മേഖലയിൽ മറ്റാരെയും വിലക്കാൻ പാടില്ലെന്നു കമ്മിറ്റിയുടെ ശിപാർശകളിൽ പറയുന്നു. സിനിമാ സെറ്റുകളിൽ സ്ത്രീകൾ കടുത്ത വിവേചനം നേരിടുന്നു എന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ഷൂട്ടിങ് സെറ്റുകളിൽ മദ്യവും ലഹരിമരുന്നും കർശനമായി വിലക്കണം. സിനിമയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നിർമ്മാതാവ് സുരക്ഷിതമായ താമസ, യാത്രാ സൗകര്യങ്ങൾ നല്കണം. ക്രിമിനൽ പശ്ചാത്തലമുള്ളവരെ ഡ്രൈവർമാരായി നിയോഗിക്കരുത്. വനിതകളോട് അശ്ലീലം പറയരുത്. തുല്യ പ്രതിഫലം നല്കണം തുടങ്ങി വിവിധങ്ങളായ നിർദേശങ്ങളാണ് കമ്മിറ്റി മുന്നോട്ടു വെച്ചിരിക്കുന്നത്. ആകാശം നിഗൂഢതകൾ നിറഞ്ഞതാണ് എന്ന വാക്കുകളോടെയാണ് റിപ്പോർട്ട് ആരംഭിക്കുന്നത്. പുറമെ കാണുന്നതുപോലെ സുന്ദരമല്ല ഈ നക്ഷത്രങ്ങളും തടാകങ്ങളുമെന്നു റിപ്പോർട്ട് അടിവരയിടുന്നു. മലയാള സിനിമാ രംഗവുമായി ബന്ധപ്പെട്ട് നടക്കുന്ന വിവരങ്ങളാണ് റിപ്പോർട്ടിലുള്ളത്. മലയാള സിനിമയിൽ കാസ്റ്റിങ് കൗച്ച് ഉണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. സിനിമാ രംഗത്ത് പുറമേയുള്ള തിളക്കം മാത്രം. അവസരം ലഭിക്കാൻ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകണമെന്ന് ആവശ്യപ്പെട്ട മൊഴികളും പുറത്തുവന്നിട്ടുണ്ട്. മലയാള സിനിമയെ നിയന്ത്രിക്കുന്നത് ക്രിമിനലുകൾ. സിനിമാ മേഖലയിൽ വ്യാപകമായ ലൈംഗിക ചൂഷണം, വഴിവിട്ട കാര്യങ്ങൾ ചെയ്യാൻ നിർബന്ധിക്കുന്നത് സംവിധായകരും നിർമ്മാതാക്കളുമെന്ന് റിപ്പോർട്ടിൽ പറയുന്നു. സഹകരിക്കുന്നവരെ 'കോ–ഓപ്പറേറ്റിങ് ആർട്ടിസ്റ്റ്' എന്നു പേരിട്ടു വിളിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. (ശേഷം 24-ാം പേജിൽ)



ജസ്റ്റിസ് കെ. ഹേമ കമ്മീഷൻ റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറിയപ്പോൾ

## ആഗോള ആരോഗ്യ അടിയന്തരാവസ്ഥ; എം. പോക്സ് പടരുന്നു

ജനീവ: ആഫ്രിക്കൻ രാജ്യങ്ങളിൽ, പ്രത്യേകിച്ച് കോംഗോയിൽ എം പോക്സ് (മങ്കി പോക്സ്) അതിതീവ്രമായി പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ ആഗോളതലത്തിൽ ജാഗ്രതാനിർദേശം പുറപ്പെടുവിച്ച് ലോകാരോഗ്യ സംഘടന. ആഫ്രിക്കയിൽ എം പോക്സ് വ്യാപനം വലിയ ഭീഷണിയായതോടെയാണ് ആഗോളതലത്തിൽ ലോകാരോഗ്യ സംഘടന പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. അടിയന്തര യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തിയ ശേഷമാണ് ലോകാരോഗ്യ സംഘടനാ മേധാവി ടെഡ്രോസ് അദാനോം ഗെബ്രിയേസസ് വാർത്താസമ്മേളനത്തിൽ ഇക്കാര്യം വ്യക്തമാക്കിയത്. ആഫ്രിക്കൻ രാജ്യങ്ങളിൽ തുടങ്ങിയ എം. പോക്സ് ഇപ്പോൾ ലോകത്തിനുതന്നെ ഭീഷണിയായി മാറുന്ന സാഹചര്യമുള്ളതിനാലാണ് ആഗോളതലത്തിൽ ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതെന്ന് അദ്ദേഹം വ്യക്തമാക്കി.

ഈ വർഷം ഇതുവരെ പതിനയ്യായിരത്തോളം പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. 461 മരണവും റിപ്പോർട്ട് ചെയ്തതായാണ് കണക്ക്. കോംഗോയിലാണ് രോഗം ഏറ്റവും ഭീകരാവസ്ഥയിൽ പിടിമുറുക്കിയത്. (ശേഷം 24-ാം പേജിൽ)

## കാശ്മീരിലും ഹരിയാനയിലും നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു

ന്യൂഡൽഹി: ജമ്മു-കാശ്മീരിലെയും ഹരിയാനയിലെയും നിയമസഭാ തെരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. ജമ്മു-കാശ്മീരിൽ സെപ്റ്റംബർ 18, 25, ഒക്ടോബർ ഒന്ന് എന്നിങ്ങനെ മൂന്നു ഘട്ടമായാണു തെരഞ്ഞെടുപ്പ്. ഹരിയാനയിൽ ഒക്ടോബർ ഒന്നിന് ഒറ്റ ഘട്ടമായി വോട്ടെടുപ്പ് നടക്കും. ഒക്ടോബർ നാലിനാണ് ഇരുസംസ്ഥാനങ്ങളിലെയും വോട്ടെണ്ണൽ.



കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നു.

അതേസമയം, കാലാവധി അവസാനിക്കാനിരിക്കുന്ന ജാർഖണ്ഡ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് തീയതികളും കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ നടക്കേണ്ട ഉപതെരഞ്ഞെടുപ്പും കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ പ്രഖ്യാപിച്ചിട്ടില്ല.

പത്തു വർഷത്തിനുശേഷമാണ് ജമ്മു-കാശ്മീരിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്നത്. ഈ വർഷം സെപ്റ്റംബർ 30-നു മുമ്പ് തെരഞ്ഞെടുപ്പ് നടത്തണമെന്ന് സുപ്രീംകോടതി നേരത്തേ നിർദേശിച്ചിരുന്നു. ജമ്മു-കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയ മോദി സർക്കാരിന്റെ നടപടി ചോദ്യം ചെയ്തു സമർപ്പിച്ച ഹർജി തള്ളിയതിനു പിന്നാലെയാണ് സുപ്രീംകോടതി സെപ്റ്റംബർ 30-ന് മുമ്പ് തെരഞ്ഞെടുപ്പ് നടത്താൻ കേന്ദ്രസർക്കാരിനോടു നിർദേശിച്ചത്. 90 നിയോജകമണ്ഡലങ്ങളിലായി 88 ദശലക്ഷം വോട്ടർമാരാണ് ജമ്മു-കാശ്മീരിൽ ഉള്ളത്. കുടിയേറ്റക്കാർക്കും വോട്ട് രേഖപ്പെടുത്താൻ സാധിക്കുമെന്ന് കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷണർ രാജീവ് കുമാർ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. (ശേഷം 24-ാം പേജിൽ)

## കൊൽക്കത്ത മെഡിക്കൽ കോളജിലെ കൊലപാതകം: സുപ്രീംകോടതി സ്വമേധയാ കേസെടുത്തു




കൊൽക്കത്തയിൽ വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ ഡോക്ടർമാരുടെ വിവിധ സംഘടനകൾ ചേർന്ന് ന്യൂഡൽഹിയിലെ കൊണാട്ട് പ്ലേസിൽ മെഴുകുതിരി തെളിച്ച് നടത്തിയ പ്രതിഷേധ മാർച്ച്.

ന്യൂഡൽഹി: കൊൽക്കത്തയിലെ ആർജി കർ മെഡിക്കൽ കോളജിൽ ക്രൂര ബലാത്സംഗത്തിനിരയായി വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ സ്വമേധയാ കേസെടുത്ത് സുപ്രീംകോടതി. സംഭവത്തിൽ കോടതി കേസ് രജിസ്റ്റർ ചെയ്തത് ഓഗസ്റ്റ് 18-നാണ്. കഴിഞ്ഞ 13-ന് ഇതുസംബന്ധിച്ച ഹർജി പരിഗണിച്ച കൊൽക്കത്ത ഹൈക്കോടതി പോലീസ് അന്വേഷണത്തിൽ അതൃപ്തി അറിയിക്കുകയും സിബിഐ അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിരുന്നു. കൊല്ലപ്പെട്ട ഡോക്ടറുടെ മാതാപിതാക്കൾ നൽകിയ ഹർജിയിലായിരുന്നു ഹൈക്കോടതിയുടെ ഇടപെടൽ. വനിതാഡോക്ടറുടെ കൊലപാതകത്തിൽ ഇന്ത്യയിലെങ്ങും ശക്തമായ പ്രതിഷേധമാണ് നടക്കുന്നത്. (ശേഷം 24-ാം പേജിൽ)



# ഉന്നത തസ്തികകളിലെ സ്വകാര്യ നിയമനത്തിനെതിരെ രാഹുൽ ഗാന്ധി

ന്യൂഡൽഹി: കേന്ദ്ര സർക്കാരിലെ വിവിധ മന്ത്രാലയങ്ങളിലെ 45 ഉന്നത തസ്തികകളിലേക്കു സ്വകാര്യമേഖലയിലെ വിദഗ്ധരെ റിക്രൂട്ട് ചെയ്യാനുള്ള സർക്കാർ വിജ്ഞാപനത്തിനെതിരെ ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി. യുപിഎസ്സിക്കു പകരം ആർഎസ്എസ് വഴി ഉദ്യോഗസ്ഥരെ നിയമിക്കാനാണു പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രമിക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു. ഇതു ഭരണഘടനയോടുള്ള അതിക്രമമാണെന്ന് സമൂഹമാധ്യമമായ എക്സിലെ കുറിപ്പിൽ രാഹുൽ കുറ്റപ്പെടുത്തി.

‘എസ്സി, എസ്ടി, ഒബിസി വിഭാഗങ്ങളുടെ സംവരണം പരസ്യമായി പിടിച്ചുപറിക്കുകയാണ്. ഇന്ത്യയിലെ പ്രധാന ഉദ്യോഗസ്ഥപദവികളിൽ പിന്നാക്കവിഭാഗങ്ങൾക്കു പ്രാതിനിധ്യമില്ലെന്നു തുടർച്ചയായി പറയുന്ന കാര്യമാണ്. ഇതിനു പരിഹാരം കാണുന്നതിനു പകരം ലാറ്ററൽ എൻട്രി വഴി നിയമനം



നടത്തുമ്പോൾ പിന്നാക്കക്കാരെ ഉന്നതസ്ഥാനങ്ങളിൽനിന്നു കൂടുതൽ അകറ്റുകയാണ്. യുപിഎസ്സി ജോലികൾ ലക്ഷ്യമിട്ടു തയാറെടുപ്പു നടത്തുന്ന യുവതലമുറയുടെ അവകാശം തട്ടിപ്പറിക്കലാണിത്’ – രാഹുൽ ആരോപിച്ചു.

കേന്ദ്ര മന്ത്രാലയങ്ങളിലെ ജോയിന്റ് സെക്രട്ടറിമാർ, ഡയറക്ടർമാർ, ഡപ്യൂട്ടി സെക്രട്ടറിമാർ തുടങ്ങിയ സുപ്രധാന പദവികളിൽ സാധാരണ നിലയിൽ ഐഎഎസ്, ഐപിഎസ്, ഐഎഫ്എസ് തുടങ്ങിയ കേന്ദ്ര സർവീസുകളിൽനിന്നും മറ്റ് ഗ്രൂപ്പ് എ സർവീസുകളിൽനിന്നുമുള്ള ഓഫീസർമാരെയാണു നിയമിക്കാറുള്ളത്. എന്നാൽ, ഓഗസ്റ്റ് 17-ന് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (യുപിഎസ്സി) 10 ജോയിന്റ് സെക്രട്ടറി, 35 ഡയറക്ടർ/ഡപ്യൂട്ടി സെക്രട്ടറി തസ്തികകളിലേക്ക് കരാറടിസ്ഥാനത്തിൽ ലാറ്ററൽ എൻട്രി രീതിയിൽ നിയമനത്തിനു വിജ്ഞാപനം ചെയ്യുകയായിരുന്നു.

വിഷയത്തിൽ എസ്പിയും ബിഎസ്പിയും കേന്ദ്രത്തിനെതിരെ രംഗത്തുവന്നിട്ടുണ്ട്. ബിജെപി ആശയക്കാരെ കേന്ദ്രസർക്കാർ പദവികളിൽ കൊണ്ടുവരാനുള്ള നീക്കത്തിന്റെ ഭാഗമാണിതെന്ന് എസ്പി അധ്യക്ഷൻ അഖിലേഷ് യാദവ് വിമർശിച്ചു.

# സംവരണം: സുപ്രീംകോടതി വിധിക്കെതിരെ ആദിവാസി സംഘടനകൾ

ന്യൂഡൽഹി: പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കു നൽകുന്ന സംവരണത്തിനു മേൽത്തട്ട് സംവിധാനം കൊണ്ടുവരണമെന്ന സുപ്രീംകോടതി വിധിക്കെതിരെ ആദിവാസി സംഘടനകളുടെ കൂട്ടായ്മ. വിഷയവുമായി ബന്ധപ്പെട്ട് മൂന്നു ദിവസത്തിനുള്ളിൽ സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജി സമർപ്പിക്കുമെന്ന് കോൺഫെഡറേഷൻ ഓഫ് ദളിത് ആൻഡ് ആദിവാസി ഓർഗനൈസേഷൻസ് ചെയർമാൻ അശോക് ഭാരതി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

സുപ്രീംകോടതി വിധിക്കെതിരെ ഇന്ത്യയിൽ വ്യാപകമായി പ്രതിഷേധത്തിനും സംഘടനകൾ ആഹ്വാനം ചെയ്തു. കേന്ദ്രസർക്കാർ ജീവനക്കാരുടെ ജാതി വിവരങ്ങൾ ഉടൻ പുറത്തുവിടണമെന്നും പട്ടികജാതി-പട്ടികവർഗക്കാരുടെ അവസ്ഥ മനസിലാക്കാൻ കമ്മീഷനെ നിയമിക്കണമെന്നും ആദിവാസി സംഘടനാ കൂട്ടായ്മ ആവശ്യപ്പെട്ടു.

സുപ്രീംകോടതിയുടെ ഏഴംഗ ബെഞ്ച് ഈയിടെ പുറപ്പെടുവിച്ച ഉത്തരവ് ആദിവാസികളുടെ അവകാശങ്ങൾക്കെതിരെയുള്ള ലംഘനമാണെന്ന് അശോക് ഭാരതി കുറ്റപ്പെടുത്തി. കേന്ദ്രസർക്കാർ ജീവനക്കാരിൽ 60 ശതമാനവും എസ്സി, എസ്ടി, ഒബിസി വിഭാഗങ്ങളിൽനിന്നുള്ളവരല്ല. ഹിന്ദുരാഷ്ട്രം സൃഷ്ടിക്കുന്നതിനെക്കുറിച്ചാണ് മോദി സർക്കാർ സംസാരിക്കുന്നത്. എന്നാൽ, എസ്സി, എസ്ടി, ഒബിസി തുടങ്ങിയ വിഭാഗങ്ങളോടു വിവേചനം കാണിച്ച് ഇതെങ്ങനെ സാധ്യമാകും. ബിജെപിയുടെ ഹിന്ദുരാഷ്ട്രം യഥാർത്ഥത്തിൽ സവർണ രാഷ്ട്രമാണ്. അത് അധഃസ്ഥിതരോടു നീതി പുലർത്തുന്നില്ലെന്നും അശോക് ഭാരതി ചൂണ്ടിക്കാട്ടി.

# സിദ്ധരാമയ്യയെ വിചാരണ ചെയ്യാൻ ഗവർണറുടെ അനുമതി

ബെംഗ്ളൂരു: മൈസൂരു അർബൻ വികസന അതോറിറ്റി (മുഡ) ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് ആരോപണവിധേയനായ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയെ വിചാരണ ചെയ്യാൻ ഗവർണർ താവർചന്ദ് ഗഹ്‌ലോട്ട് അനുമതി നല്കി.

മലയാളിയായ അഴിമതിവിരുദ്ധ പ്രവർത്തകൻ ടി.ജെ. അബ്രാഹം ഉൾപ്പെടെ മൂന്നുപേർ നല്കിയ പരാതികളിലാണ് നടപടി. അതോടെ സിദ്ധരാമയ്യയുടെ പേരിൽ കേസെടുക്കാൻ കോടതിക്കോ അന്വേഷണ ഏജൻസികൾക്കോ വഴിതുറന്നു.

ഗവർണർ നേരത്തെ സിദ്ധരാമയ്യയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ആരോപണം തള്ളിയ കോൺഗ്രസ് അദ്ദേഹത്തിന് പിന്തുണ പ്രഖ്യാപിച്ചിരുന്നു. പരാതി തള്ളിക്കളയണമെന്ന് മന്ത്രിസഭായോഗം ചേർന്ന് ഗവർണറോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

സിദ്ധരാമയ്യയുടെ ഭാര്യ പാർവതിക്ക് ‘മുഡ’ മൈസുരുവിൽ 14 പാർപ്പിടസ്ഥലങ്ങൾ അനുവദിച്ചു നല്കിയതിൽ അഴിമതിയുണ്ടെന്നാണ് ആരോപണം. സിദ്ധരാമയ്യ രാജിവെക്കണമെന്ന് ആവശ്യപ്പെട്ട് ബിജെപിയും ജെഡിഎസും നടത്തുന്ന സമരം അതോടെ ശക്തിപ്പെടും.

# ദേശീയ, സംസ്ഥാന ചലച്ചിത്ര അവാർഡുകൾ പ്രഖ്യാപിച്ചു

ന്യൂഡൽഹി: സംസ്ഥാന ചലച്ചിത്ര അവാർഡ് ജൂറിയും ദേശീയ അവാർഡിനുള്ള പ്രാദേശിക ജൂറിയും പാടേ



നിത്യ മേനോൻ

തഴഞ്ഞ മലയാള ചിത്രം ‘ആട്ട’ത്തിന് 2022-ലെ മികച്ച സിനിമയ്ക്കുള്ള ദേശീയ അവാർഡ്. ഫീച്ചർ വിഭാഗത്തിൽ മലയാളത്തിനു ലഭിച്ച ആറ് അവാർഡുകളിൽ മൂന്നും ആനന്ദ് ഏകർഷി സംവിധാനം ചെയ്ത ‘ആട്ട’ത്തിനാണ്- മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരം ആനന്ദ് ഏകർഷിക്കും മികച്ച എഡിറ്റിങ്ങിനുള്ള പുരസ്കാരം മഹേഷ് ഭുവനന്ദിനും ലഭിച്ചു.

തമിഴ് ചിത്രം ‘തിരുച്ചിത്രമ്പല’ത്തിലൂടെ നിത്യ മേനോൻ മികച്ച നടിയായി. ഗുജറാത്തി ചിത്രം ‘കച്ച് എക്സ്പ്രസ്’ൽ അഭിനയിച്ച മാനസി പരേഖിനൊപ്പമാണ് പുരസ്കാരം പങ്കിട്ടത്. കന്നഡ ചിത്രം ‘കാന്താര’യിലൂടെ ഋഷഭ്



ഋഷഭ് ഷെട്ടി

ഷെട്ടി മികച്ച നടനായി. ജനപ്രിയ ചിത്രത്തിനുള്ള അവാർഡും ‘കാന്താര’ നേടിയത് സംവിധായകൻ കൂടിയായ ഋഷഭ് ഷെട്ടിക്ക് ഇരട്ട നേട്ടമായി. സൂരജ് ആർ. ബർജാത്യയാണ് മികച്ച സംവിധായകൻ; ചിത്രം ‘ഊൻചായ്’ (ഹിന്ദി).

തരുൺ മൂർത്തി സംവിധാനം ചെയ്ത ‘സൗദി വെള്ളക്ക’യാണ് മലയാളത്തിലെ മികച്ച ചിത്രം. ഈ സിനിമയിലെ ‘ചായും വെയിൽ’ എന്ന ഗാനത്തിലൂടെ ബോംബെ ജയശ്രീ മികച്ച ഗായികയായി. ‘മാളികപ്പുറം’ എന്ന സിനിമയിലൂടെ ശ്രീപദ് മികച്ച ബാലതാരമായി.


‘കാഥികനി’ലെ സംഗീത സംവിധാനത്തിനു സഞ്ജോയ് സലിൽ ചൗധരിക്കു പ്രത്യേക പരാമർശം ലഭിച്ചു. പ്രശസ്ത സംഗീത സംവിധായകൻ സലിൽ ചൗധരിയുടെ മകനാണ് സഞ്ജോയ്. പൊന്നിയിൻ സെൽവൻ-പാർട്ട് വണിലെ പശ്ചാത്തലസംഗീത



പൃഥ്വിരാജ്



ഉർവശി



ബ്ലെസ്സി

ത്തിലൂടെ എ.ആർ. റഹ്മാൻ വീണ്ടും ദേശീയ പുരസ്കാരം നേടി.

ഫീച്ചർ ഇതര വിഭാഗത്തിൽ മലയാളികൾക്കു രണ്ട് അവാർഡുകളുണ്ട്. ‘ഫ്രം ദ് ഷാഡോസ്’ എന്ന ഡോക്യുമെന്ററിയിലൂടെ മുംബൈ മലയാളിയായ മിറിയം ചാണ്ടി മേനാച്ചേരി മികച്ച സംവിധായികയായി.

കോഴിക്കോട് പുല്ലൂരാമ്പാറ സ്വദേശി ജോഷി ബനഡിക്ടിന്റെ ‘എ കോക്കനട്ട് ട്രീ’ എന്ന നിശ്ശബ്ദ ചിത്രം മികച്ച അനിമേഷൻ ചിത്രത്തിനുള്ള പുരസ്കാരം നേടി.

മരുഭൂമിയിലെ അതിജീവനത്തിന്റെ കഥപറഞ്ഞ ‘ആടുജീവിത’ത്തിലൂടെ ബ്ലെസിക്ക് 2023-ലെ മികച്ച സംവിധായകനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം. ഇതേ ചിത്രത്തിലൂടെ പൃഥ്വിരാജ് മികച്ച നടനായി. കലാമേന്മയും ജനപ്രീതിയും ക്യാമറ, അവലംബിത തിരക്കഥ, മേക്കപ്പ് തുടങ്ങി ഒൻപത് പുരസ്കാരങ്ങൾ ‘വിഷ്വൽ റൊമാൻസ്’ നിർമിച്ച ആടുജീവിതം കരസ്ഥമാക്കി.

ഏറ്റവും മികച്ച ചിത്രം ജിയോ ബേബി സംവിധാനം ചെയ്ത് മമ്മൂട്ടി നിർമിച്ച (മമ്മൂട്ടിക്കമ്പനി) ചിത്രം ‘കാതൽ ദി കോർ’. (ശേഷം 24-ാം പേജിൽ)

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 34
August 23, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D’souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

കല പകരുന്ന ആരോഗ്യം ജീവിതത്തിന്റെ നൈമിഷികതയെ തകർക്കുന്നു.

**ഹിപ്പോക്രാറ്റസ്**

നമ്മുടെ ദുഃഖങ്ങൾക്കു പരിഹാരം നമ്മിൽ തന്നെയാണ്. എന്നാൽ, നാം അത് ഈശ്വരനിൽ ആരോപിക്കുന്നു.

**വില്യം ഷെയ്ക്സ്പിയർ**

# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*



K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

**Tel: 847-724-3020 • Cell: 847-833-6038**

CPA℠ America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com

# Bollywood Dance Class in Chicago!

Shingari's School of Rhythm



CLASSES AT WESTMONT & DES PLAINES

## NOW ENROLLING NEW STUDENTS



Girls • Boys • Adults



For Latest Informations Call : Chinu Thottam **(630) 863-4984**

REGISTER ONLINE

Email: c2c4ever@gmail.com
www.schoolofrhythm.org



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

## Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# അവാർഡുകളുമായി നിറഞ്ഞാടി 'ആട്ടം'

കൊച്ചി: തിരശീലയ്ക്കു പിന്നിലെ ജീവിതനാട്യങ്ങളെ വ്യത്യസ്തമായ ആഖ്യാനശൈലിയിലൂടെ അവതരിപ്പിച്ച സിനിമയാണ് മികച്ച ചിത്രത്തിനുള്ള ദേശീയ അവാർഡ് ഉൾപ്പെടെ മൂന്ന് പുരസ്കാരങ്ങൾ നേടിയ 'ആട്ടം'. കൊച്ചിയിലെ പ്രശസ്തമായ നാടക സംഘത്തിലെ പ്രവർത്തകരെ അണിനിരത്തി ഒരുക്കിയ അസാധ്യ ത്രില്ലർ ഡ്രാമ. അത്ഭുതപ്പെടുത്തുന്ന തിരക്കഥയാണ് സിനിമയുടെ നട്ടെല്ല്. മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരം ഉൾപ്പെടെ ലഭിച്ചതിൽ അതുകൊണ്ടുതന്നെ ഒട്ടും അതിശയോക്തിയില്ല.

11 പുരുഷന്മാരും ഒരു സ്ത്രീകഥാപാത്രവും ഉൾപ്പെടെ ആദ്യാവസാനം 13 കഥാപാത്രങ്ങളാണു ചിത്രത്തിലുള്ളത്. കലാഭവൻ ഷാജോണും നായികാകഥാപാത്രത്തെ അവതരിപ്പിച്ച സെറിൻ ഷിഹാബും മാത്രമാണ് നാടകത്തിനു പുറത്തുള്ളവർ. മറ്റു കഥാപാത്രങ്ങൾ എല്ലാവരുംതന്നെ കൊച്ചിയിലെ ലോകധർമി എന്ന നാടകസംഘവുമായി ചേർന്നു പ്രവർത്തിക്കുന്നവരാണ്.

ഇവരുടെ യഥാർഥ പേരുകൾ തന്നെ കഥാപാത്രങ്ങൾക്കും നൽകി. ശക്തമായ പ്രമേയത്തെ ഉദ്വേഗജനകമായ രംഗങ്ങളിലൂടെ അവതരിപ്പിച്ചിട്ടുണ്ട് ചിത്രത്തിൽ.

മികച്ച ചിത്രത്തിനടക്കം മൂന്ന് ദേശീയ പുരസ്കാരം നേടാനായതിൽ പറഞ്ഞറിയിക്കാനാകാത്ത സന്തോഷമുണ്ടെന്ന് സംവിധായകനും തിരക്കഥാകൃത്തുമായ ആനന്ദ് ഏകർഷി പറയുന്നു. ആട്ടം പോലെയൊരു സിനിമ നിർമിക്കാൻ തയാറായി മുന്നോട്ടുവന്ന നിർമാതാവ് ഡോ. അജിത് ജോയ്ക്കും സിനിമയുണ്ടാകാൻ കാരണമായ വിനയ് ഫോർട്ടിനുമാണ് ആദ്യം നന്ദി പറയുന്നത്.

തുടക്കം മുതൽ അവസാനം വരെ സിനിമയ്ക്ക് ഒപ്പം നിന്ന എല്ലാ അണിയറപ്രവർത്തകരും ഈ അവാർഡ് അർഹിക്കുന്നുണ്ട്.

20 വർഷമായി ലോകധർമിക്കൊപ്പം പ്രവർത്തിക്കുന്നയാളാണു താൻ. തന്നോടൊപ്പം സംഘത്തിലുണ്ടായിരുന്ന വിനയ് ഫോർട്ടാണ് ലോകധർമിയിലെ നാടക പ്രവർത്തകരെവെച്ച് ഒരു സിനിമ ചെയ്യാൻ പറ്റുമോയെന്നു ചോദിച്ചത്. പിന്നീട് എല്ലാം ഒരു നിയോഗംപോലെ സംഭവിക്കുകയായിരുന്നു. ആദ്യ സിനിമയ്ക്കുതന്നെ ദേശീയ പുരസ്കാരം നേടാനായതു വലിയ അഭിമാനമായി കാണുന്നുവെന്നും ആനന്ദ് പറഞ്ഞു.




തിരക്കഥയുടെ പ്രത്യേകതയാണു തന്നെ ഈ സിനിമയിലേക്ക് ആകർഷിച്ചതെന്ന് ചിത്രത്തിന്റെ എഡിറ്റർ മഹേഷ് ഭുവനേന്ദ് പറഞ്ഞു. 2022-ൽ സെൻസർ ചെയ്ത ചിത്രത്തിന് കഴിഞ്ഞ വർഷത്തെ സംസ്ഥാന അവാർഡ് പ്രതീക്ഷിച്ചിരുന്നെങ്കിലും കിട്ടാതെ പോയത് നിരാശ പകർന്നിരുന്നു.

പിന്നീടാണ് ഫിലിം ഫെസ്റ്റിവലുകളിലും മറ്റും ചിത്രം പ്രദർശിപ്പിച്ച് കൂടുതൽ ശ്രദ്ധ നേടിയത്. 'ആട്ടം' തന്റെ രണ്ടാമത്തെ സിനിമയാണ്. ഏറെ സങ്കീർണതകൾ നിറഞ്ഞ സ്ക്രിപ്റ്റ് സിനിമയുടെ പൂർണരൂപത്തിൽ എത്തിക്കാൻ കഴിഞ്ഞത് വെല്ലുവിളിയായിരുന്നുവെന്നും മഹേഷ് പറഞ്ഞു.

# ആരോഗ്യപ്രവർത്തകർക്ക് സംരക്ഷണം വേണം

മനുഷ്യജീവനുതകുന്നതിനായി പ്രവർത്തിക്കുന്ന ഉൽകൃഷ്ട സ്ഥാപനങ്ങളാണ് ആശുപത്രികൾ. ആരോഗ്യഹാനിയിൽപ്പരം ദൗർഭാഗ്യമൊന്നും മനുഷ്യനു നേരിടാനില്ല. ആ അവസ്ഥയിൽനിന്നു ജീവിതങ്ങളെ കരകയറ്റാൻ ശ്രമിക്കുന്ന ഇടങ്ങളാണ് ആതുരാലയങ്ങൾ. ആ പ്രയത്നം നടത്തുന്നവരും മനുഷ്യരാണ്. ഡോക്ടറാകട്ടെ, നേഴ്സാകട്ടെ, ആശുപത്രികളിലെ മറ്റു ജീവനക്കാരാകട്ടെ, അവരെ നാം ആരോഗ്യപ്രവർത്തകരെന്നു വിളിക്കുന്നു. ആതുരശുശ്രൂഷയാണ് അവർ ചെയ്യുന്ന ജോലി. ഈ ഭൂമുഖത്തെ എല്ലാ തൊഴിലുകളിലുംവെച്ച് ഏറ്റവും പാവനമാണ് അത്. അതു ചെയ്യുന്നവരെ, അവരുടെ കർത്തവ്യനിർവഹണത്തിനിടെ നിഷ്കരുണം ആക്രമിക്കുന്നതിനെക്കാൾ നീചമായി മറ്റെന്താണുള്ളത്? കൊൽക്കത്തയിലെ ആർ.ജി. കർ മെഡിക്കൽ കോളജ് ആശുപത്രിയിൽ കഴിഞ്ഞയാഴ്ച നടന്നത് അതാണ്. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കഴിഞ്ഞകൊല്ലം മേയിൽ നടന്നതും അതുതന്നെ. ഈ രാജ്യത്തെ എഴുപത്തിയഞ്ചു ശതമാനം ഡോക്ടർമാരും ജോലിക്കിടയിൽ ഒരിക്കലെങ്കിലും ശാരീരികമോ മാനസികമോ ആയ പീഡനത്തിനിരയാകുന്നുണ്ടെന്നു ഭിഷഗ്വരസംഘടനകൾ ചൂണ്ടിക്കാട്ടുമ്പോൾ അതിൽ അതിശയോക്തിയുണ്ടെന്നു നമുക്കാർക്കും പറയാനാകില്ല.

ഇത്രയും അരക്ഷിതവും അക്രമാസക്തവുമായ സാഹചര്യത്തിലാണോ ആരോഗ്യപ്രവർത്തകർ ഇന്ത്യയിൽ ജോലി ചെയ്യേണ്ടതെന്ന ചോദ്യം വീണ്ടും ഉയരാൻകൂടി കൊൽക്കത്ത സംഭവം കാരണമാകുന്നു. ഇതുപോലുള്ള അക്രമികളുടെ ക്രൂരതയിൽ ഒടുങ്ങാനുള്ളതാണോ ഇവരുടെ പ്രതിബദ്ധ സേവനം? കഴിഞ്ഞ വർഷം മേയിൽ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ചികിത്സയ്ക്കിടെ ഡോ. വന്ദന ദാസിനെ അക്രമി കുത്തിക്കൊന്ന സംഭവം ഇപ്പോഴും കേരളത്തെ കരയിക്കുന്നുണ്ട്. ഹൈക്കോടതി ആ വേളയിൽ ചോദിച്ചതുപോലെ, മാതാപിതാക്കൾ ആതുരസേവനത്തിനായി അയച്ച മകളെ ശവപ്പെട്ടിയിലാണോ മടക്കി അയയ്ക്കേണ്ടത്?

മലയാളികളെ സംബന്ധിച്ച് ഈ സംഭവത്തിന്റെ വിറയാർന്ന സ്മരണയുണർത്തുന്നതാണ് കൊൽക്കത്തയിലെ സർക്കാരുടമസ്ഥതയിലുള്ള ആർ.ജി. കർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പി.ജി. ട്രെയിനി ഡോക്ടറായ യുവതിക്കു സംഭവിച്ച ദുരന്തം. ഈ മാസം ഒൻപതിനു പുലർച്ചെ, രാത്രി ഡ്യൂട്ടിക്കുശേഷം ആശുപത്രിയിലെ സെമിനാർ ഹാളിൽ വിശ്രമിക്കവേ ഡോക്ടറെ ബലാത്സംഗംചെയ്തു കൊല്ലുകയായിരുന്നു. അതേ ആശുപത്രിയിൽ പോലീസിനെ സഹായിക്കുന്ന സന്നദ്ധപ്രവർത്തകൻ സഞ്ജയ് റോയ് അറസ്റ്റിലായെങ്കിലും സംഭവത്തിനുപിന്നിൽ കൂടുതൽപ്പേരുണ്ടോ എന്ന സംശയം പ്രബലമാണ്. അതിക്രൂരമായാണു ഡോക്ടർ കൊല്ലപ്പെട്ടതെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട് വ്യക്തമാക്കുന്നു. ജോലിചെയ്ത വാർഡിൽ വിശ്രമമുറിയില്ലാത്തതുകൊണ്ടാണ് ഡോക്ടർക്ക് സെമിനാർഹാളിൽ തലചായ്ക്കേണ്ടിവന്നത് എന്നത് സുരക്ഷയുടെയും സൗകര്യങ്ങളുടെയും പരിതാപകരമായ അപര്യാപ്തതയിലേക്കു വിരൽചൂണ്ടുന്നു. കൽക്കത്ത ഹൈക്കോടതിയുടെ നിർദേശപ്രകാരം കേസ് സിബിഐ ഏറ്റെടുത്തിരിക്കുകയാണ്.

യുദ്ധങ്ങളിൽപോലും ആശുപത്രികളും ആരോഗ്യപ്രവർത്തകരും ആക്രമിക്കപ്പെടാറില്ല. ഇതൊരു രാജ്യാന്തരചട്ടമാണ്. എന്നാൽ, ഇവിടെ ആതുരസേവന മേഖല പലപ്പോഴും അക്രമങ്ങൾക്ക് ഇരയാകുന്നുണ്ട്. ആശുപത്രികൾക്കും ആരോഗ്യപ്രവർത്തകർക്കും നേരെയുള്ള അതിക്രമം ചെറുക്കാനുള്ള നിയമത്തിൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തിയേതീരൂവെന്നും കൊൽക്കത്ത സംഭവം ചൂണ്ടിക്കാണിക്കുന്നു.

കേരളത്തിൽ ഡോക്ടർമാർക്കും ആശുപത്രികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർധിച്ചുവരികയാണെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐഎംഎ) വ്യക്തമാക്കുന്നുണ്ട്. കേരളത്തിൽ ഒരു വർഷം ശരാശരി 80 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെന്നാണ് സംഘടന കഴിഞ്ഞ വർഷം പറഞ്ഞത്. ആക്രമണങ്ങൾ വർധിച്ചിട്ടും സർക്കാരും പോലീസും കാര്യമായി ഇടപെടാത്തതിൽ പ്രതിഷേധിച്ച് വനിതാ ഡോക്ടർമാർ സ്വയം പ്രതിരോധം പരിശീലിക്കാൻ തുടങ്ങിയെന്ന വാർത്തയും നാം കേട്ടു.

എല്ലാ ആശുപത്രികളും സുരക്ഷിതമേഖലകളായി പ്രഖ്യാപിച്ച് തദനുസൃതമായ സുരക്ഷാപരിശോധനകളും പോലീസ് വിന്യാസവും ഉറപ്പാക്കണമെന്നും ഡോക്ടർമാരുടെ സംഘടനകൾ ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ സംസ്ഥാനസർക്കാരുകൾക്കുതന്നെ നടപടി കൈക്കൊള്ളാവുന്നതേയുള്ളൂ. കേരളത്തിലും മെഡിക്കൽ കോളജുകൾക്കനുബന്ധമായുള്ളതടക്കമുള്ള ആശുപത്രികളിൽ ആരോഗ്യപ്രവർത്തകരുടെ, വിശേഷിച്ച് സ്ത്രീകളുടെ, സുരക്ഷ ഉറപ്പുവരുത്താനുള്ള സൗകര്യങ്ങളില്ലെന്നതാണു നേര്. ആ വസ്തുതയെ സംസ്ഥാനസർക്കാർ വേണ്ടവിധം അഭിസംബോധനചെയ്യുകതന്നെ വേണം.

# വിജയകരമായി എസ്എസ്എൽവി വിക്ഷേപണം

ചെന്നൈ: ചെറിയ ഉപഗ്രഹങ്ങൾ കുറഞ്ഞ ചെലവിൽ വിക്ഷേപിക്കുന്നതിന് ഐഎസ്ആർഒ രൂപകല്പന ചെയ്ത സ്മോൾ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ (എസ്എസ്എൽവി) മൂന്നാം വിക്ഷേപണം വിജയകരമായി. ഇതോടെ വാണിജ്യ വിക്ഷേപണ രംഗത്ത് ഐഎസ്ആർഒ പുതിയ ചരിത്രം കുറിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയിസ് സെന്ററിലെ ഒന്നാം വിക്ഷേപണത്തറയിൽ നിന്ന് ഓഗസ്റ്റ് 16-ന് രാവിലെ 9.17-ന് ഭൗമനിരീക്ഷണ ഉപഗ്രഹമായ ഇ.ഒ.എസ്-08, എസ്.ആർ-0 എന്നിവയാണ് എസ്എസ്എൽവി ഭ്രമണപഥത്തിലെത്തിച്ചത്.

ആസൂത്രണം ചെയ്തതുപോലെ 17 മിനിറ്റുകൾക്കുശേഷം ഉപഗ്രഹത്തെ ഭൂമിയിൽനിന്ന് 475 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിൽ എത്തിച്ചതായി ഐഎസ്ആർഒ ചെയർമാൻ എസ്. സോമനാഥ് അറിയിച്ചു.

റോക്കറ്റ് പൂർണ്ണ സജ്ജമായിക്കഴിഞ്ഞതിനാൽ ഇനി വാണിജ്യവിക്ഷേപണങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുമെന്നും അദ്ദേഹം അറിയിച്ചു. പിഎസ്എൽവിക്കും ജിഎസ്എൽവിക്കും പുറമെ ഐഎസ്ആർഒ ഉപയോഗിക്കുന്ന മൂന്നാമത്തെ വിക്ഷേപണ വാഹനമാണ് എസ്എസ്എൽവി. 56 കോടി രൂപയാണ് നിർമ്മാണച്ചെലവ്.

സമുദ്രോപരിതലത്തിലെ കാറ്റിന്റെ വിശകലനം, മണ്ണിന്റെ ഈർപ്പം വിലയിരുത്തൽ, ഹിമാലയൻ മേഖലയിലെ ക്രയോസ്ഫിയർ പഠനം, വെള്ളപ്പൊക്കം കണ്ടെത്തൽ, ഉൾനാടൻ ജലാശയങ്ങൾ കണ്ടെത്തൽ തുടങ്ങിയവയ്ക്ക് മറ്റൊരു പേലോഡ് പ്രയോജനപ്പെടും.

# പുഞ്ചിരിമട്ടവും മുണ്ടക്കൈയും ജനവാസയോഗ്യമല്ല

കല്പറ്റ: ഉരുൾപൊട്ടൽ ദുരന്തമുണ്ടായ പുഞ്ചിരിമട്ടത്തും മുണ്ടക്കൈയിലുമെല്ലാം ഇനിയുള്ള താമസം അഭികാമ്യമാകില്ലെന്ന് സംസ്ഥാനസമിതി നിയോഗിച്ച വിദഗ്ധസമിതി. ചുരുക്കം ഇടങ്ങൾ മാത്രമാണ് സുരക്ഷിതമെന്നു കണ്ടെത്തിയിട്ടുള്ളത്. ഉരുൾപൊട്ടൽ സാധ്യതാമേഖലയിലാണ് ഈ ഗ്രാമങ്ങളുള്ളത്. മുൻപും ഇവിടെ ഉരുൾപൊട്ടിയിട്ടുണ്ട്. വലിയ ഉരുൾപൊട്ടൽ ദുരന്തം സംഭവിച്ച ഇടങ്ങളിൽ പെട്ടെന്നുതന്നെ മറ്റൊരു ഉരുൾ ദുരന്തത്തിന് സാധ്യതയില്ല. എങ്കിലും ആ മണ്ണ് സ്ഥിരതസ്വഭാവം വീണ്ടെടുക്കുന്നതുവരെ ഇത്തരം സ്ഥലങ്ങളിലുള്ള താമസം ഒഴിവാക്കുന്നതാണ് നല്ലതെന്ന് സംഘത്തിന് നേതൃത്വം നൽകുന്ന ദേശീയ ഭൗമശാസ്ത്രപഠനകേന്ദ്രത്തിലെ മുതിർന്ന ശാസ്ത്രജ്ഞനായ ജോൺ മത്തായി പറഞ്ഞു.

വിദഗ്ധസമിതി പത്തുദിവസത്തിനകം സർക്കാരിന് പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കും. വീടുകൾ പൂർണമായി തകർന്ന മേഖല, ഭാഗികമായി തകർന്ന മേഖല, വീടുകളുണ്ടെങ്കിലും സുരക്ഷിതമല്ലാത്ത സ്ഥലം, വീടും സ്ഥലവും സുരക്ഷിതവും താമസത്തിന് അനുയോജ്യവും എന്നിങ്ങനെ നാലായി മേഖലയെ അടയാളപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് മാപ്പും വിദഗ്ധസമിതി തയ്യാറാക്കിയിട്ടുണ്ട്. പ്രാദേശികമായ സർവേ നടത്തി ഏതെല്ലാം വീടുകൾ സുരക്ഷിതമായ മേഖലയിൽ ഉൾപ്പെടുമെന്ന് പരിശോധിച്ചേ താമസം അനുവദിക്കൂ. പ്രദേശത്ത് അഭികാമ്യമായ ഭൂവിനിയോഗം സംബന്ധിച്ച് ഇനിയും പഠനങ്ങൾ വേണം.

Law Office of Sovmya George

IMMMIGRATION LAW FIRM



SERVICES:

Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

*"We Handle Cases All Across the USA!"*
-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com

Read our stellar reviews

THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



B&M
AUTO COLLISION CTR



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and EFFICIENT

Quality REPAIR



WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863

4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# ജയിൽ ഒഴിച്ചുകൂടാൻ കഴിയാത്ത സാഹചര്യങ്ങളിൽ മാത്രം: സുപ്രീം കോടതി

ന്യൂഡൽഹി: കേസിന്റെ ഗുരുതര സ്വഭാവം ചൂണ്ടിക്കാട്ടി അന്വേഷണ ഉദ്യോഗസ്ഥർ എതിർത്താലും നിയമപ്രകാരമെങ്കിൽ പ്രതിക്കു കോടതി ജാമ്യം അനുവദിക്കുകയാണ് വേണ്ടതെന്നു സുപ്രീംകോടതി വ്യക്തമാക്കി.

നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമം (യുഎപിഎ) ഉൾപ്പെടെ കേസുകളിലും ഇതു ബാധകമാണെന്നു വ്യക്തമാക്കിയ കോടതി, ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ മാത്രമേ കുറ്റാരോപിതനെ ജയിലിടാവൂവെന്നും വ്യക്തമാക്കി. പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ (പിഎഫ്ഐ) യുമായി ബന്ധപ്പെട്ട യുഎപിഎ കേസിലെ പ്രതിക്കു ജാമ്യം അനുവദിച്ചുകൊണ്ടാണ് ജഡ്ജിമാരായ അഭയ് എസ്. ഓക്ക, എ.ജി. മസ്സി എന്നിവരുടെ ബെഞ്ചിന്റെ പരാമർശം.

പിഎഫ്ഐ പ്രവർത്തകർക്കു പരിശീലനം നടത്താൻ സ്ഥലം വാടകയ്ക്കു നൽകിയെന്ന കേസിൽ അന്വേഷണം നേരിടുന്ന ജലാലുദ്ദീൻ ഖാൻ എന്നയാളാണ് ജാമ്യം തേടി സുപ്രീംകോടതിയെ സമീപിച്ചത്. പ്രധാനമന്ത്രി പങ്കെടുക്കുന്ന പരിപാടി ലക്ഷ്യമിട്ടുള്ള പിഎഫ്ഐ നീക്കത്തിന്റെ ഭാഗമായിരുന്നു ജലാലുദ്ദീനെന്നും യുഎപിഎ കുറ്റമാണ് ജലാലുദ്ദീനെതിരെയുള്ളതെന്നുമായിരുന്നു പ്രോസിക്യൂഷൻ വാദം. പട്ന ഹൈക്കോടതി ജലാലുദ്ദീനു ജാമ്യം നിഷേധിച്ചിരുന്നു.

എന്നാൽ, ജാമ്യം ആണ് ചട്ടം, ജയിൽ ഒഴിച്ചുകൂടാൻ കഴിയാത്ത സാഹചര്യങ്ങളിൽ മാത്രം എന്നതു പ്രത്യേക നിയമങ്ങളുടെ കാര്യത്തിലും ബാധകമാണെന്ന് കോടതി വ്യക്തമാക്കി.

ജാമ്യം അനുവദിക്കുന്ന കാര്യം വന്നാൽ കോടതി അതിനു മടിക്കരുത്. കേസിൽ പ്രോസിക്യൂഷൻ ഉന്നയിക്കുന്നതു ഗുരുതര ആരോപണങ്ങളായിരിക്കാം. എന്നാൽ, കോടതി നിയമപ്രകാരം തന്നെ ജാമ്യം അനുവദിക്കുന്നതു പരിഗണിക്കണം.

അർഹമായ കേസുകളിൽ ജാമ്യം നിഷേധിക്കുന്നതു മൗലികാവകാശത്തിന്റെ ലംഘനമാകുമെന്നും ചൂണ്ടിക്കാട്ടി. കേസിൽ, പിഎഫ്ഐ തീവ്രവാദ സംഘടനയല്ലെന്ന നിരീക്ഷണവും കോടതി നടത്തി. ഒന്നാം ഷെഡ്യൂളിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന സംഘടനകളാണ് തീവ്രവാദ സംഘടനകൾ. അല്ലെങ്കിൽ ലിസ്റ്റ് ചെയ്യപ്പെട്ട സംഘടനകളുടെ അതേ പേരിലുള്ളതായിരിക്കണമെന്നു കോടതി പറഞ്ഞു.

## കേണൽ മൻപ്രീത് സിംഗിനു കീർത്തിചക്ര

ന്യൂഡൽഹി: ജമ്മു കാശ്മീരിലെ അനന്ത്നാഗിൽ കഴിഞ്ഞ സെപ്റ്റംബറിൽ ഭീകരരുമായി ഏറ്റുമുട്ടുന്നതിനിടെ ജീവൻ വെടിഞ്ഞ ആർമി കേണൽ മൻപ്രീത് സിംഗിനു മരണാനന്തര ബഹുമതിയായ കീർത്തിചക്ര നല്കി ഇന്ത്യ ആദരിക്കും. കേണൽ മൻപ്രീത് സിംഗിനു പുറമേ റൈഫിൾമാൻ രവി കുമാർ, ജമ്മു കാശ്മീർ പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടന്റ് ഹിമയൂൺ മുസംമിൽ ഭട്ട് എന്നിവർക്കും മരണാനന്തര ബഹുമതിയായി കീർത്തിചക്ര സമ്മാനിക്കും.



ഇവർക്കൊപ്പം മേജർ മല്ല രാമഗോപാൽ നായിഡുവിനും ഇന്ത്യയിലെ രണ്ടാമത്തെ വലിയ ബഹുമതി നൽകും.

സായുധസേനാംഗങ്ങൾക്കും സിആർപിഎഫിനും ഉൾപ്പെടെ 103 പുരസ്കാരങ്ങളാണ് സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു പ്രഖ്യാപിച്ചത്. 18 ശൗര്യചക്ര ബഹുമതികളും (നാലെണ്ണം മരണാനന്തര ബഹുമതി) 63 സേനാ മെഡലുകളും ഉൾപ്പെടെയാണിത്.

## സർവമത സമ്മേളനം: ചാണ്ടി ഉമ്മനും സംഘവും മാർപാപ്പയെ സന്ദർശിച്ചു



ചാണ്ടി ഉമ്മൻ എംഎൽഎയുടെ നേതൃത്വത്തിൽ വത്തിക്കാനിൽ മാർപാപ്പയെ സന്ദർശിച്ചപ്പോൾ

കോട്ടയം: ശ്രീനാരായണ ഗുരുദേവൻ ആലുവായിൽ നടത്തിയ സർവമത സമ്മേളനത്തിന്റെ നൂറാം വാർഷികാചരണത്തിന്റെ ഭാഗമായി വത്തിക്കാനിൽ നവംബറിൽ സർവമത സമ്മേളനം സംഘടിപ്പിക്കും. ചാണ്ടി ഉമ്മൻ എംഎൽഎയുടെ നേതൃത്വത്തിൽ ശിവഗിരിമഠം സന്യാസി വീരേശ്വരാനന്ദ, ഫാ. ജോർജ് കൂവക്കാട്ട്, കെ.ജി. ബാബുരാജ് (ബഹ്റൈൻ) എന്നിവരടങ്ങിയ സംഘം ഇതുമായി ബന്ധപ്പെട്ട് മാർപാപ്പയെ സന്ദർശിച്ചു. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന ഗുരുദേവ സന്ദേശത്തിന്റെ ആനുകാലിക പ്രസക്തി വീരേശ്വരാനന്ദ മാർപാപ്പയെ ധരിപ്പിച്ചു. ഗുരുദേവകൃതികൾ അദ്ദേഹത്തിന് കൈമാറിയതായി ചാണ്ടി ഉമ്മൻ പറഞ്ഞു.

# വയനാട്ടിൽ മരിച്ചവരുടെ ആശ്രിതർക്ക് ആറു ലക്ഷം

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. ദുരന്തപ്രതികരണ നിധിയിൽ നിന്നുള്ള നാലു ലക്ഷത്തിനു പുറമേ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് രണ്ടു ലക്ഷം രൂപകൂടി ചേർത്താണ് ആറ് ലക്ഷം രൂപ ലഭിക്കുകയെന്നു മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

ഉരുൾപൊട്ടലിൽ കണ്ണുകൾ, കൈകാലുകൾ എന്നിവ നഷ്ടപ്പെട്ടവർക്കും 60 ശതമാനത്തിൽ കൂടുതൽ വൈകല്യം ബാധിച്ചവർക്കും 75,000 രൂപ വീതവും 40 ശതമാനം മുതൽ 60 ശതമാനം വരെ വൈകല്യം ബാധിച്ചവർക്ക് 50,000 രൂപ വീതവും സിഎംഡിആർഎഫിൽനിന്ന് അനുവദിക്കും. ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള 16,000 രൂപയ്ക്കു പുറമേയാണിത്.

സാക്ഷ്യപത്രം അടിസ്ഥാനമാക്കി വയനാട് ഉരുൾപൊട്ടലിൽ മരിച്ചവരുടെ അവകാശികൾക്ക് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്കുള്ള അധികാരത്തിന് വിധേയമായി നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കും. കോവിഡിന്റെ സമയത്ത് സ്വീകരിച്ചതിന് സമാനമായ രീതിയാണിത്. ഇതനുസരിച്ചു പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് കൂടാതെതന്നെ ഭാര്യ, ഭർത്താവ്, മക്കൾ, മാതാപിതാക്കൾ എന്നിവർക്ക് നഷ്ടപരിഹാരം ലഭിക്കും.

സഹോദരൻ, സഹോദരി എന്നിവർ ആശ്രിതരാണെങ്കിൽ അവർക്കും സഹായം ലഭിക്കും. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം പൂർണമായി ഒഴിവാക്കാനാകും. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനു മുൻപ് ആക്ഷേപമുന്നയിക്കുന്നതിനുള്ള നോട്ടീസ് സമയപരിധിയായ 30 ദിവസമെന്നുള്ളത് പൂർണമായി ഒഴിവാക്കും.

# കാലാവസ്ഥാ മാറ്റം: മൺസൂൺ മഴ 10 ശതമാനം കനത്തു

കോഴിക്കോട്: ചൂരൽമലയിലെ ഉരുൾപൊട്ടലിനു കാരണമായ മഴയുടെ ശക്തി 10 ശതമാനം വർധിക്കാനിടയായതു മനുഷ്യരുടെ ഇടപെടലുകൾ മൂലമുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനമെന്ന് രാജ്യാന്തര പഠനറിപ്പോർട്ട്. സമാനരീതിയിലുള്ള വൻ ഉരുൾപൊട്ടലുകൾക്കു സാധ്യത വർധിച്ചുവരികയാണെന്നും റിപ്പോർട്ടിൽ പറയുന്നു. തീവ്രനാശം വിതയ്ക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചു പഠിക്കുന്ന രാജ്യാന്തര കൂട്ടായ്മയായ 'വേൾഡ് വെതർ ആട്രിബ്യൂഷ'നാണ് പഠനറിപ്പോർട്ട് പുറത്തുവിട്ടത്. ഇന്ത്യ, മലേഷ്യ, യുഎസ്, സ്വീഡൻ, നെതർലൻഡ്സ്, യുകെ തുടങ്ങിയ രാജ്യങ്ങളിലുള്ള 24 ഗവേഷകരാണു പഠനം നടത്തിയത്.

വയനാട്ടിൽ മൺസൂണിൽ ഒരു ദിവസം ലഭിക്കുന്ന മഴയുടെശക്തി 10 ശതമാനത്തോളം കൂടാനിടയായതു കാലാവസ്ഥാ വ്യതിയാനം നിമിത്തമാണ്. ഒറ്റദിവസം പെയ്യുന്ന മഴയുടെ അളവ് ഓരോവർഷം കഴിയുംതോറും നാല് ശതമാനം വീതം വർധിക്കാനാണു സാധ്യതയെന്നും റിപ്പോർട്ടിൽ പറയുന്നു. കാലാവസ്ഥാ വ്യതിയാനത്തിനുമുൻപ് ഇത്തരം കനത്ത മഴ അത്യപൂർവമായിരുന്നു. കഴിഞ്ഞ 50 വർഷത്തിനിടെ അന്തരീക്ഷതാപനിലയിൽ 1.3 ഡിഗ്രി സെൽഷ്യസിന്റെ വർധനയാണ് ഉണ്ടായത്.

ഉരുൾപൊട്ടലുണ്ടായ ദിവസം വയനാട്ടിൽ പെയ്തത് 14 സെന്റിമീറ്റർ മഴയാണെന്നും ഇതു ലണ്ടൻ നഗരത്തിൽ ഒരു വർഷം ലഭിക്കുന്ന മഴയുടെ കാൽഭാഗത്തോളം വരുമെന്നും വേൾഡ് വെതർ ആട്രിബ്യൂഷൻ ഗവേഷണസംഘത്തിലെ അംഗവും ലണ്ടൻ ഇംപീരിയൽ കോളജിലെ ഗ്രാൻഥം ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകയുമായ മറിയം സഖറിയ പറഞ്ഞു. മൺസൂൺ മഴയിൽ മണ്ണു പരമാവധി കുതിർന്നിരിക്കുന്ന അവസ്ഥയിലാണ് ഒരു ദിവസത്തിനുള്ളിൽ കനത്ത മഴ പെയ്തത്. കേരളത്തിൽ പെയ്ത ഏറ്റവും കനത്ത മഴകളിൽ മൂന്നാമത്തേതാണ് ഈ ദിവസം ലഭിച്ചത്.






# ഇലക്ഷൻ സുതാര്യം; ഫോമായുടെ കുതിപ്പിൽ അഭിമാനം: ബേബി ഊരാളിൽ


സൂരജ് കെ.ആർ.



**ഫോമാ തെരഞ്ഞെടുപ്പിനെപ്പറ്റിയും സംഘടനയുടെ നേട്ടങ്ങളെപ്പറ്റിയും മുഖ്യ ഇലക്ഷൻ കമ്മീഷണറും മുൻ പ്രസിഡണ്ടുമായ ബേബി ഊരാളിൽ തിരിഞ്ഞുനോക്കുന്നു.**

**ഫോമാ തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുപ്പ് കമ്മീഷണർ എന്ന ഉത്തരവാദിത്തപ്പെട്ട സ്ഥാനത്തിരുന്ന് ഇലക്ഷൻ നടത്തുകയുണ്ടായി. എങ്ങനെയായിരുന്നു അത്തരമൊരു ഭാരിച്ച ഉത്തരവാദിത്തം ഏറ്റെടുത്തു നിറവേറ്റിയത്?**

ഫോമായുടെ ഒപ്പം വളരെക്കാലമായി യാത്ര ചെയ്യുന്ന ആളാണ് ഞാൻ. സംഘടനയുടെ മൂന്നാമത്തെ പ്രസിഡണ്ടായും സ്ഥാനം അലങ്കരിച്ചിരുന്നു. അങ്ങനെ തുട



രുന്ന ഈ യാത്രയുടെ ഒരവസരത്തിലാണ് ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ എന്ന സ്ഥാനം തേടിയെത്തിയത്. വളരെ സുതാര്യമായി, പരാതികളില്ലാതെ തെരഞ്ഞെടുപ്പ് നടത്തുക എന്നതു തന്നെയായിരുന്നു വെല്ലുവിളി. കൃത്യമായ പ്ലാനിങ്ങോടെ ഇലക്ട്രോണിക് വോട്ടിംഗ് രീതിയിൽ, സംഘടനയുടെ ഭരണഘടന പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ട് യാതൊരു പരാതിയുമില്ലാതെ ഇത്തവണ തെരഞ്ഞെടുപ്പ് നടത്താൻ എനിക്കും സംഘത്തിനും സാധിച്ചു.

അതിൽ പ്രത്യേകം എടുത്തു പറയേണ്ടത് എനിക്കൊപ്പം തെരഞ്ഞെടുപ്പ് സമിതിയിൽ ഉണ്ടായിരുന്ന അനു സ്കറിയ, മാത്യു ചരുവിൽ എന്നിവരുടെ പ്രവർത്തനത്തെപ്പറ്റിയാണ്. കംപ്യൂട്ടർ പ്രോഗ്രാമറായ അനുവാണ് ഇലക്ട്രോണിക് വോട്ടിങ് സംവിധാനം കുറ്റമറ്റ രീതിയിൽ നടത്താൻ സഹായം നല്കിയത്. ഫോമായുടെ ഭരണഘടനാ നിർമ്മാണത്തിൽ പ്രധാന പങ്കുവഹിച്ചവരിൽ ഒരാളായ മാത്യു ചരുവിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഭരണഘടനയോട് നൂറു ശതമാനം കൂറു പുലർത്തിക്കൊണ്ടാണ് നടക്കുന്നത് എന്ന് ഉറപ്പുവരുത്താനും സഹായിച്ചു. അതോടെ എന്റെ ജോലികൾ എളുപ്പമായി. അങ്ങനെ വോട്ടെടുപ്പ് കഴിഞ്ഞ് അഞ്ചു മിനിറ്റിനുള്ളിൽ തന്നെ യാതൊരു പരാതിക്കും ഇടവരാതെ, സുതാര്യമായി ഫലപ്രഖ്യാപനം നടത്താനും സാധിച്ചു. പൂർണ്ണമായും ഒരു ടീം വർക്ക് ആയിരുന്നു അത്. സംഘടനയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയും വലിയ രീതിയിൽ സഹായം നല്കി.

താഴെപ്പറയുന്നവരോടെല്ലാം ഞങ്ങൾ മൂന്നുപേരും കടപ്പെട്ടിരിക്കുന്നു. ഓജസ് ജോൺ, ബിജു തോണിക്കടവിൽ, ജോസ് മണക്കാട്ട്, സ്റ്റാൻലി കളത്തിൽ, കുര്യാക്കോസ് വർഗീസ്, ജോൺ ടൈറ്റസ്, അനിയൻ ജോർജ്, കുസുമം ടൈറ്റസ്, ബോബി തോമസ്, ബെന്നി വാച്ചാച്ചിറ, ഫിലിപ്പ് ചാമത്തിൽ, ഗ്രേസി ജെയിംസ്, മനോജ് വർഗീസ്, സാബു സ്കറിയ, ഷാജി എഡ്വേർഡ്, ജിബി തോമസ്, ജൂലി ബിനോയ്, സൈജൻ കണിയോടിക്കൽ, സുനിത അനീഷ്, ഫ്രാൻസിസ് മാത്യു, ചെറിയാൻ കോശി, ഷിബു വർഗീസ്, അനിൽ പുത്തൻചിറ, ജെയിംസ് ജോർജ്, ലിജോ ജോർജ് എന്നിവർ.

**അമേരിക്കൻ പ്രവാസിയായി മാറുന്നത് എങ്ങനെയാണ്?**

50 വർഷം മുമ്പ് 1973-ലാണ് ഞാൻ അമേരിക്കയിലെത്തുന്നത്. എന്റെ 19-ാം വയസിൽ പഠനാവശ്യത്തിനായിട്ടായിരുന്നു അത്. കോട്ടയം മോനിപ്പള്ളിയിലെ ഒരു സാധാരണ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. മൂത്ത സഹോദരി ഗ്രേസി ജെയിംസ് ആണ് സ്പോൺസർ ചെയ്തത്. എന്റെ അങ്കിളും കാഞ്ഞിരപ്പള്ളി സെ. ഡൊമിനിക്സ് കോളജ്, ഉഴവൂർ സെ. സ്റ്റീഫൻസ് കോളജ് എന്നിവിടങ്ങളിൽ പ്രിൻസിപ്പലുമായിരുന്ന മോൺ. പീറ്റർ ഊരാളിൽ ആണ് സംഘടനാ പ്രവർത്തനങ്ങൾക്ക് മാതൃകയായത്. ഇവിടെ മെഡിക്കൽ ടെക്നോളജി പഠനശേഷം കുറച്ചുകാലം ആ രംഗത്ത് ജോലി ചെയ്യുകയും പിന്നീട് മെഡിക്കൽ ലാബുകൾ ആരംഭിച്ച് ബിസിനസിലേക്ക് കടക്കുകയും ചെയ്തു.

**ഫോമായുടെ ഒപ്പമുള്ള യാത്രയുടെ ആരംഭം എങ്ങനെയായിരുന്നു?**

ഫോമായുടെ ആദ്യകാലം മുതൽ സംഘടനയിൽ ഉണ്ടായിരുന്ന എന്നെ മൂന്നാമത്തെ പ്രസിഡണ്ടായി പിന്നീട് തെരഞ്ഞെടുത്തു. ആരംഭകാലത്ത് വലിയ വെല്ലുവിളികൾ ഉണ്ടായിരുന്നെങ്കിലും സെക്രട്ടറി ബിനോയ് തോമസ്, ട്രഷറർ ഷാജി എഡ്വേർഡ് എന്നിവരുടെ അകമഴിഞ്ഞ സഹകരണത്താൽ ഫോമായുടെ ആദ്യ ക്രൂസ് കൺവൻഷൻ നടത്താൻ ഞങ്ങൾക്ക് സാധിച്ചു. കാലക്രമേണ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനയായി ഫോമാ മാറി. കോവിഡ് കാലത്ത് കൺവൻഷൻ നടത്താൻ സാധിച്ചില്ലെങ്കിലും അന്നത്തെ പ്രസിഡണ്ടായിരുന്ന രാജു ചാമത്തിലിന്റെ നേതൃത്വത്തിൽ 50 പേർക്ക് വീടുകൾ വെച്ചുകൊടുക്കാൻ സംഘടനയ്ക്കായി. തിരുവനന്തപുരം കാൻസർ ചികിത്സാ ആശുപത്രിയിലെ വാർഡിൽ പുതിയ റൂം നിർമ്മിക്കാൻ സഹായം ചെയ്യാനും സാധിച്ചു.

ഇപ്പോൾ സ്ഥാനമൊഴിഞ്ഞ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസിന്റെ നേതൃത്വത്തിൽ നടത്തിയ കൺവൻഷനിൽ 170 സ്പോൺസർമാരെ ലഭിക്കുക എന്ന വലിയ നേട്ടവും ഉണ്ടായിരുന്നു. സാധാരണയായി പത്തോ പതിനഞ്ചോ സ്പോൺസർമാരെയാണ് കൺവൻഷനുകൾക്ക് ലഭിച്ചിരുന്നത്. ഈ 170 സ്പോൺസർമാരിൽ വലിയൊരു ഭാഗവും സാധാരണക്കാർ ആയിരുന്നു എന്നതും ഫോമായുടെ ജനകീയത വെളിവാക്കുന്നതാണ്. അതിനാൽ വൻ ജനപങ്കാളിത്തവും ഇക്കഴിഞ്ഞ കൺവൻഷനിൽ ഉണ്ടായി.

പുതിയ തെരഞ്ഞെടുപ്പിനു ശേഷം അധികാരമേറ്റ കമ്മിറ്റിയും സംഘടനയുടെ പ്രവർത്തനങ്ങളെ അടുത്ത തലത്തിലേക്ക് കൊണ്ടുപോകാൻ ശേഷിയുള്ളവരാണ്. അതിൽ പലരും ചെറുപ്പക്കാരുമാണ്.

**അമേരിക്കയിലെ പ്രവാസികൾക്കിടയിൽ ഫോമായ്ക്കുള്ള സ്വാധീനം എത്രത്തോളമാണ്?**

പ്രവാസികൾക്ക് എന്ത് പ്രശ്നം വന്നാലും മുന്നിൽനിന്ന് പരിഹരിക്കാൻ ഫോമാ ശ്രദ്ധിക്കാറുണ്ട്. മുമ്പ് പാസ്പോർട്ട് സംബന്ധമായ പ്രശ്നം വന്നപ്പോൾ ഇന്ത്യൻ അധികാരികളുമായി സംസാരിക്കാനും ഫീസ് 250-ൽ നിന്ന് 25 ആക്കി കുറയ്ക്കാനുമെല്ലാം ഫോമായും ഫോമായുടെ ഭാരവാഹികളായ തോമസ് ടി. ഉമ്മനുമെല്ലാമാണ് മുൻകൈയെടുത്തത്. ഒപ്പം കേരളത്തിൽ നിന്നുമുള്ള രാഷ്ട്രീയക്കാർ, മന്ത്രിമാർ എന്നിവരെല്ലാം അമേരിക്കയിൽ സന്ദർശനത്തിനെത്തുമ്പോൾ അവരെ സ്വീകരിക്കാനും നമ്മുടെ പ്രശ്നങ്ങൾ ഉന്നയിക്കാനും ഫോമാ എപ്പോഴും മുന്നിലുണ്ട്. ഈയിടെ ഇവിടം സന്ദർശിച്ച രാഷ്ട്രീയ നേതാക്കളായ മോൻസ് ജോസഫ്, മാത്യു കുഴൽനാടൻ എന്നിവരോട് നാട്ടിൽ അനാഥമായിപ്പോകുന്ന പ്രവാസികളുടെ സ്വത്തുക്കളെപ്പറ്റി ചർച്ച ചെയ്യാനും വേണ്ട നടപടികൾ സ്വീകരിക്കാനും സംഘടന അഭ്യർത്ഥിച്ചിരുന്നു.

**വയനാട് ദുരന്തത്തിൽ ഫോമ ചെയ്യാനുദ്ദേശിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ്?**

ആദ്യഘട്ടത്തിൽ പത്ത് വീടുകൾ നിർമ്മിച്ചു നല്കാനായിരുന്നു സംഘടന തീരുമാനിച്ചിരുന്നത്. എന്നാൽ, പിന്നീട് കൺവൻഷൻ നടത്തിയപ്പോൾ പ്രതീക്ഷിച്ചതിലും അധികം തുക ഫോമായ്ക്കു ലഭിക്കുകയുണ്ടായി. ഈ അധികതുക വയനാട്ടിൽ വീട് നഷ്ടമായ കൂടുതൽ പേരുടെ പുനരധിവാസത്തിന് ഉപയോഗിക്കാനാണ് തീരുമാനമെന്നറിയുന്നു.

**അമേരിക്കയിലെ മലയാളഭാഷയുടെ പ്രചാരണം നിലവിൽ എങ്ങനെയാണ് നടക്കുന്നത്? മാതൃഭാഷയ്ക്ക് പ്രവാസലോകത്തും പ്രാധാന്യം വേണ്ടതല്ലേ?**

അമേരിക്കയിൽ വിവിധ സംഘടനകൾ ഓൺലൈനായി മലയാളം ക്ലാസുകൾ ആരംഭിച്ചത് ഏറെ പ്രതീക്ഷ പകരുന്ന കാര്യമാണ്. തീർച്ചയായും മാതൃഭാഷയെ നാം മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. ഇത്തരം ക്ലാസുകളിൽ പങ്കെടുത്ത പ്രവാസികളുടെ മക്കൾക്ക് നന്നായി ഭാഷ സംസാരിക്കാനും വായിക്കാനും എഴുതാനും സാധിക്കുന്നതിനൊപ്പം അവർ ഭാഷയെ സ്നേഹിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട് എന്നത് വലിയ കാര്യമാണ്.







**അമേരിക്കയിലെ സംഘടനാ പ്രവർത്തനങ്ങൾക്ക് മുമ്പായി കേരളത്തിൽ ചെലവഴിച്ച കാലത്തും രാഷ്ട്രീയ–സംഘടനാ ബന്ധങ്ങൾ ഉണ്ടായിരുന്നോ?**

രാഷ്ട്രീയക്കാരുമായി അന്നും ഇന്നും നല്ല അടുപ്പമുണ്ട്. ഒരു പ്രത്യേക പാർട്ടിയോടുള്ള ആഭിമുഖ്യമല്ല, മറിച്ച് എല്ലാവരുമായും സമദൂരവും നല്ല നേതാക്കളുമായി വ്യക്തിബന്ധവും ഞാൻ കാത്തുസൂക്ഷിക്കുന്നു. കോട്ടയം സ്വദേശിയായതിനാൽ തന്നെ കെ.എം. മാണിയുമായും അദ്ദേഹത്തിന്റെ പാർട്ടിയുമായുമെല്ലാം നല്ല ബന്ധമായിരുന്നു. ഇപ്പോഴും മകൻ ജോസ് കെ. മാണിയുമായി വ്യക്തിബന്ധം കാത്തുസൂക്ഷിക്കുകയും നാട് സന്ദർശിക്കുമ്പോൾ മാണിസാറിന്റെ വീടും കുടുംബത്തെയും സന്ദർശിക്കുകയും ചെയ്യുന്നു. മറ്റൊരു നേതാവായ മോൻസ് ജോസഫുമായും നല്ല അടുപ്പമാണ്. അതോടൊപ്പം തന്നെ കമ്മ്യൂണിസ്റ്റ് നേതാക്കളുമായും വ്യക്തിബന്ധങ്ങളുണ്ട്.

**കുടുംബത്തെപ്പറ്റി**

ഭാര്യ സലോമി ആർ.എൻ. മകൻ ഷോബിൻ കാലിഫോർണിയയിലെ ലൈവ്‌ളി എന്ന കമ്പനിയുടെ സ്ഥാപകരിലൊരാൾ. മകൾ ഷാരോൺ ന്യൂയോർക്കിൽ ഇന്റേണൽ മെഡിസിന് സ്പെഷലൈസ് ചെയ്തിരിക്കുന്ന ഡോക്ടർ.

# മതനിരപേക്ഷ സിവിൽകോഡ് അനിവാര്യം: പ്രധാനമന്ത്രി



ചെങ്കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രസംഗിക്കുന്നു

ന്യൂഡൽഹി: മതനിരപേക്ഷമായ വ്യക്തിനിയമം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും നിലവിലുള്ള വ്യക്തിനിയമങ്ങൾ വിവേചനാപരമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ചെങ്കോട്ടയിൽ സ്വാതന്ത്ര്യദിനാഘോഷത്തിൽ ദേശീയപതാക ഉയർത്തി രാജ്യത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി ഏകവ്യക്തിനിയമം, ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് തുടങ്ങിയവയ്ക്കുവേണ്ടി ശബ്ദമുയർത്തി. രാജ്യത്ത് ഏക വ്യക്തിനിയമത്തിന്റെ വിഷയം സുപ്രീംകോടതി ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. നിലവിലെ സിവിൽകോഡ് വിവേചനാപരവും വർഗീയവുമാണെന്നു രാജ്യത്തെ വലിയൊരു വിഭാഗം ആളുകൾ ചിന്തിക്കുന്നുണ്ട്. മാറ്റത്തിനു വേണ്ടി സുപ്രീംകോടതി വാദിക്കുന്നതുപോലെ ഭരണഘടനയുടെ 75-ാം വാർഷികം ആഘോഷിക്കുന്ന ഈ ഘട്ടത്തിൽ ഇക്കാര്യത്തിൽ വിപുലമായ ചർച്ച നടത്തേണ്ടതുണ്ട്.

ഭരണഘടനാ ശില്പികളുടെ കാഴ്ചപ്പാടുകൾ സാക്ഷാത്കരിക്കേണ്ടത് നമ്മുടെ കൂട്ടായ ഉത്തരവാദിത്വമാണ്. രാജ്യത്തെ മതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കുകയും വിവേചനം വളർത്തുകയും ചെയ്യുന്ന നിയമങ്ങൾക്ക് ആധുനിക സമൂഹത്തിൽ സ്ഥാനമില്ല. അതുകൊണ്ട് രാജ്യം മതേതര സിവിൽകോഡ് ആവശ്യപ്പെടേണ്ട സമയമാണിതെന്ന് ഞാൻ ഉറപ്പിച്ചു പറയുന്നു: പ്രധാനമന്ത്രി പറഞ്ഞു. ഏക വ്യക്തിനിയമം നടപ്പാക്കാനുള്ള നീക്കങ്ങൾ ബിജെപി സർക്കാർ നടത്തുന്നതിനിടെയാണ് പ്രധാനമന്ത്രി വീണ്ടും രംഗത്തെത്തിയിരിക്കുന്നത്. ബിജെപി ഭരിക്കുന്ന ഉത്തരാഖണ്ഡിൽ ഏകവ്യക്തിനിയമം നടപ്പാക്കിക്കഴിഞ്ഞു. അസം, ഗുജറാത്ത് എന്നീ ബിജെപി സംസ്ഥാനങ്ങളും ഇതു നടപ്പാക്കുമെന്നു പ്രഖ്യാപിച്ചിട്ടുണ്ട്.

# ശ്രീറാം വെങ്കിട്ടരാമനെതിരെ നരഹത്യാ കുറ്റം ചുമത്തി

തിരുവനന്തപുരം: സിറാജ് ദിനപത്രത്തിന്റെ ബ്യൂറോ ചീഫ് കെ.എം. ബഷീറിനെ വാഹനമിടിപ്പിച്ച് കൊലപ്പെടുത്തിയ കേസിലെ പ്രതി ഐ.എ.എസ്. ഉദ്യോഗസ്ഥൻ ശ്രീറാം വെങ്കിട്ടരാമനെതിരെ വിചാരണക്കോടതി നരഹത്യാ കുറ്റം ചുമത്തി.

കോടതിയിൽ പ്രതിയെ നേരിട്ട് കുറ്റപത്രം വായിച്ചു കേൾപ്പിച്ചാണ് കുറ്റം ചുമത്തിയത്. കുറ്റം ചെയ്തിട്ടുണ്ടോയെന്ന കോടതിയുടെ ചോദ്യത്തിന് താൻ കുറ്റം ചെയ്തിട്ടില്ലെന്ന് ശ്രീറാം പറഞ്ഞു. തുടർന്ന് പ്രതിയെ വിചാരണ ചെയ്യാൻ തിരുവനന്തപുരം ഒന്നാം അഡി. ജില്ലാ സെഷൻസ് കോടതി ജഡ്ജി കെ.പി. അനിൽകുമാർ ഉത്തരവിട്ടു. പ്രതി കുറ്റം ചെയ്തതായി അനുമാനിക്കാൻ പ്രഥമ ദൃഷ്ട്യാലുള്ള തെളിവുകൾ ഉള്ളതായി കോടതി ചൂണ്ടിക്കാട്ടി. അതേ സമയം പ്രതിയുടെ രക്തസാമ്പിൾ എടുക്കൽ വൈകിയതിനാൽ, രക്തത്തിൽ മദ്യത്തിന്റെ അംശം കണ്ടെത്താനാവാത്തതിനാൽ, മദ്യപിച്ച് വാഹനമോടിച്ചെന്ന കുറ്റം ചെയ്തതിന് തെളിവില്ലാത്തതിനാൽ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 185 പ്രതിക്ക് മേൽ ചുമത്താനാകില്ലെന്ന് കോടതി വ്യക്തമാക്കി. വിചാരണ വേഗത്തിലാക്കാൻ വാദി (പ്രോസിക്യൂഷൻ) ഭാഗത്തിനും പ്രതിഭാഗത്തിനും കൂടുതൽ തെളിവു രേഖകൾ ഉണ്ടെങ്കിൽ സെപ്റ്റംബർ ആറിനകം ഹാജരാക്കാൻ കോടതി ഉത്തരവിട്ടു. തനിക്കെതിരായ പോലീസ് കുറ്റപത്രം അടിസ്ഥാന രഹിതമാണെന്ന പ്രതിയുടെ വാദം കോടതി തള്ളി.

വിചാരണ കൂടാതെ കുറ്റവിമുക്തനാക്കി വിട്ടയയ്ക്കാൻ അടിസ്ഥാനമില്ലെന്ന് കോടതി വ്യക്തമാക്കി.

കുറ്റവിമുക്തനാക്കണമെന്നാവശ്യപ്പെട്ട് റിവിഷൻ ഹർജിയുമായി ചെന്ന ശ്രീറാമിന് സുപ്രീംകോടതിയിൽനിന്നും കനത്ത തിരിച്ചടി ഉണ്ടായ സാഹചര്യത്തിലാണ് പ്രതിയെ വിചാരണയ്ക്കായി കോടതി വിളിച്ചുവരുത്തിയത്. 2023 ഓഗസ്റ്റ് 25-നാണ് ശ്രീറാം വിചാരണ നേരിടാൻ സുപ്രീം കോടതി ഉത്തരവിട്ടത്. നരഹത്യ കേസ് നിലനിൽക്കില്ലെന്ന വാദം സുപ്രീംകോടതി തള്ളിയിരുന്നു. സമാനമായ നിലപാട് നേരത്തെ ഹൈക്കോടതിയും സ്വീകരിച്ചിരുന്നു. ഇതിനെതിരെ ശ്രീറാം വെങ്കിട്ടരാമനായിരുന്നു സുപ്രീംകോടതിയെ സമീപിച്ചത്. കുറ്റപത്രത്തിലെ ശാസ്ത്രീയ പരിശോധന റിപ്പോർട്ടിൽ തന്റെ ശരീരത്തിൽ മദ്യത്തിന്റെ അംശമില്ലെന്നും സാധാരണ മോട്ടോർ വാഹന വകുപ്പ് നിയമ പ്രകാരമുള്ള കേസ് മാത്രമാണ് ഇതെന്നുമുള്ള വാദമാണ് ശ്രീറാം ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഉന്നയിച്ചത്.

# വയനാട് ഉരുൾപൊട്ടൽ: 1200 കോടിയുടെ നഷ്ടം

കൊച്ചി: പ്രാഥമിക കണക്ക്പ്രകാരം വയനാട് ഉരുൾപൊട്ടലിൽ 1200 കോടി രൂപയുടെ നഷ്ടമുണ്ടെന്നും 231 മരണം സ്ഥിരീകരിച്ചിട്ടുണ്ടെന്നും സർക്കാർ ഹൈക്കോടതിയിൽ അറിയിച്ചു. വയനാട് ദുരന്തം പോലെ ഇനിയുണ്ടാകാൻ അനുവദിക്കരുതെന്നും ഹൈക്കോടതി. മഴ തുടരുന്ന സാഹചര്യത്തിൽ വേണ്ട മുൻകരുതൽ എടുക്കണമെന്നും പറഞ്ഞു.

ഇനിയും 128 പേരെ കണ്ടെത്താനായിട്ടില്ലെന്ന് അഡ്വക്കറ്റ് ജനറൽ കെ. ഗോപാലകൃഷ്ണകുറുപ്പ് വിശദീകരിച്ചു. 178 പേരുടെ മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടുനല്കി. തിരിച്ചറിയാത്ത 53 മൃതദേഹങ്ങൾ ജില്ലാഭരണകൂടം സംസ്കരിച്ചു. 91 പേരുടെ ഡിഎൻഎ ശേഖരിച്ചു.

വിവിധ ഇടങ്ങളിൽ നിന്ന് 212 ശരീരഭാഗങ്ങൾ കണ്ടെടുത്തു. മേഖലയിലെ 1,055 വീടുകൾ വാസയോഗ്യമല്ലാതായി. 626 ഹെക്ടർ ഭൂമിയിലെ കൃഷി നശിച്ചു. 226 കന്നുകാലികൾ ചത്തു. മൂന്ന് പാലങ്ങൾ രണ്ട് സ്കൂളുകൾ,



തദ്ദേശസ്ഥാപനങ്ങളുടെ 136 കെട്ടിടങ്ങൾ, 209 കടകൾ, മറ്റ് നൂറ് കെട്ടിടങ്ങൾ എന്നിവയും റോഡും വൈദ്യുതി ലൈനുകളും ട്രാൻസ്ഫോമറുകളും തകർന്നു. വിശദ റിപ്പോർട്ട് പിന്നീട് നല്കുമെന്നും അറിയിച്ചു.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഹൈക്കോടതി സ്വമേധയാ എടുത്ത കേസാണ് ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് വി.എം ശ്യാംകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്. ഉരുൾപൊട്ടൽ ദുരന്തത്തിന്റെ കാരണത്തെക്കുറിച്ച് ശാസ്ത്രീയപഠനങ്ങൾ ഉണ്ടായോ എന്ന് കോടതി ചോദിച്ചു.

പുനരധിവാസം ഉൾപ്പെടെയുള്ള നടപടികളുടെ പുരോഗതി ആഴ്ചതോറും അറിയിക്കണമെന്നും നിർദേശിച്ചു. പുനരധിവാസം ഉൾപ്പെടെ നടപടികൾക്കു മുൻഗണന നല്കണമെന്നും സമാന ദുരിതം ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ പിന്നാലെതന്നെ വേണമെന്നും കോടതി പറഞ്ഞു. മറ്റിടങ്ങളിലും ദുരന്ത സാദ്ധ്യത പഠിച്ചും വിലയിരുത്തിയും ജനങ്ങളുടെ ജീവനും സ്വത്തിനും നഷ്ടം വരാതിരിക്കാൻ നടപടിയെടുക്കണം.

കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം, ദേശീയപാത അഥോറിറ്റി, ജല കമ്മീഷൻ, ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ്, നാഷണൽ റിമോട്ട് സെൻസിങ് സെന്റർ എന്നിവയെ കേസിൽ കക്ഷി ചേർത്തു. എല്ലാ വെള്ളിയാഴ്ചയും കേസ് പരിഗണിക്കും.



# ഡാളസിൽ സെ. ജോസഫ് കോൺഗ്രിഗേഷന്റെ കോൺവെന്റ് സ്ഥാപിതമായി

**ബൈജു ആലപ്പാട്ട്**

ഡാളസ്: കോട്ടയം അതിരൂപതയുടെ കീഴിലുള്ള സെ. ജോസഫ് സന്യാസിനി സമൂഹത്തിന്റെ കോൺവെന്റ് ഡാളസിലെ ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവകയിൽ സ്ഥാപിതമായി.

ഹൂസ്റ്റനു ശേഷം അമേരിക്കയിലെ രണ്ടാമത്തെ സെ. ജോസഫ് കോൺവെന്റാണ് ഡാളസിലേത്. കോട്ടയത്ത് നിന്ന് സിസ്റ്റർ സബിത, സിസ്റ്റർ ബെറ്റ്സി, സിസ്റ്റർ ലിബി എന്നീ മൂന്നു സിസ്റ്റേഴ്സ് തങ്ങളുടെ പുതിയ കർമ്മഭൂമിയായ ഡാളസിലേക്ക് എത്തിച്ചേർന്നിട്ടുണ്ട്.



ഓഗസ്റ്റ് 18-ന് ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷം ക്നാനായ റീജിയൺ ഡയറക്ടറും ചിക്കാഗോ രൂപതാ വികാരി ജനറാളുമായ മോൺ. തോമസ് മുളവനാൽ കോൺവെന്റിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക വികാരി റവ.ഫാ. ഏബ്രഹാം കളരിക്കൽ സഹകാർമ്മികത്വം വഹിച്ചു. ഹൂസ്റ്റൺ സെ. ജോസഫ് കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ റെജിയും സഹപ്രവർത്തകരായ സിസ്റ്റേഴ്സും ചടങ്ങിൽ സന്നിഹിതരായിരുന്നു.

ക്നാനായ റീജിയണിൽ വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന ഡാളസ് ഇടവകയ്ക്കു സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം കൂടുതൽ ആത്മീയ വളർച്ചയ്ക്കും അഭിവൃദ്ധിക്കും കാരണമാകുമെന്നും ഈ മഠം സ്ഥാപിക്കുവാൻ എല്ലാ അനുവാദവും സഹായവും നല്കിയ കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് പിതാവിനും ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് പിതാവിനും നന്ദി അറിയിക്കുന്നതായി ഫാ. തോമസ് മുളവനാൽ തന്റെ അനുഗ്രഹപ്രഭാഷണത്തിൽ പറഞ്ഞു.

ഈ കോൺവെന്റ് രൂപീകരിക്കുവാൻ സാമ്പത്തിക സഹായമായും ധാരാളം സമയം ചെലവഴിക്കുകയും പ്രാർത്ഥനാസഹായം നല്കുകയും ചെയ്ത ഡാളസ് ഇടവക സമൂഹത്തിനും ഇടവക വികാരി കളരിക്കലച്ചനും കുരുവിള ആൻഡ് ഡെയ്സി ചെമ്മാച്ചേൽ ഫാമിലിക്കും സുപ്പീരിയർ സിസ്റ്റർ സബിത നന്ദി രേഖപ്പെടുത്തി.

# ക്നാനായ റീജിയൻ വിശ്വാസ പരിശീലന വർഷം ഉദ്ഘാടനം ചെയ്തു

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ക്നാനായ റീജിയനിലെ 2024-2025 അക്കാഡമിക് വർഷത്തെ വിശ്വാസ പരിശീലനത്തിനു തുടക്കം കുറിച്ചുകൊണ്ട് വിശ്വാസ പരിശീലന വർഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. അൾജീരിയയുടെയും ടുണീഷ്യയുടെയും വത്തിക്കാൻ സ്ഥാനപതിയായി സ്ഥാനം ഏറ്റെടുത്തതിനു ശേഷം ആദ്യമായി അമേരിക്കയിൽ എത്തുന്ന കോട്ടയം അതിരൂപതാംഗമായ ആർച്ച്ബിഷപ് മാർ കുര്യൻ വയലുങ്കൽ പിതാവാണ് ചിക്കാഗോയിലെ ബെൻസൻവിൽ ഇടവകയിൽ ഉദ്ഘാടനം നിർവഹിച്ചത്. ഓഗസ്റ്റ് 17-ന് ശനിയാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷമായിരുന്നു ചടങ്ങുകൾ ക്രമീകരിച്ചത്. പുതുതായി രൂപപ്പെടുത്തിയ വിശ്വാസ പരിശീലന ലോഗോയും പ്രകാശനം ചെയ്തു. ക്നാനായ റീജിയൻ വികാരി ജനറാൽ മോൺ. തോമസ് മുളവനാൽ, ക്യാറ്റിക്കിസം ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ, ക്നാനായ റീജിയണൽ മതബോധന ഡയറക്ടർമാരുടെ സെക്രട്ടറിയായി സജി പൂതൃക്കയിൽ എന്നിവർ സന്നിഹിതരായിരുന്നു. ക്നാനായ റീജിയണിലെ വിവിധ ഇടവകകളിലും മിഷനുകളിലും ഈ വർഷത്തെ വിശ്വാസപരിശീലനം ഈ മാസം ആരംഭിക്കും. ബെൻസൻവിൽ ഇടവക കൈക്കാരന്മാരായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപറമ്പിൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.







# ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ കോടതി കൊല്ലത്ത്



കൊച്ചി: കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ ഡിജിറ്റൽ കോടതികൾ സഹായിക്കുമെന്ന് സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് ഭൂഷൺ രാംകൃഷ്ണ ഗവായ്. കേരള ഹൈക്കോടതിയിൽ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് പ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലത്ത് സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ കോടതിയുടെയും മറ്റ് നിരവധി ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ആർട്ടിഫിഷൽ ഇന്റലിജൻസിന്റെ സഹായത്തോടെ വിധിന്യായങ്ങൾ വിവിധ ഭാഷകളിൽ ലഭ്യമാക്കാനും നിരവധി പേർക്ക് അനായാസം വായിക്കാനും സാധിക്കും. എന്നാൽ ആർട്ടിഫിഷൽ ഇന്റലിജൻസ് മനുഷ്യബുദ്ധിക്കു പകരമാകില്ല. നിയമവശങ്ങളും ശിക്ഷകളും സംബന്ധിച്ച വിവരങ്ങൾ ഫീഡ് ചെയ്തു നൽകിയാൽ ആർട്ടിഫിഷൽ ഇന്റലിജൻസിന് തീരുമാനമെടുക്കാനാകില്ല. മനുഷ്യബുദ്ധിയുടെ പ്രയോഗം ഇക്കാര്യത്തിൽ നിർണായകമാണെന്നും ജസ്റ്റിസ് ഗവായ് പറഞ്ഞു.

ഇരകൾക്കു സമയബന്ധിതമായ നീതി ഉറപ്പാക്കുന്നതിന് പ്രത്യേക കോടതികൾ സഹായിക്കുമെന്ന് ചടങ്ങിൽ പ്രത്യേക കോടതികളുടെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കവെ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. എസ്സി/എസ്ടി (പിഒഎ) നിയമത്തിന് കീഴിലുള്ള കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക കോടതിയും അനധികൃത സാമ്പത്തിക തട്ടിപ്പുകൾ തടയുന്നതു സംബന്ധിച്ച് ബഡ്സ് നിയമത്തിനു കീഴിലുള്ള കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക കോടതിയുമാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്. പരമ്പരാഗത കോടതികളിലെ തിരക്ക് കുറയ്ക്കുകയാണ് ഡിജിറ്റൽ കോടതിക്കു പിന്നിലുള്ള ലക്ഷ്യമെന്ന് ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖ് പറഞ്ഞു.

# പ്രശസ്ത സാഹിത്യകാരൻ ഏബ്രഹാം തെക്കേമുറി അന്തരിച്ചു



ഡാളസ്: മലയാള സാഹിത്യത്തിന് ഊടുംപാവുമേകിയ സാഹിത്യകാരൻ, അമേരിക്കൻ മലയാളികളുടെ കഥ പറയുന്ന കഥാകാരൻ പ്രശസ്തനായ ഏബ്രഹാം തെക്കേമുറി റിച്ചാർഡ്സൺ മെതഡിസ്റ്റ് ഹോസ്പിറ്റലിൽ വെച്ച് അന്തരിച്ചു. രാവിലെയുണ്ടായ ദേഹാസ്വാസ്ഥ്യത്തെ തുടർന്നായിരുന്നു ആശുപത്രിയിലാക്കിയത്. കുടുംബാംഗങ്ങളും സുഹൃത്തുക്കളും മരണസമയത്ത് അടുത്തുണ്ടായിരുന്നു.

# ട്രംപ് മനസ്സ് പിഞ്ചു മനസ്സ്

**ഡോമി തറയിൽ**

എഴുപത്തിയെട്ടു വയസ്സായ ഡോണൾഡ് ട്രംപിന് ഇപ്പോഴും പിഞ്ചു മനസ്സാണ്. നമ്മളൊക്കെ ചെറിയ ക്ലാസിലൊക്കെ പഠിക്കുന്ന കാലത്ത് മറ്റു കുട്ടികളെ ഇരട്ടപ്പേരു വിളിച്ചു കളിയാക്കുമായിരുന്നില്ലേ. അതുപോലെ ട്രംപ് തന്റെ രാഷ്ട്രീയ എതിരാളികളെ ഇരട്ടപ്പേരു വിളിച്ചു കളിയാക്കുന്നത് നാം ദിവസവും കേൾക്കുന്നില്ലേ? സ്റ്റീപ്പി ജോ, ക്രൂക്കഡ് ഹിലരി, ക്രേസി നാൻസി, പോൾകഹോണ്ടസ്, ഡിസാൻകറ്റിമോണിസ്, സ്ലോപ്പി ക്രിസ്റ്റി, ലയിൻ കമല അങ്ങനെ എത്ര എത്ര പേരുകൾ. തന്റെ ഓരോ എതിരാളിക്കും പറ്റിയ ഇരട്ടപ്പേരു കണ്ടുപിടിക്കുന്നതിന് അദ്ദേഹത്തിനുള്ള വൈഭവം അഭിനന്ദനാർഹമാണ്. ഒരു പ്രസിഡണ്ടിന് ഉണ്ടായിരിക്കേണ്ട അത്യാവശ്യം സിദ്ധികളിൽ ഒന്നാണത്.

പിന്നെ തന്റെ റാലികൾക്കു വരുന്ന ജനാവലിയുടെ വലിപ്പം പുള്ളിക്കാരന് വലിയ ബലഹീനതയാണ്. ആരെങ്കിലും തന്റെ ഒരു റാലിക്ക് ആളു കുറഞ്ഞുപോയെന്നെങ്ങാനും പറഞ്ഞാൽ ട്രംപിനു ഹാലിളകും. പിന്നെ തന്റെ റാലികൾക്കാണ് ഏറ്റവും കൂടുതൽ ആളുകൾ വരുന്നതെന്നു പറഞ്ഞു സ്ഥാപിക്കാനുള്ള തത്രപ്പാടാണ്. പറഞ്ഞു പറഞ്ഞു മാർട്ടിൻ ലൂഥർ കിങ്ങിന്റെ ഐതിഹാസികമായ അറ്റ്ലാന്റയിലെ പ്രസംഗം കേൾക്കാൻ വന്നതിലും കൂടുതൽ പേർ തന്റെ 2021 ജനുവരി 26-ലെ വാഷിങ്ടണിലെ കുപ്രസിദ്ധമായ പ്രസംഗം കേൾക്കാനെത്തിയെന്നു വരെ അടിച്ചുവിട്ടു, പിന്നല്ലാതെ. ഏഴു വർഷം മുമ്പ് താൻ പ്രസിഡണ്ട് സ്ഥാനമേറ്റെടുത്തപ്പോൾ വാഷിങ്ടണിൽ എത്തിയ ജനാവലി ഒബാമയ്ക്ക് വേണ്ടി എത്തിയതിനേക്കാൾ കുറവായിരുന്നു എന്ന് ഏതോ വിവരമില്ലാത്ത ന്യൂസ് ചാനലുകാർ വിളിച്ചു പറഞ്ഞത് ട്രംപിനെ വല്ലാതെ ചൊടിപ്പിച്ചു. ആ വാർത്ത തെറ്റായിരുന്നെന്നും തന്റെ സ്ഥാനമേറ്റെടുപ്പിനായിരുന്നു കൂടുതൽ ആളുകൾ വന്നതെന്നും സ്ഥാപിക്കുവാൻ അദ്ദേഹം ഇപ്പോഴും അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. യേശുവിന്റെ മലയിലെ പ്രസംഗത്തിന് ഉണ്ടായിരുന്നതിന്റെ എത്രയോ ഇരട്ടി തന്റെ പ്രസംഗം കേൾക്കാൻ എത്തുന്നുണ്ടെന്ന് അദ്ദേഹം പറയുവാനും സാദ്ധ്യതയുണ്ട്.

ട്രംപിന്റെ മറ്റൊരു വൈദഗ്ദ്ധ്യം നുണപറച്ചിലിലാണ്. പകൽപോലെ വ്യക്തമായ കാര്യങ്ങൾപോലും നുണയായി അവതരിപ്പിക്കാൻ ഒരു ഉളുപ്പുമില്ല ആശാന്. കഴിഞ്ഞ നാലു വർഷംകൊണ്ട് തന്നെ 30573 നുണകൾ ട്രംപ് അടിച്ചുവിട്ടിട്ടുണ്ടെന്നാണ് കണക്ക്. ട്രംപിന്റെ നുണകളുടെ കണക്കു സൂക്ഷിക്കുവാൻ പോലും ആളുണ്ട് കേട്ടോ. അത് ഒരുപക്ഷേ ലോകത്തിലെ ഏറ്റവും വ




ലേഖകൻ

ലിയ നുണയായി ഗിന്നസ് ബുക്കിൽ ഇടം നേടുവാൻ അദ്ദേഹത്തെ സഹായിക്കും. 2020-ൽ വ്യക്തമായ ഭൂരിപക്ഷത്തോടെ ജോ ബൈഡൻ ജയിച്ചെങ്കിലും യഥാർത്ഥത്തിൽ താനാണ് ജയിച്ചതെന്ന് ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുകയും തന്റെ അനുയായികളെ അതു വിശ്വസിപ്പിക്കുകയും ചെയ്യുന്ന ട്രംപിന്റെ നുണചാതുര്യം അവിശ്വസനീയം തന്നെ. ഇപ്പോഴും താൻ തന്നെയാണ് പ്രസിഡണ്ട് എന്ന് അദ്ദേഹത്തിന്റെ പിഞ്ചു മനസ്സ് മന്ത്രിക്കുന്നുണ്ടാവാം.

പിന്നെ സ്ത്രീവിഷയത്തിൽ ട്രംപിനുള്ള വൈഭവം പ്രത്യേകം പറയേണ്ടതില്ലല്ലോ. സുന്ദരിമാരായ ഭാര്യമാർക്ക് പ്രായമേറുമ്പോൾ അവരെ മാറ്റി ചെറുപ്പക്കാരികളും കൂടുതൽ സുന്ദരിമാരുമായ പുതിയ ഭാര്യമാരെ സ്വീകരിക്കുക; ആഹാ, ലൈഫ് ഈസ് ബ്യൂട്ടിഫുൾ! ഇപ്പോഴത്തെ ഭാര്യ മിലേനിയയ്ക്ക് 54 വയസ്സായിരിക്കുന്നു. ട്രംപിനെ സംബന്ധിച്ചിടത്തോളം അതല്പം കൂടുതലല്ലേ എന്നൊരു സംശയം. ഹോളിവുഡ് ആക്സസ് ടേപ്പും സ്റ്റോർമി ഡാനിയേലുമായുള്ള ഇടപാടുകളൊക്കെ വെറുതെ പറഞ്ഞുണ്ടാക്കിയതല്ലേ? അതൊക്കെ ആരു വിശ്വസിക്കാൻ. ഇവാങ്ക അതിസുന്ദരിയാണെന്നും തന്റെ മകളല്ലായിരുന്നെങ്കിൽ അവളെ ഞാൻ ഡേറ്റ് ചെയ്യുമായിരുന്നു എന്നും ട്രംപ് പറയുകയുണ്ടായി. സ്വന്തം മകളെ ഇതുപോലെ പ്രശംസിക്കുന്ന എത്ര പിതാമഹന്മാരുണ്ട് ഈ നാട്ടിൽ!

ഇതൊക്കെ വെച്ചു നോക്കുമ്പോൾ അമേരിക്കയുടെ പ്രസിഡണ്ടാകുവാൻ ഏറ്റവും യോഗ്യൻ ട്രംപ് തന്നെയാണ്. ഈ രാജ്യത്ത് വളർന്നുവരുന്ന കുട്ടികൾക്ക് മാതൃകയാകുവാൻ ഇതിലും നല്ലൊരു വ്യക്തിത്വം വേറെ ആരുണ്ട്?

# തോമസ് പണിക്കർ അന്തരിച്ചു



ചിക്കാഗോ: കുണ്ടറ തെക്കേപുരയിൽ പരേതനായ എൻ.എൻ. പണിക്കരുടെയും തങ്കമ്മ പണിക്കരുടെയും മകൻ തോമസ് പണിക്കർ (78) ന്യൂജേഴ്സിയിൽ അന്തരിച്ചു. ഭാര്യ: ശാന്തമ്മ പണിക്കർ. മക്കൾ: സിൻസി ഏബ്രഹാം, റിൻസി തോമസ്, ലിൻസി പണിക്കർ. മരുമക്കൾ: റിൻ ഏബ്രഹാം, ജോസ് തോമസ്. സഹോദരങ്ങൾ: പരേതയായ മറിയാമ്മ പണിക്കർ, രാജു പണിക്കേഴ്സൺ, ജില്ലറ്റ് പണിക്കർ, ഗ്രേസ് തോമസ്, ജോൺ പണിക്കർ, ജോർജ് പണിക്കർ, ഐസക് പണിക്കർ.

ഓഗസ്റ്റ് 20-ന് ചൊവ്വാഴ്ച വൈകുന്നേരം 5 മണി മുതൽ എൽമേഴ്സ്റ്റ് സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ പൊതുദർശനവും 21-ന് ബുധനാഴ്ച രാവിലെ 9 മണിക്ക് പ്രാർത്ഥനയും മറ്റു ശുശ്രൂഷകൾക്കും ശേഷം 11 മണിയോടെ ഡേരിയനിൽ (Darien) Clarinton Hill സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കുന്നതുമാണ്.






# ഇന്ത്യയുടെ 78–ാമത് സ്വാതന്ത്ര്യദിനം മാഗ് ആഘോഷിച്ചു

ഹൂസ്റ്റൺ: ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ 78-ാമത് വാർഷിക ദിനത്തോടനുബന്ധിച്ച് മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (മാഗ്) സംഘടിപ്പിച്ച സ്വാതന്ത്ര്യ ദിനാഘോഷത്തിൽ മേയർ കെൻ മാത്യു, ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, ജഡ്ജ് ജൂലി മാത്യു എന്നിവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ സംഘടനയുടെ വൈസ് പ്രസിഡണ്ട് സൈമൺ വളാച്ചേരിൽ ഇന്ത്യൻ ദേശീയ പതാക ഉയർത്തി. ഓഗസ്റ്റ് 15-ാം തീയതി രാവിലെ 9 മണിക്ക് സ്റ്റാഫോർഡിലെ കേരള ഹൗസിലായിരുന്നു പരിപാടികൾ.

**അജു വാരിക്കാട്**

“കോളനി വക്താക്കളുടെ കൊടിയ പീഡനങ്ങളിൽ നിന്ന് മോചിക്കപ്പെട്ട ഇന്ത്യയുടെ ത്യാഗങ്ങളുടെയും പോരാട്ടങ്ങളുടെയും ഓർമ്മ പുതുക്കൽ കൂടിയാണ് ഓരോ സ്വാതന്ത്ര്യദിനവും. നിരവധി ധീരനേതാക്കൾ അവരുടെ ജീവൻ പണയപ്പെടുത്തിയാണ് ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിത്തന്നത്. സഹനത്തിന്റെയും ചെറുത്തുനില്പിന്റെയും അതിജീവനത്തിന്റെയുമൊക്കെ സ്മരണ തുളുമ്പുന്ന ശുഭനിമിഷമാണിത്” ചടങ്ങിൽ ആദ്ധ്യക്ഷ്യം വഹിച്ച സൈമൺ വളാച്ചേരിൽ പറഞ്ഞു. ലോകമെമ്പാടുമുള്ള ഇന്ത്യൻ ജനതയെ സംബന്ധിച്ച് നമ്മുടെ വീരോചിതമായ സ്വാതന്ത്ര്യ സമരത്തിന്റെ ചരിത്രം ഏറ്റവും ആവേശകരമായ ഒരു ഏടാണ്. ഈ അവിസ്മരണീയ ദിനത്തിൽ, നമുക്ക് നമ്മുടെ വീരനായകന്മാരെ ആദരിക്കാം. അവർ നമുക്കുവേണ്ടി നേടിയ സ്വാതന്ത്ര്യത്തെ ഹൃദയത്തിലേറ്റി ആഘോഷിക്കാം. ഈ സന്തോഷവേളയിലും നമുക്കു ചുറ്റും നികത്താനാവാത്തൊരു ദുഃഖം തളം കെട്ടിക്കിടക്കുന്നു. അത് വയനാട്ടിലെ ഉരുൾപൊട്ടലാണ്. ഈ പ്രകൃതിദുരന്തത്തിൽ ജീവൻ പൊലിഞ്ഞവരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേരാം. ഒപ്പം ഉറ്റവരെയും ഉടയവരെയുമെല്ലാം നഷ്ടപ്പെട്ട് ജീവിതത്തിലേക്ക് തിരിച്ചുവരാൻ വേദനിക്കുന്നവർക്ക് കൈത്താങ്ങാകുകയും ചെയ്യാം: അദ്ദേഹം കൂട്ടിച്ചേർത്തു.

ഹൂസ്റ്റണിലെ വിവിധ ഭാഗങ്ങളിൽ നിന്നും ഇന്ത്യൻ-അമേരിക്കൻ സമൂഹത്തെ പ്രതിനിധീകരിക്കുന്ന പ്രമുഖരുടെ സാന്നിദ്ധ്യം കൊണ്ട് സ്വാതന്ത്ര്യ ദിന പരിപാടികൾ വേറിട്ടുനിന്നു. വയനാട് ഉരുൾപൊട്ടലിൽ ഒരു രാത്രികൊണ്ട് ഒരു നാട് ഒന്നാകെ ഇല്ലാതായതിനെ സ്മരിച്ചുകൊണ്ട് ആരംഭിച്ച പരിപാടിയിൽ മാഗ് വൈസ് പ്രസിഡണ്ട് സൈമൺ വളാച്ചേരിൽ ആണ് അദ്ധ്യക്ഷത വഹിച്ചത്. മാഗ് പിആർഒ അജു വരിക്കാട് സ്വാഗതം ആശംസിച്ചു.




സ്റ്റാഫോർഡ് മെയർ കെൻ മാത്യു, ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, ജഡ്ജ് ജൂലി മാത്യു എന്നിവരുടെ സാന്നിദ്ധ്യത്തിൽ മുഖ്യാതിഥിയായ കോൺഗ്രസിന്റെ യുവനേതാവും 2021 മുതൽ മൂവാറ്റുപുഴയിൽ നിന്നുള്ള നിയമസഭാംഗവുമായ ഡോ. മാത്യു കുഴൽനാടൻ ആണ് അമേരിക്കൻ പതാക ഉയർത്തിയത്. പതാക ഉയർത്തലിനുശേഷം ഡോ. മാത്യു കുഴൽനാടൻ മുഖ്യപ്രഭാഷണം നടത്തുകയും തുടർന്ന് മേയർ കെൻ മാത്യു ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, ജഡ്ജ് ജൂലി മാത്യു എന്നിവരും ചടങ്ങിൽ ആശംസകൾ അറിയിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ മഹത്വവും ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിന്റെ ശക്തമായ ബന്ധങ്ങളുടെ പ്രാധാന്യവും ഉയർത്തിക്കാട്ടി ഡോ. മാത്യു കുഴൽനാടൻ നടത്തിയ പ്രസംഗം ശ്രദ്ധേയമായിരുന്നു.

മാഗ് ട്രസ്റ്റി ബോർഡ് ചെയർമാൻ വിനോദ് വാസുദേവൻ, ഫോമായുടെ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ഫോമായുടെ സ്ഥാപകപ്രസിഡണ്ട് ശശിധരൻ നായർ എന്നിവർ സ്വാതന്ത്ര്യ ദിന ആശംസകൾ അറിയിച്ചു. ഫോമായുടെ പ്രസിഡണ്ട് ബേബി മണക്കുന്നേൽ പ്രത്യേക അതിഥിയായി ചടങ്ങിൽ പങ്കെടുത്തു. പരിപാടിയുടെ കോ-ഓർഡിനേറ്ററായിരുന്ന ലതീഷ് കൃഷ്ണന്റെ മികവാർന്ന അവതരണം ചടങ്ങിന് ഒരു സമഗ്രത നല്കി. ജോ. സെക്രട്ടറി പൊടിയമ്മ പിള്ള നന്ദി പ്രകാശിപ്പിച്ചു. ജോർജ് തെക്കേമലയാണ് (മീഡിയ) പരിപാടിയുടെ മീഡിയ കവറേജ് നിയന്ത്രിച്ചത്. പരിപാടികൾക്കു ശേഷം പങ്കെടുത്ത എല്ലാവർക്കും പ്രാതൽഭക്ഷണം ഒരുക്കിയിരുന്നു.

# സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിക്ക് ഒരുക്കമായി

പാലാ: സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 22 മുതൽ 25 വരെ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലും സെന്റ് തോമസ് കോളജ് ക്യാംപസിലുമായി നടത്തും. എപ്പിസ്കോപ്പൽ അസംബ്ലിയുടെ ഒരുക്കങ്ങൾ പൂർത്തിയായതായി കമ്മിറ്റി കൺവീനർ ബിഷപ് മാർ പോളി കണ്ണൂക്കാടൻ, ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് എന്നിവർ പറഞ്ഞു.

22-നു വൈകിട്ട് അഞ്ചിനു ആരംഭിക്കുന്ന അസംബ്ലി 25-ന് ഉച്ചയ്ക്ക് ഒന്നിനു സമാപിക്കും. 80 വയസ്സിൽ താഴെയുള്ള 50 ബിഷപ്പുമാരും 34 മുഖ്യ വികാരി ജനറൽമാരും 74 വൈദിക പ്രതിനിധികളും 146 അൽമായരും 37 സമർപ്പിത സഹോദരിമാരും ഏഴ് ബ്രദേഴ്സും ഉൾപ്പെടെ 348 പേരാണ് എപ്പിസ്കോപ്പൽ അസംബ്ലിയിൽ പങ്കെടുക്കുന്നത്. 23-നു രാവിലെ സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിലിന്റെ മുഖ്യ കാർമികത്വത്തിൽ കുർബാന. ഒൻപതിനു ചേരുന്നു സമ്മേളനം ഇന്ത്യയുടെ അപ്പസ്തലിക് ന്യൂൺ ഷോ ആർച്ച് ബിഷപ് ലിയോ പോൾദോ ജിറെല്ലി ഉദ്ഘാടനം ചെയ്യും. കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുഗ്രഹ പ്രഭാഷണം നടത്തും.

ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ, ഫാ. ഡോ. തോമസ് മേൽവെട്ടം, ഡോ. പി.സി. അനിയൻകുഞ്ഞ്, ഫാ. മാത്യു വാഴയിൽ എന്നിവർ പ്രബന്ധം അവതരിപ്പിക്കും. സീറോ മലബാർ സഭ മുൻ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിക്കുള്ള ആദരം സമർപ്പിക്കും. തുടർന്ന് പ്രഫ. കെ.എം. ഫ്രാൻസിസ്, ഫാ. ഡോ. സിബിച്ചൻ ഒറ്റപ്പുരയ്ക്കൽ, ഫാ. ജോമോൻ അയ്യങ്കനാൽ, ഡോ. കൊച്ചുറാണി ജോസഫ് എന്നിവർ പ്രബന്ധം അവതരിപ്പിക്കും.

24-ന് സിസ്റ്റർ ജോസിയ, ഫാ. ടോം ഓലിക്കരോട്ട്, ഡോ. എഫ്. മേരി റെജീന, ഡോ. ചാക്കോ കലാംപറമ്പിൽ എന്നിവർ പ്രബന്ധാവതരണം നടത്തും. 6.30-നു അസംബ്ലിയുടെ അന്തിമ പ്രസ്താവന പുറപ്പെടുവിക്കും.

സമാപന ദിവസമായ 25-നു രാവിലെ ഒൻപതിനു സമാപന സമ്മേളനം. സീറോ മലങ്കര സഭ അധ്യക്ഷൻ കർദിനാൾ ബസേലിയോസ് മാർ ക്ലീമീസ് കാതോലിക്കാ ബാവ, എംപിമാർ, എംഎൽഎമാർ എന്നിവർ പങ്കെടുക്കും. 10.50-നു മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിലിന്റെ കാർമികത്വത്തിൽ കുർബാന. മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ തലവൻ മാർത്തോമ്മാ മാത്യൂസ് തൃതീയൻ, സിബിസിഐ പ്രസിഡണ്ട് ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, കെആർഎൽസിബിസി പ്രസിഡണ്ടും കോഴിക്കോട് ബിഷപ്പുമായ ഡോ. വർഗീസ് ചക്കാലയ്ക്കൽ എന്നിവർ വിവിധ ദിവസങ്ങളിൽ അനുഗ്രഹ പ്രഭാഷണം നടത്തും.



# ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷന് പുതിയ ഭാരവാഹികൾ

**രാജു പൊന്നോലിൽ**

ന്യൂയോർക്ക്: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയിലെ മാധ്യമ പ്രവർത്തകരുടെ ദേശീയ സംഘടനയായ ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ, നോർത്ത് അമേരിക്കൻ ചാപ്റ്റർ ഭാരവാഹികളെ തെരഞ്ഞെടുത്തു.



പാസ്റ്റർ റോയി വാകത്താനം (പ്രസിഡണ്ട്), രാജൻ ആര്യപ്പള്ളി (വൈസ് പ്രസിഡണ്ട്), നിബു വെള്ളവന്താനം (ജനറൽ സെക്രട്ടറി), സാം മാത്യു (ജോ.സെക്രട്ടറി), പാസ്റ്റർ ഉമ്മൻ എബനേസർ (ട്രഷറർ), രാജു പൊന്നോലിൽ (പബ്ലിസിറ്റി കൺവീനർ) എന്നിവരാണ് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ.

ബോസ്റ്റണിൽ നടന്ന 19-ാമത് ഐപിസി ഫാമിലി കോൺഫറൻസിൽ വെച്ചാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.

ദേശീയ ഭാരവാഹികളായ പാസ്റ്റർ സാംകുട്ടി ചാക്കോ, പാസ്റ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ, പാസ്റ്റർ സി.പി. മോനായി എന്നിവർ തെരഞ്ഞെടുപ്പ് ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

# എൽദോസ് പുന്നൂസ് ഐക്യരാഷ്ട്രസഭയിൽ ഇന്ത്യയുടെ പ്രതിനിധി കൗൺസിലർ

**നിബു വെള്ളവന്താനം**



ന്യൂയോർക്ക്: ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ പ്രതിനിധി കൗൺസിലറായി ചെങ്ങന്നൂർ കല്ലിശ്ശേരി മഴുക്കീർ സ്വദേശി എൽദോസ് മാത്യു പുന്നൂസ് ഐഎഫ്എസ് നിയമിതനായി.

കുറ്റിയിൽ കെ.എം. പുന്നൂസിന്റെയും സൂസമ്മ പുന്നൂസിന്റെയും മകനാണ്. ഇന്ത്യയുടെ പ്രതിനിധിയായി ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷനിൽ ഫസ്റ്റ് സെക്രട്ടറിയായി സേവനം ചെയ്തു വരികയായിരുന്നു.


2010-ൽ ഭാരതത്തിന്റെ പരമോന്നത വിദ്യാഭ്യാസ യോഗ്യതയായ ഐഎഫ്എസ് കരസ്ഥമാക്കി. ചെറുപ്രായത്തിൽ തന്നെ ഇന്ത്യയുടെ ഡിപ്ലോമാറ്റായി മാറിയ എൽദോസ് ഡൽഹിയിൽ വിദേശകാര്യ മന്ത്രാലയത്തിൽ സേവനമനുഷ്ഠിച്ചായിരുന്നു ഔദ്യോഗിക തുടക്കം. ഭാര്യ: മേഘ സൂസൻ.

# ജോൺസൺ കണ്ണൂക്കാടൻ: ഫോമാ സെൻട്രൽ റീജിയൻ വൈസ് പ്രസിഡണ്ട്

ചിക്കാഗോ: ലോകത്തിലെ തന്നെ ഏറ്റവും വലിയ സംഘടനയായ ഫോമായുടെ 2024-2026 വർഷത്തേക്കുള്ള സെൻട്രൽ റീജിയന്റെ വൈസ് പ്രസിഡണ്ടായി ജോൺസൺ കണ്ണൂക്കാടൻ സത്യപ്രതിജ്ഞ ചെയ്തു. അതിൽ ഫോമായുടെ ഭാരവാഹികളോടും മറ്റെല്ലാ അംഗങ്ങളോടും പ്രത്യേകിച്ച് വോട്ട് ചെയ്ത് വിജയിപ്പിച്ച എല്ലാ ഫോമാ ഡെലഗേറ്റ്സിനോടും പ്രത്യേകം ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിച്ചുകൊള്ളുന്നു.



ജോൺസൺ കണ്ണൂക്കാടൻ (സെൻട്രൽ റീജിയൻ വൈസ് പ്രസിഡണ്ട്)



ജോർജ് മാത്യു (നാഷണൽ കമ്മിറ്റി മെമ്പർ)



ജോസി കുരിശിങ്കൽ (നാഷണൽ കമ്മിറ്റി മെമ്പർ)



ജോസ് മണക്കാട്ട് (അഡ്വൈസറി വൈസ് ചെയർമാൻ)



ആശ മാത്യു (വിമൻസ് റെപ്രസെന്റേറ്റീവ്)

അതോടൊപ്പം 2024-2026-ലേക്കുള്ള സെൻട്രൽ റീജിയൻ ഭാരവാഹികളായ നാഷണൽ കമ്മിറ്റി മെമ്പർ ജോസി കുരുശിങ്കൽ, ജോർജ് മാത്യു, വിമൻസ് റെപ്രസന്റേറ്റീവ് ആശ മാത്യു, അഡ്വൈസറി വൈസ് ചെയർമാൻ ജോസ് മണക്കാട്ട് എന്നിവരെ സെൻട്രൽ റീജിയൻ വൈസ് പ്രസിഡണ്ടെന്ന നിലയിൽ ഞാൻ പ്രത്യേകം അനുമോദിക്കുന്നു.

അനേകവർഷം ചിക്കാഗോ മലയാളി അസോസിയേഷനിൽ വളരെ ആത്മാർത്ഥമായി പ്രവർത്തിക്കുകയും കോവിഡ് എന്ന മഹാമാരിയുടെ സമയത്ത് മൂന്ന് വർഷം ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് സ്ഥാനം വഹിക്കുകയും തദവസരത്തിൽ ധാരാളം ജനങ്ങൾക്ക് നിരവധി സഹായങ്ങൾ ചെയ്തുകൊടുക്കുവാനും എനിക്ക് സാധിച്ചിട്ടുണ്ട്.

ചിക്കാഗോ മലയാളി അസോസിയേഷന്റെ ചാരിറ്റി ചെയർമാനായി പ്രവർത്തിക്കുന്നതുവഴി നിർധനരായ 21 കുടുംബങ്ങൾക്ക് പുതിയ വീടുകൾ വെച്ചുകൊടുക്കുവാൻ സുമനസ്സുകളായ സുഹൃത്തുക്കളുടെ സഹായത്താൽ സാധിച്ചു.

അനേകം കലാമേളകൾ, കായിക മത്സരങ്ങൾ എന്നിവ നടത്തി വിജയിപ്പിച്ചിട്ടുണ്ട്. ഇനിയും നമ്മുടെ നാട്ടിൽ പ്രകൃതി ദുരന്തങ്ങൾകൊണ്ട് ഏറെ ബുദ്ധിമുട്ടുന്ന സഹോദരങ്ങളെ സഹായിക്കുവാനുള്ള പ്രയത്നത്തിലാണ് ഞാനിപ്പോൾ.

2008-ൽ ഫോമാ ആരംഭിച്ചനാൾ മുതൽ വളരെ ആക്ടീവായി പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ് ഞാൻ. ചെറുതും വലുതുമായ അനേകം സ്ഥാനങ്ങൾ ഏറ്റെടുത്ത് വിജയിപ്പിച്ചിട്ടുണ്ട്. അതിൽ എടുത്തു പറയേണ്ടുന്നവയാണ് 2018-ലെ ഫോമായുടെ നാഷണൽ കൺവൻഷൻ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ച് വൻ വിജയമാക്കിയത്. ഫോമായുടെ നാഷണൽ ക്രെഡൻഷ്യൽ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചു.

2022-ലെ കാൻകൂൺ ഫോമാ കൺവൻഷന്റെ യൂത്ത് ഫെസ്റ്റിവൽ ചെയർമാനായി പ്രവർത്തിച്ചു വിജയകരമാക്കി. 2024-ലെ പുണ്ടകാനായിൽ വെച്ചു നടത്തിയ ഫോമാ കൺവൻഷന്റെ സുവനീയർ കമ്മിറ്റി സബ് എഡിറ്ററായി പ്രവർത്തിച്ചു.

ഏറ്റെടുക്കുന്ന കാര്യങ്ങൾ വളരെ കൃത്യതയോടും അർപ്പണമനോഭാവത്തോടുംകൂടി സമയോചിതമായി ചെയ്ത് തീർക്കുക എന്നതാണ് എന്റെ പ്രവർത്തന ശൈലി. എല്ലാവരേയും ഒരുമിച്ച് ചേർത്ത് ഒരുമയോടെ പ്രവർത്തിക്കുന്നതാണ് എന്റെ പ്രവർത്തന വിജയം. വിഷമ ഘട്ടങ്ങളെ പുഞ്ചിരിയോടുകൂടി മാത്രമെ അഭിമുഖീകരിക്കാറുള്ളൂ.

നമ്മുടെ യുവജനങ്ങളെയും വനിതകളെയും സീനിയേഴ്സിനെയും കുഞ്ഞുമക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് വരും നാളുകളിൽ വിഭാവനം ചെയ്യുന്നത്.

എന്റെ മുൻകാല പ്രവർത്തനപരിചയം ഫോമായ്ക്കും ഫോമായുടെ സെൻട്രൽ റീജിയനും ഒരു മുതൽക്കൂട്ടായിരിക്കും.

സംഘടനയുടെ എല്ലാവിധ വിജയങ്ങൾക്കും വേണ്ടി ഞാൻ അക്ഷീണം പ്രയത്നിക്കുന്നതായിരിക്കും. ഒത്തൊരുമിച്ചുള്ള നമ്മുടെ പ്രവർത്തനങ്ങൾ വിജയകരമാക്കുവാൻ സഹൃദയരായ നിങ്ങളേവരുടെയും പ്രാർത്ഥനയും സഹായ സഹകരണങ്ങളും ഞാൻ പ്രതീക്ഷിക്കുന്നു.

2024-2026-ലേക്ക് ഫോമായുടെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ബേബി മണക്കുന്നേലിനെയും മറ്റ് എല്ലാ ഭാരവാഹികളെയും ഫോമാ സെൻട്രൽ റീജിയന്റെയും എന്റെയും പേരിലുള്ള അനുമോദനങ്ങളും ആശംസകളും അറിയിച്ചുകൊണ്ട്,

**ജോൺസൺ കണ്ണൂക്കാടൻ**
**ഫോമ സെൻട്രൽ റീജിയൻ വൈസ് പ്രസിഡണ്ട്**

# എച്ച്.പി.എഫ് കൺവൻഷൻ




**ജോയി തുമ്പമൺ**

ഹൂസ്റ്റൺ: ഹൂസ്റ്റൺ സിറ്റിയിലും പരിസരങ്ങളിലുമുള്ള 16 സഭകളുടെ ഐക്യവേദിയായ ഹൂസ്റ്റൺ പെന്തെക്കോസ്തൽ ഫെലോഷിപ്പിന്റെ ഒരു പ്രത്യേക കൺവൻഷൻ ആഗസ്റ്റ് 24, 25; വെള്ളി, ശനി എന്നീ ദിവസങ്ങളിൽ വൈകിട്ട് 6.30-നു ക്രിസ്ത്യൻ അസംബ്ലി ഓഫ് ഹൂസ്റ്റണിൽവെച്ചു നടക്കുന്നതാണ്. ചർച്ചിന്റെ വിലാസം 11120 സൗത്ത് പോസ്റ്റ് ഓക്ക് റോഡ്, ഹൂസ്റ്റൺ, ടെക്സസ് 77035.

അമേരിക്കയിലെ വിവിധ പട്ടണങ്ങളിൽ നടക്കുന്ന കോൺഫറൻസുകളിലും കൺവൻഷനുകളിലും പ്രസംഗിക്കാൻ കേരളത്തിൽ എത്തിയ പാസ്റ്റർ ഫെയ്ത്ത് ബ്ലസ്സൻ മുഖ്യ പ്രഭാഷണങ്ങൾ നടത്തും. എച്ച്.പി.എഫ് ക്വയർ ഗാനങ്ങൾ ആലപിക്കും.

പ്രസിഡണ്ട് ഡോ. ഷാജി ഡാനിയേൽ, വൈസ് പ്രസിഡണ്ട് ചാക്കോ പുളിയംപ്പള്ളിൽ, സെക്രട്ടറി തോമസ് വറുഗീസ്, ട്രഷറർ ജേക്കബ് ജോൺ, വർഷിപ്പ് കോ-ഓർഡിനേറ്റർ പാസ്റ്റർ സിബിൽ അലക്സ്, മീഡിയ ജോയി തുമ്പമൺ, മിഷൻ ആന്റ് ചാരിറ്റി കുരുവിള മാത്യു എന്നിവർ നേതൃത്വം കൊടുക്കും.

കൺവൻഷനുകൾ, സഹോദരിമാരുടെ മീറ്റിംഗുകൾ, യുവജന മീറ്റിംഗുകൾ, സെമിനാറുകൾ, പാസ്റ്റേഴ്സ് മീറ്റിംഗുകൾ, പ്രാർത്ഥന സംഗമങ്ങൾ, ജീവകാരുണ്യ പ്രേഷിത പ്രവർത്തനങ്ങൾ എന്നിവ ഈ സംഘടന കഴിഞ്ഞ കാൽ നൂറ്റാണ്ടിൽ അധികമായി ചെയ്തു വരുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 832 677 7759

# ഫോമാ കൺവൻഷനിലെ 'എത്നിക് ഫാഷൻ ഗ്രാന്റീയർ' ഒരു പ്രഫഷണൽ സ്റ്റൈലിൽ: മാത്യു കുഴൽനാടൻ എംഎൽഎ




ചിക്കാഗോ: ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പുന്റാകാനായിൽ വെച്ച് നടന്ന ഫോമായുടെ എട്ടാമത് ഇന്റർനാഷണൽ കൺവൻഷനോടനുബന്ധിച്ച്





നടത്തിയ 'എത്നിക് ഫാഷൻ ഗ്രാന്റീയർ' എന്ന ഫാഷൻ ഷോ ഏവർക്കും ഒരു നവ്യാനുഭവമായി. ഒരു പ്രഫഷണൽ സ്റ്റൈലിൽ തന്നെയാണ് ഈ ഫാഷൻ ഷോ നടത്തിയതെന്ന് കൺവൻഷനിൽ പങ്കെടുത്ത മുഖ്യാതിഥിയായ ഡോ. മാത്യു കുഴൽനാടൻ എംഎൽഎ അഭിപ്രായപ്പെട്ടു. ജനശ്രദ്ധയാകർഷിച്ച ഒരു ഫാഷൻ ഷോ ആണിതെന്ന് അഡ്വ. മോൻസ് ജോസഫ് എംഎൽഎയും അഭിപ്രായം രേഖപ്പെടുത്തി.

ഫോമായുടെ ചരിത്രത്തിൽ ആദ്യമായാണ് കൺവൻഷനിൽ ഇങ്ങനെ വേറിട്ടൊരു ലെവലിൽ ഫാഷൻ ഷോ നടത്തുന്നത്. വ്യത്യസ്തതയാർന്ന ഫാഷനുകളിലും സ്റ്റൈലുകളിലുമായി കുട്ടികളും യുവതീയുവാക്കളുമായി അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 32 പേർ റാംപ് വാക്ക് നടത്തി. നമ്മുടെ മനസ്സിൽ മായാതെ നിൽക്കുന്ന ഇന്ത്യയിലെ കഥാപാത്രങ്ങൾ, സാരിയുടെ ആധുനികതയും വ്യത്യസ്തതയും തെളിയിക്കുന്ന റൗണ്ട്, പല സംസ്കാരങ്ങളിലെ വസത്രവിധാനത്തെ ഒരുമിച്ചു ചേർത്തിണക്കിയ പുരുഷന്മാരുടെ റൗണ്ട്, കുട്ടികളുടെയും കൗമാരക്കാരുടെയും റൗണ്ട് എന്നിങ്ങനെ പല തലങ്ങളിലായാണ് ഈ ഫാഷൻ ഷോ നടത്തിയത്.

വേഷവിധാനങ്ങളുടെ കാര്യത്തിലും കോറിയോഗ്രാഫിയുടെ കാര്യത്തിലും ഒരു കുറവും വരുത്താതെ ഒന്നിനൊന്ന് മികച്ച പ്രകടനമാണ് പങ്കെടുത്തവർ നടത്തിയത്.



വിവിധ ഫാഷൻ ഷോകളും ഫാഷൻ കോമ്പറ്റീഷനുകളും നടത്തി മികവ് തെളിയിച്ച ജൂബി വള്ളിക്കളം, ജാസ്മിൻ പരോൾ, ആഷ മാത്യു, ഷൈനി അബൂബക്കർ എന്നിവരാണ് ഇതിന്റെ കോ-ഓർഡിനേറ്റേഴ്സായി പ്രവർത്തിച്ചത്. ഫോമായുടെ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, സെക്രട്ടറി ഓജസ് ജോൺ, ട്രഷറർ ബിജു തോണിക്കടവിൽ, വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം, ജോ. സെക്രട്ടറി ഡോ. ജയ്മോൾ ശ്രീധർ, ജോ. ട്രഷറർ ജെയിംസ് ജോസഫ് എന്നിവർ നല്ലൊരു കലാവിരുന്ന് ഒരുക്കിയ കോ-ഓർഡിനേറ്റേഴ്സിനെ അഭിനന്ദിച്ചു.

# പാസ്റ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ ഐപിസി ഗ്ലോബൽ മീഡിയ പുരസ്കാരം ഏറ്റുവാങ്ങി



**നിബു വെള്ളവന്താനം**

ബോസ്റ്റൺ: ഐപിസി ഗ്ലോബൽ മീഡിയ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് പാസ്റ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ ഏറ്റുവാങ്ങി. ബോസ്റ്റണിൽ 19-ാമത് ഐപിസി ഫാമിലി കോൺഫറൻസിനോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ നാഷണൽ കൺവീനർ റവ.ഡോ. തോമസ് ഇടിക്കുള അവാർഡ്ദാനം നിർവഹിച്ചു. പാസ്റ്റർ ഷാജി കാരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. വെസ്ളി മാത്യു അവാർഡ് ജേതാവിനെ സദസ്സിന് പരിചയപ്പെടുത്തി.

രൂപാന്തരീകരണത്തിൽ ക്രിസ്തീയ മാധ്യമങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ പാസ്റ്റർമാരായ സാംകുട്ടി ചാക്കോ, സി. പി. മോനായി, കെ.എൻ. റസ്സൽ, ഫിന്നി മാത്യു എന്നിവർ ലഘുപ്രഭാഷണങ്ങൾ നടത്തി. ബിജു കൊട്ടാരക്കര ആശംസ അറിയിച്ചു. പാസ്റ്റർ റോയി വാകത്താനം സ്വാഗതവും നിബു വെള്ളവന്താനം നന്ദിയും പ്രകാശിപ്പിച്ചു. തോമസ് വർഗീസ് ഒക്കലഹോമയുടെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനം പാസ്റ്റർ ഷിബു തോമസിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി സമാപിച്ചു.

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024

**വഴിത്താരകൾ**

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

"നിങ്ങൾ ചെയ്യുന്നതിനെ സ്നേഹിക്കുക, നിങ്ങൾ ഇഷ്ടപ്പെടുന്നത് ചെയ്യുക. സന്തോഷത്തിന്റെയും സമൃദ്ധിയുടെയും വാതിൽ തുറക്കുന്ന താക്കോലാണ് പാഷൻ–

"Passion Drives Powerful Outcomes!"

# പാഷൻ, വിജയ പരാജയങ്ങൾ ഡോ. മാണി സ്കറിയായുടെ ജീവിതം






ഒരു വ്യക്തിയുടെ പാഷൻ അയാളുടെ സർഗാത്മകതയെ ഉയർത്തുകയും ചുറ്റുപാടുമുള്ള ഇടപെടലിനെ പ്രോത്സാഹിപ്പിക്കുകയും പ്രതിസന്ധികളെ നേരിട്ട് വിജയം വരിക്കുവാൻ പ്രാപ്തമാക്കുകയും ചെയ്യുമ്പോൾ നമുക്ക് പറയാം– 'Passion Drives Powerful Outcomes!' എന്ന്. അങ്ങനെ ശക്തമായ തന്റെ പാഷൻ കൊണ്ട് പടുത്തുയർത്തിയ ഒരു വലിയ സാമ്രാജ്യത്തിലേക്ക് നമ്മെ സാദരം ക്ഷണിക്കുകയാണ് ഡോ മാണി സ്കറിയ. പുതിയ തുടക്കങ്ങൾക്കും പിന്നീടുള്ള വിജയസഫലതകൾക്കും വഴിതെളിക്കുന്ന അത്തരം ഒരു പാഷനെ പറ്റിയാണ് അദ്ദേഹത്തിന്റെ സിട്രസ് യാത്ര പറഞ്ഞുതരുന്നത്. പാഷനെ നേരമ്പോക്കായി കണക്കാക്കുന്ന ഒട്ടനേകം പേരോട് ആ പാഷനെ കേവലം എന്ന് വിശേഷിപ്പിക്കാതെ പവർഫുൾ എന്ന് അദ്ദേഹം തെളിയിച്ചു കൊടുത്തതിന് ഒരു ഉദാഹരണമാണ് ടെക്സസ് സിട്രസ് ഇൻഡസ്ട്രിയുടെ ഇന്നത്തെ പരിണാമം. (The term citrus includes different varieties such as lime, lemon, orange, mandarin, grapefruit, etc. )

Seven years ago, a video segment on Mani Skaria and US Citrus company aired on Asia Net America Ee Azhcha by Krishna Kishore and Shijo Poulose, 2017. It began with, (ലോകമെമ്പാടുമുള്ള മലയാളികളുടെ അഭിമാനമായി ഡോ. മാണി സ്കറിയ) But in the recent four years, Dr. Skaria's citrus orchards and nurseries were impacted by two natural disasters: a 2020 hurricane and a 2021 Texas freeze, both causing millions of dollars in damage. Today, Dr. Skaria reflected, saying, "do not measure me by my successes, but by how many times I have stumbled and risen again with resilience. It is in those moments of adversity that my true character is revealed, and in those moments, I shine the brightest through the Grace of God and people support."

സിട്രസ് യാത്രയെ കുറിച്ച് പറയുമ്പോൾ അതിൽ അദ്ദേഹത്തിന്റെ എക്കാലത്തെയും സംഭാവന തന്നെയാണ് (Texas citrus industry) ടെക്സസ് സിട്രസ് ഇൻഡസ്ട്രിയുടെ ഈ പരിണാമം. സിട്രസ് വ്യവസായത്തിലേക്കുള്ള മാണി സ്കറിയയുടെ കാൽവെയ്പ്പ് അദ്ദേഹം ആലോചിച്ചുറപ്പിച്ച ഒന്നല്ല. ചില വ്യക്തികളെ ചില കാര്യങ്ങൾക്ക് വേണ്ടി നിയോഗിക്കുന്നതുപോലെ. 1952–ൽ കോട്ടയം ജില്ലയിലെ അമയന്നൂരിൽ ജനിച്ച അദ്ദേഹത്തിന് പഠനത്തോട് വലിയ താത്പര്യമായിരുന്നു. മകൻ പഠിച്ചു മിടുക്കനാവുന്നതിൽ മാതാപിതാക്കളും തല്പരരായതോടെ ഉയരങ്ങൾ എത്തിപ്പിടിക്കാൻ മാണി സ്കറിയയ്ക്ക് ബുദ്ധിമുട്ടുകൾ ഇല്ലായിരുന്നു.



**India Mission Update:** The India project is open to motivated entrepreneurs passionate about revolutionizing the citrus industry there. Skaria seeks individuals eager to build a 5-star citrus nursery in the northwest frontier region of India, innovative growing methods, and drive forward-thinking marketing strategies. Given its high heat index, Skaria sees excellent potential for growing grapefruit in Kerala. By transforming many rubber plantations in Kerala into grapefruit orchards, India could cater to the domestic market and even explore export opportunities to the Middle East. In India, where old-fashioned citrus growing technologies have stagnated and outdated varieties prevail, the fruit industry in an emerging Indian economy needs a transformation. With traditional fruit marketing falling behind the times, there is a growing demand for a more innovative approach.

ലക്ഷ്യങ്ങൾ മുൻപിൽ ഉണ്ടായിരുന്നെങ്കിലും ദൗത്യം, വിധി എന്നിവ മാണി സ്കറിയയെ മറ്റൊരിടത്താണ് എത്തിച്ചത്. ജോർദാനിലെ ഒരു അപ്രതീക്ഷിത അദ്ധ്യാപക ജോലിയാണ്. ഈ ജോലി തന്നെയാണ് അദ്ദേഹത്തെ പിന്നീട് ടെക്സസിലെ സിട്രസ് വ്യവസായ വിപ്ലവത്തിന്റെ നായകനാക്കി മാറ്റിയതും. വിധി പലപ്പോഴും നമ്മളെ നമ്മൾ വിചാരിച്ച രീതിയിലേക്ക് നടത്തും അതുമല്ലെങ്കിൽ, കാലമാവശ്യപ്പെടുന്ന ദൗത്യത്തിന് പിറകിലേക്ക് നമ്മെ നയിക്കും. ഇതുതന്നെയാണ് അദ്ദേഹത്തിന്റെ ജീവിതത്തിലും സംഭവിച്ചത്. പിന്നീട് 1979–ൽ യു.എസിലെ പർഡ്യു യൂണിവേഴ്സിറ്റിയിൽ (Purdue University) നിന്നും (Plant Pathology) പ്ലാന്റ് പത്തോളജിയിൽ പി. എച്ച്. ഡി ചെയ്യാൻ അവസരം ലഭിച്ചു. അങ്ങനെ 1988–ൽ Texas A&M University - Kingsville Citrus Center) ടെക്സസ് A&M യൂണിവേഴ്സിറ്റി കിങ്സ്വില്ലേ സിട്രസ് സെന്ററിൽ അസിസ്റ്റന്റ് പ്രൊഫസറായി അദ്ദേഹം നിയമിതനായി. കൂടാതെ 1984–88 കാലയളവിൽ (Washington State University) വാഷിംഗ്ടൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയുടെ (USAID Mission) യു. എസ്. എയ്ഡ് മിഷൻ കോൺട്രാക്ട് ചെയ്ത Jordan Valley Agricultural Services project ജോർദാൻ വാലി അഗ്രികൾച്ചർ സർവീസ് പ്രോജക്ടിന്റെ ഭാഗമായി പ്രവർത്തിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. അങ്ങനെ സിട്രസ് ഫ്രൂട്സ് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും പരിഹാരമാർഗങ്ങളെ കുറിച്ചും ഗഹനമായ അറിവുകൾ അദ്ദേഹത്തിന് ലഭിച്ചു. ടെക്സസ് A&M സിട്രസ് സെന്ററിൽ എത്തിയപ്പോഴാണ് ടെക്സസ് സിട്രസ് നഴ്സറി ഇൻഡസ്ട്രി നേരിടുന്ന വെല്ലുവിളികളെ കുറിച്ച് അദ്ദേഹത്തിന് അറിയാൻ കഴിഞ്ഞത്. ലോകമെമ്പാടുമുള്ള മറ്റ് മുൻനിര സിട്രസ് പ്രദേശങ്ങളെ അപേക്ഷിച്ച് ഗുണനിലവാര നിയന്ത്രണത്തിൽ കാര്യമായ വിടവ് രേഖപ്പെടുത്തിയതായി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ടെക്സസ് സിട്രസ് നഴ്സറിയുടെ നിലവാരം ഉയർത്തുവാനുള്ള നിശ്ചയദാർഢ്യത്തോടെ അദ്ദേഹം പല പദ്ധതികളും ആരംഭിച്ചു. തുടക്കത്തിൽ ചെറുത്തുനിൽപ്പും അവഗണനയും നേരിട്ടുവെങ്കിലും അദ്ദേഹത്തിന്റെ അചഞ്ചലമായ പ്രതിബദ്ധത ഒടുവിൽ നഴ്സറി ഉടമകളെ തന്റെ സംരംഭത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തി. നൂതനമായ വിള ഉൽപ്പാദനത്തിലൂടെയും സംരക്ഷണത്തിലൂടെയും സിട്രസ് വ്യവസായത്തിലെ മാറ്റങ്ങൾക്ക് നേതൃത്വം നൽകി.

ടെക്സസിന്റെ ചരിത്രത്തിൽ ആദ്യമായി ക്ലീൻ സിട്രസ് പ്രോഗ്രാം സ്ഥാപിച്ചത് അദ്ദേഹമാണ്. അതായത് വിദേശരാജ്യത്ത് ഒരു ഇന്ത്യക്കാരൻ മലയാളിയുടെ കയ്യൊപ്പ് ചാർത്തുന്നു.

**Scientific Discoveries.**

2010- Sweet Orange Scab (SOS) disease for the first time in the USA. This disease is one of the five quarantine citrus diseases in the USA as per USDA. In year 2000, Dr. Skaria's initiatives lead to the discovery of a destructive pest for the first time in Texas, called Diaprepes root weevil. The economic impact of this pest was calculated at $15 billion by the Texas Department of Agriculture.

ലോകചരിത്രത്തിൽ ആദ്യമായി സിട്രസ് പ്രൊഡക്ഷൻ എക്കണോമിക്സിൽ മാതൃകാപരമായ മാറ്റങ്ങൾ കൊണ്ടുവന്നതാണ് സിട്രസ് യാത്രയിലെ ഡോ. മാണി സ്കറിയയുടെ മൂന്നാമത്തെ സംഭാവനയായി പറയാനുള്ളത്. സിട്രസ് വ്യവസായത്തിൽ മൈക്രോ ബഡിങ് എന്ന ആശയം പരിചയപ്പെടുത്തിയതും അതിന്റെ നവീകരണം പിന്നീട് വ്യവസായത്തെ ആഴത്തിൽ സ്വാധീനിച്ചതും അദ്ദേഹത്തിന്റെ വിജയ വഴികൾക്ക് സാക്ഷ്യം വഹിച്ചു. തുടക്കത്തിൽ അവിശ്വസനീയം എന്ന് കരുതി സംശയാസ്പദമായ സാഹചര്യങ്ങളെ നേരിട്ട് സിട്രസ് ഇൻഡസ്ട്രി ഈ ആശയത്തെ വീണ്ടും ഇരുകൈയും നീട്ടി സ്വീകരിച്ചു.

**Micro-Budded, High-Density Planting (MBHD)**. This is a new concept that Dr. Skaria introduced to the citrus world. Planting very small trees (3 to 4 months old) compared to 24-month-old nursery plants and 690 to 880 trees per acre instead of the traditional 125 trees per acre. Citrus growers in Texas were OK to accept the bold idea and its potential. However, no one was willing to be the first to step up and take the plunge into a new way of planting.

**An Iconic Picture**. The picture above symbolizes the new citrus production method for quicker and higher profitability, introduced by Dr. Mani Skaria. Traditionally, planting a citrus orchard requires





We do not use herbicide to
Use weed fabric from India and Chin










a two-year wait to get trees ready in the nursery. A nursery tree would need a minimum of six months to get established in the ground, and it takes a minimum of four years for commercial fruit harvest. A grapefruit orchard will take 8 years to reach a maximum production of 25 tons of fruit/acre. It takes a minimum of 12 years to recoup all investment; the trees will produce fruit for many years.

**The Difference.** The iconic picture in the top left corner represents a world record in fruit production achieved two years ahead of industry standards, all thanks to micro-budding for faster fruit production. By the fourth year, fruit production per acre has increased, record-breaking yields in less than half the conventional time. Skaria planted the first two rows of trees in the fall of 2010. In 2013, from each tree sold 80lbs. There were 565 trees per acre, making it a world record production of 22 tons per acre in the third year. Payback of expenses is by year seven. Compare this with 25-ton production in year eight.

ഡോ. മാണി സ്കറിയയുടെ കാർഷിക ജീവിതം അമേരിക്കൻ കാർഷിക സമൂഹത്തിനു ഒരു മാതൃകയായി മാറുകയും ചെയ്തു.

Advisory Positions. Dr. Skaria has held leadership roles in various regional, national, and international scientific societies. He has served as an advisor at the University of Texas Rio Grande Valley and the Texas A&M University-Kingsville Citrus Center. Additionally, he has provided advisory guidance to the Texas Department of Agriculture under multiple commissioners and the Texas Department of Health on improving school air quality. Furthermore, in the citrus industry, Dr. Skaria has served as a citrus advisor to the Secretary of Agriculture under both the Trump and Biden administrations.

സൗത്ത് ടെക്സസിലേക്ക് മാറിയപ്പോൾ ഡോ. മാണി സ്കറിയക്ക് ഗുരുതരമായ അലർജി ആസ്മ പ്രശ്നങ്ങൾ നേരിടേണ്ടതായി വന്നിരുന്നു. തുടക്കത്തിൽ കീടനാശിനി സംവേദന ക്ഷമതയായി തെറ്റിദ്ധരിക്കപ്പെട്ടെങ്കിലും പിന്നീട് താമസത്തിലും ജീവിത രീതിയിലും വരുത്തിയ മാറ്റം അദ്ദേഹത്തിന്റെ അസുഖത്തിനെ ഇല്ലാതാക്കി. അങ്ങനെയാണ് വീട്ടിലുണ്ടാകുന്ന അലർജികളെക്കുറിച്ച് പഠിക്കുവാൻ അദ്ദേഹത്തിന് താല്പര്യം തോന്നുന്നത്. ഇത് ഹാർവാർഡ് സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിൽ പ്രത്യേക പരിശീലനത്തിന് ചേർന്നു.

ഈ മേഖലയോട് അഭിനിവേശമുള്ള അദ്ദേഹത്തിന്റെ പ്രാരംഭ പഠനങ്ങൾ മനുഷ്യന്റെ ആരോഗ്യത്തിലും ഹോം ഡയഗ്നോസ്റ്റിക്സിലും ശ്രദ്ധ കേന്ദ്രീകരിച്ച സമ്പന്നമായ ഒരു ഫാമിലി കൺസൾട്ടിംഗ് ബിസിനസ് ആയി പരിണമിച്ചു.

As requested by the Texas A&M University Vice Chancellor, he taught a graduate class, Human Health in Built Environment for many years. This was a recognition to the private business he operated with permission from the University.

ഡോ. മാണി സ്കറിയയുടെ ഈ വിജയഗാഥയിൽ ഡോ. ജോൺ ഫ്യൂസിക്ക് എന്ന കാർഷിക ശാസ്ത്രജ്ഞൻ നിർണായക പങ്കുവഹിച്ചു. സിട്രസ് ഉൽപാദനത്തിലും നവീകരണത്തിലും അദ്ദേഹത്തിന് പ്രേരണയായി ഫ്യൂസിക്ക് ഉണ്ടായിരുന്നു. യു.എസ്. സിട്രസ് ആസ്ഥാനത്തുള്ള ഫ്യൂസിക്ക് ലെയിൻ അദ്ദേഹത്തോടുള്ള നന്ദിയുടെ പ്രതീകമായി സ്ഥാപിച്ചതാണ്. മാണിയുടെ അമ്മ സാറ, ഏതു പ്രതിസന്ധികളെയും നേരിടാൻ ധൈര്യമുള്ള ഒരു മനസ്സിനെ വളർത്തിയെടുക്കാൻ അദ്ദേഹത്തെ എക്കാലവും പ്രേരിപ്പിച്ച ഒരു വ്യക്തിത്വം കൂടിയാണെന്ന് പറയുമ്പോൾ പ്രകൃതി അമ്മ സങ്കല്പം കൂടുതൽ ദൃഢമാകുന്നു.

തന്റെ കണ്ടെത്തലുകൾ പുതിയ തലമുറയിലേക്ക് പകർന്നുകൊടുക്കാൻ ആർജവം കാണിച്ചതിനാൽ 2010-ൽ, ടെക്സസ് എ ആൻഡ് എം യൂണിവേഴ്സിറ്റി - കിംഗ്സ്വില്ലെയിൽ നിന്ന് മികച്ച സീനിയർ ഫാക്കൽറ്റി ടീച്ചിംഗ് അവാർഡ് അദ്ദേഹത്തിന് ലഭിച്ചു. 2016-ൽ, റിയോ ഗ്രാൻഡെ വാലി ഹോർട്ടികൾച്ചറൽ സൊസൈറ്റി കാർഷിക മേഖലയിലെ മികച്ച ഹോർട്ടികൾച്ചറൽ പ്രവർത്തനങ്ങൾക്ക് ആർതർ ടി. പോട്ട്സ് അവാർഡ് അദ്ദേഹത്തിന് നൽകി. 2018-ൽ, സൗത്ത് ടെക്സാസ് ബെറ്റർ ബിസിനസ് ബ്യൂറോ മേരി ജി. മോഡ് എത്തിക്സ് അവാർഡ് (ബിസിനസ്സ് ചെയ്യുന്നതിനുള്ള ധാർമ്മികവശം പരമാവധി നിറവേറ്റിയതിനും കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി, ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് എന്നിവയുടെ തത്വങ്ങൾ കൃത്യമായി പരിശീലിച്ചതിനും) അദ്ദേഹത്തിന് ലഭിച്ചു. ടെക്സസ് ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചറിനു കീഴിലും ട്രംപിന്റെയും ബൈഡന്റെയും ഭരണകൂടങ്ങൾക്കു കീഴിലും അഗ്രികൾച്ചർ സെക്രട്ടറിയുടെ ഉപദേശക സ്ഥാനങ്ങളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.




**Plant and Soil Health Formula Developed at US Citrus.**

Dr. Mani's Magic Microbials" is a game changer for home garden enthusiasts nationwide. Developed in the US Citrus company, this natural, proprietary product revolutionizes soil and plant health. Available exclusively through our website, www.uscitrusnursery.com, along with our Pest protect Pro and Super Soil.



**Family:** The family had been rooted in south Texas since 1988, where they had built a life filled with love and success. The proud parents had raised their two children, Rony and Amy, who had become accomplished sports medicine doctors, earning their board certifi-cations. Amy lives in Manhattan, New York, with her husband, Nitesh Banta, and their adorable baby Lilah. The family patriarch's contagious passion for entrepreneurship and business inspired Ron to leave his medical practice and join forces with his father to rebuild their family business to even higher levels of success. This transition, though challen-ging, showcased the family's adaptability and resilience. Together, they worked tirelessly to innovate and expand, fueled by their shared determination and drive to succeed. Mani's parents are late P.M. Skaria and Saramma, Muriyankal family. Anne's parents are late T.G. Thomas and Achamma Thomas, Thottathil house, Kallisserry, Chengannoor. Wife Anne is truly the anchor of our household and business.

*A paradigm shift I introduced results from collaborative effort initiated by my idea or innovation. It was challenged, tested, re-tested, and refined by numerous individuals and institutions. Even those growers and colleagues who initially rejected my ideas significantly impacted my success. My dedicated staff, who manufacture plants, and the team that carefully packs fruit grown under stringent quality control and organic principles all contributed to my journey. When faced with rejection, I took those figurative stones and used them to build a strong foundation. If you are passionate about an idea and can establish a proof of concept, then you have the groundwork to build a thriving business — immensely rewarding.*

*-Mani Skaria*

Dr. Mani Skaria contact information:
Mani.skaria@uscitrus.com



**A Wayanad Vetiver Initiative.** From 2021 onwards, Dr. Skaria invested heavily into mass propagation of Vetiver (Malayalam, Ramacham) for ecological improvements in his citrus orchards in Texas. The amazingly thick root system growth – four meters in eight months makes it a miracle plant for soil erosion and land slide prevention. After the Wayanad tragedy, Skaria initiated a plan to make a million vetiver plants for the people of Wayand to grow in the hilly slopes. After completion, this initiative can be used for other parts of Kerala and the entire Western Ghats. Your support and blessings solicited. Thanks to Dr. S.Mentreddy of Alabama A&M university and Dr. L. Duang of US Citrus for this timely effort.



o manage weeds
na and grass in the middle.



Rootstocks



Our People



Super Red Grapefruit


© Kerala Express

KERALA EXPRESS പ്രവാസി താളുകൾ

# ഒളിംമ്പിക്സിൽ സ്വർണം നേടിയ യുഎസ് പുരുഷ ബാസ്ക്കറ്റ് ബോൾ ടീം അണിഞ്ഞ ടീഷർട്ട് ഡിസൈൻ ചെയ്തത് ജോ വടക്കേടം ന്യൂജേഴ്സി

ജോസ് കാടാപുറം

ചിക്കാഗോ: മലയാളികൾ പൊളിയാണ് എന്ന് പറയുന്നത് വെറുതേയല്ല. മലയാളികൾക്ക് ചെയ്യാൻ കഴിയാത്തതായി ഒന്നുമില്ല എന്നതാണ് വാസ്തവം. ഇവിടെ കേരളത്തിൽ മാത്രമല്ല, മറ്റ് വിദേശരാജ്യങ്ങളിലും








മലയാളികൾ എപ്പോഴും മുന്നിലുണ്ടാകും. അതുപോലെ അമേരിക്കക്കാരുടെ നെഞ്ചിൽ ഇടം നേടിയ ഒരു മലയാളിയുണ്ടിവിടെ. അമേരിക്കയിലെ ന്യൂജേഴ്സിയിൽ താമസിക്കുന്ന 30കാരനായ ജോ വടക്കേടമാണ് മലയാളികൾക്ക് അഭിമാനമായി മാറിയിരിക്കുന്നത്. ന്യൂജേഴ്സിയിൽ പ്രൊജക്ട് മാനേജരായി ജോലി ചെയ്യുന്ന ജോ വടക്കേടം ഇൻസ്റ്റഗ്രാമിലും യൂട്യൂബിലും കുക്കറി ഷോയിലൂടെ നിരവധി ആരാധകരെ സ്വന്തമാക്കിയിട്ടുള്ള ഒരാൾ കൂടിയാണ്.

എന്നാൽ ജോ ഇപ്പോൾ പ്രിയങ്കരനാകുന്നത് മറ്റൊരു കാരണത്താലാണ്. അടുത്തിടെയാണ് ജോ ഒരു ടീ ഷർട്ട് ഡിസൈൻ ചെയ്ത് അമേരിക്കൻ ബാസ്ക്കറ്റ്ബോൾ ടീമിനയക്കുന്നത്. ഈ വർഷത്തെ പാരിസ് ഒളിംമ്പിക്സിൽ സ്വർണം നേടിയ അമേരിക്കൻ പുരുഷ ബാസ്ക്കറ്റ് ബോൾ ടീം മത്സരത്തിനും മത്സരം കഴിഞ്ഞും ധരിച്ചത് ജോ വടക്കേടം ഡിസൈൻ ചെയ്ത ടീഷർട്ടുകളായിരുന്നു.

അമേരിക്കൻ പുരുഷ ബാസ്ക്കറ്റ് ബോൾ ടീം ധരിച്ചിരുന്ന പുതിയ ഡിസൈനിലുള്ള ടീഷർട്ടുകൾക്കായി നിരവധി ആളുകളാണ് സോഷ്യൽമീഡിയയിൽ സെർച്ച് ചെയ്തത്. ബ്രാൻഡഡ് കമ്പനികളാകും ഇത്തരത്തിലുള്ള ടീ ഷർട്ട് ഡിസൈൻ ചെയ്തത് എന്ന തെറ്റിധാരണ പലർക്കുമുണ്ടായിരുന്നു. അങ്ങനെ പലരും വലിയ ബ്രാൻഡുകളുടെ സൈറ്റുകളിൽ ടീഷർട്ടിനായി തെരഞ്ഞെങ്കിലും നിരാശയായിരുന്നു ഫലം.






പിന്നീടാണ് മുപ്പതുകാരനായ ജോ ആണ് ടീഷർട്ട് ഡിസൈൻ ചെയ്തതെന്ന് ആരാധകർ അറിയുന്നത്. തുടർന്ന് അമേരിക്കൻ ബാസ്ക്കറ്റ്ബോൾ താരങ്ങളുടെ ടീ ഷർട്ടിന്റെ പേറ്റന്റ് ജോ സ്വന്തമാക്കി. ഇതോടെ അമേരിക്കയിലെ പല പ്രമുഖ ചാനലുകളും അതിഥിയായി ജോയെ വിളിച്ചുകഴിഞ്ഞു. അമേരിക്കയിലെ പ്രശസ്തമായ എബിസി ചാനൽ അവരുടെ മോണിങ് ഷോയിൽ അതിഥിയായി ജോയെ വിളിച്ചിട്ടുണ്ട്.

ജോ വടക്കേടത്തിന്റെ ഭാര്യ ക്രിസ്റ്റി ഹൂസ്റ്റൺ ഇല്ലിക്കാട്ടിൽ കുടുംബാംഗമാണ്. സഹോദരൻ ടോം വടക്കേടം. ഭാര്യ കരോൾ ഹൂസ്റ്റൺ കൈതമറ്റം കുടുംബാംഗം. രണ്ടാമത്തെ സഹോദരൻ ജിം വടക്കേടം. കിടങ്ങൂർ വടക്കേടം (കൈതവേലി) ജെയ്സണും ന്യൂയോർക്ക് ഐ.കെ.സി.സി മുൻ പ്രസിഡന്റ് കുഞ്ഞുമോൾ വടക്കേടവുമാണ് (പുല്ലാനപ്പള്ളിൽ ഫാമിലി, കോട്ടയം) മാതാപിതാക്കൾ.

അച്ഛനും അമ്മയ്ക്കും സഹോദരങ്ങൾക്കുമൊപ്പം അമേരിക്കയിലെ ന്യൂജേഴ്സിയിലാണ് ജോ താമസിക്കുന്നത്. വിവാഹിതനായ ജോ കംപ്യൂട്ടർ സയൻസ് ബിരുദാനന്തര ബിരുദധാരി കൂടിയാണ്.

# മങ്കയ്ക്ക് ബെസ്റ്റ് മലയാളി അസോസിയേഷൻ അവാർഡ്

ബിന്ദു ടിജി

കാലിഫോർണിയ: മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയ (മങ്ക) നോർത്തമേരിക്കയിലെ ബെസ്റ്റ് മലയാളി അസോസിയേഷൻ അവാർഡിന് അർഹമായി. ഫോമയാണ് മങ്കയെ ഈ അവാർഡിന് തെരഞ്ഞെടുത്തത്. മങ്ക നാല്പതാം പിറന്നാൾ ആഘോഷിക്കുന്ന ഈ വർഷംതന്നെ ഈ അംഗീകാരം കിട്ടിയത് മങ്കയ്ക്ക് തികച്ചും അഭിമാനകരമാണ്.

ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പുണ്ടകാനയിൽവെച്ച് നടന്ന ഫോമായുടെ എട്ടാം ഇന്റർനാഷണൽ കോൺഫറൻസിൽ വെച്ചാണ് ഈ അവാർഡ്ദാനച്ചടങ്ങ് നടന്നത്. മങ്ക പ്രസിഡണ്ട് സുനിൽ വർഗീസിനൊപ്പം സെക്രട്ടറി പ്രിൻസ് നെച്ചിക്കാട്ട്, ട്രഷറർ മേരി ദാസൻ ജോസഫ്, ബോർഡ് ഓഫ് ഡയറക്ടേഴ്സ് ജാസ്മിൻ പരോൾ, വിൻസെന്റ് ബോസ് മാത്യു. കൂടാതെ മങ്കയുടെ മുൻകാല ഭാരവാഹികളും ചേർന്നാണ് അവാർഡ് സ്വീകരിച്ചത്. സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങൾ, യൂത്ത് പ്രോഗ്രാം, സ്ത്രീ ശാക്തീകരണം, സീനിയേഴ്സിനു വേണ്ടിയുള്ള വിവിധ പരിപാടികൾ, ജീവകാരുണ്യ സംരംഭങ്ങൾ എന്നിങ്ങനെ മങ്കയുടെ സമഗ്രമായ സേവനങ്ങൾ കണക്കിലെടുത്താണ് ഈ അവാർഡ് നല്കിയത്.

മങ്കയ്ക്കു ലഭിച്ച ഈ അംഗീകാരത്തിൽ അതിയായ സന്തോഷമുണ്ടെന്നും മങ്കയ്ക്ക് ശക്തമായ അടിത്തറ പാകിയ മുൻകാല സാരഥികൾക്കും മങ്കയുടെ ഇപ്പോഴത്തെ ബോർഡ് മെംബേഴ്സിനും മങ്കയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ പങ്കുവഹിച്ചവർക്കും നോർത്തേൺ കാലിഫോർണിയയിലെ മുഴുവൻ മലയാളികൾക്കുമായി ഈ അവാർഡ് താൻ സമർപ്പിക്കുന്നുവെന്ന് പ്രസിഡണ്ട് സുനിൽ വർഗീസ് പറഞ്ഞു. ഇനിയും മികവുറ്റ പ്രവർത്തനങ്ങൾ നോർത്തേൺ കാലിഫോർണിയ മലയാളികൾക്ക് മങ്ക കാഴ്ചവെക്കും. തിളക്കമാർന്ന ഈ അംഗീകാരത്തിന്റെ ആവേശത്തിലാണ് ടീം അംഗങ്ങൾ ഏവരും.





# കമലാ ഹാരിസിന് പരസ്യപിന്തുണയുമായി റിപ്പബ്ലിക്കൻ നേതാക്കളും രംഗത്ത്

**ജോസ് കല്ലിടിക്കിൽ**

റിപ്പബ്ലിക്കൻ നോമിനി മുൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപിന് പ്രസിഡണ്ട് പദവിയിലെത്തുവാൻ മറ്റൊരു അവസരം നൽകുക വഴി അമേരിക്കൻ ജനാധിപത്യത്തിന്റെ ചരമഗീതമായി ഈ ജനവിധി ഭവിക്കുമെന്ന ഭീതി ഡെമോക്രാറ്റിക് പാർട്ടി നേതൃത്വത്തെയും അനുഭാവികളെയും ആശങ്കപ്പെടുത്തുന്നുണ്ട്. ഇതേ ആശങ്ക റിപ്പബ്ലിക്കൻ പാർട്ടിയിൽ ഒരു വിഭാഗത്തിലേക്കും സാവധാനം പടർന്നിട്ടുണ്ട്. മുൻ റിപ്പബ്ലിക്കൻ സംസ്ഥാന ഗവർണർമാർ, ക്യാബിനറ്റ് സെക്രട്ടറിമാർ, അമേരിക്കൻ കോൺഗ്രസ് അംഗങ്ങൾ എന്നിവരെല്ലാം ഇവരിൽ ഉൾപ്പെടും. ഡോണൾഡ് ട്രംപിനെതിരെ പരസ്യനിലപാട് സ്വീകരിച്ചിട്ടുള്ള പ്രസ്തുത നേതാക്കൾ "റിപ്പബ്ലിക്കൻസ് ഫോർ ഹാരിസ്" എന്ന പേരിലൊരു കൂട്ടായ്മ രൂപീകരിച്ച് ഡെമോക്രാറ്റിക് നോമിനി കമലാ ഹാരിസിന് പിന്തുണ പ്രഖ്യാപിക്കുകയുമുണ്ടായി. അവരിൽ ഡോണൾഡ് ട്രംപിനൊപ്പം വൈറ്റ് ഹൗസിലും ഭരണത്തിലും പങ്കാളികളായിരുന്ന ഉദ്യോഗസ്ഥ പ്രമുഖരും അണിചേർന്നിട്ടുണ്ട്. ഡോണൾഡ് ട്രംപിന്റെ ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങൾ തൊട്ടടുത്തുനിന്ന് നിസ്സഹായരായി നിരീക്ഷിച്ചിട്ടുള്ളവരാണ് ഇക്കൂട്ടർ.

സൗമ്യവ്യക്തിത്വത്തിന്റെ ഉടമയും, ഇല്ലിനോയി സെക്രട്ടറി ഓഫ് സ്റ്റേറ്റ്, ഗവർണർ പദവികൾ പ്രശംസനീയമായി ദീർഘകാലം അലങ്കരിച്ചിട്ടുള്ളതുമായ ജിം എഡ്ഗർ ഇവരിൽ പ്രമുഖനാണ്. 2000-ാമാണ്ട് പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി പ്രസിഡണ്ട് ജോർജ് ഡബ്ല്യു. ബുഷിന്റെ വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് പരിഗണിക്കപ്പെട്ട വ്യക്തികളിൽ ഒരാളാണ് മുൻ ഗവർണർ ജിം എഡ്ഗർ. പ്രസ്തുത തെരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ വൈസ് പ്രസിഡണ്ടിനെ കണ്ടെത്തുവാനുള്ള ചുമതല വഹിച്ച ഡിക്ക് ചൈനി തന്നെ ജോർജ് ബുഷിന്റെ വൈസ് പ്രസിഡണ്ട് നോമിനി ആയെന്നത് കൗതുകം. ജിം എഡ്ഗർക്കൊപ്പം ഇല്ലിനോയിൽ നിന്നുതന്നെയുള്ള മുൻ കോൺഗ്രസ് അംഗവും ട്രാൻസ്പോർട്ടേഷൻ സെക്രട്ടറിയുമായിരുന്ന റേ ലാഹുഡ്, കോൺഗ്രസ് അംഗങ്ങളായിരുന്ന ആഡം കിൻ സിംഗർ, ജോ വാൽഷ്, നെബ്റാസ്കായിൽ നിന്നുള്ള യുഎസ് സെനറ്ററും മുൻ ഡിഫൻസ് സെക്രട്ടറിയുമായ ചക്ക് ഹേഗൽ എന്നിവരും ഡെമോക്രാറ്റിക് ഹാരിസ് - വേൾഡ് ടീമിന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. വിയറ്റ്നാം യുദ്ധ ഹീറോയും ദീർഘകാലം യുഎസ് സെനറ്റർ ആയി സേവനം ചെയ്ത് അന്തരിച്ച മുൻ റിപ്പബ്ലിക്കൻ പ്രസിഡണ്ട് സ്ഥാനാർത്ഥികൂടി



കമലാ ഹാരിസ്

യായ ജോൺ മക്കൈന്റെ കുടുംബാംഗങ്ങൾ, മുൻ റിപ്പബ്ലിക്കൻ കോൺഗ്രസ് അംഗം ലിസ് ചൈനിയും കുടുംബവും, മുൻ പ്രസിഡണ്ട് സ്ഥാനാർത്ഥിയും യൂത്തായിൽ നിന്നുള്ള യുഎസ് സെനറ്ററുമായ മിറ്റ് റോമ്നി എന്നിവരെല്ലാം ഡോണൾഡ് ട്രംപിന്റെ നിലപാടുകളെയും സമീപനത്തെയും പണ്ടേ തള്ളിക്കളഞ്ഞിട്ടുള്ളതാണ്.

ദേശീയ താല്പര്യം പരിഗണിച്ച് റിപ്പബ്ലിക്കൻ പാർട്ടിയിൽ ഒരു ന്യൂനപക്ഷം ഡെമോക്രാറ്റിക് പാർട്ടി നോമിനി കമലാ ഹാരിസിനെ പിന്തുണയ്ക്കുമ്പോഴും ബഹുഭൂരിപക്ഷം റിപ്പബ്ലിക്കൻ നേതാക്കളുടെയും അനുഭാവികളുടെയും ഉറച്ച പിന്തുണ ഇക്കുറിയും ഡോണൾഡ് ട്രംപിനൊപ്പമാണ്. റിപ്പബ്ലിക്കൻ പാർട്ടി ഇപ്പോൾ ഏതാണ്ട് പൂർണ്ണമായും ഡോണൾഡ് ട്രംപിന്റെ പിടിയിലമർന്നു കഴിഞ്ഞു. പാർട്ടി നേതൃത്വത്തിൽ ചിലരുടെ കൊഴിഞ്ഞുപോക്ക്, വ്യക്തിജീവിതത്തിലും രാഷ്ട്രീയത്തിലും അവർ ഉന്നത മൂല്യങ്ങൾ കാത്തുസൂക്ഷിച്ചിരുന്നവരെങ്കിലും, ഡോണൾഡ് ട്രംപിന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളെ വേണ്ടത്ര സ്വാധീനിക്കില്ല. എന്നാൽ നാലു വർഷത്തെ ഭരണകാലത്ത് അദ്ദേഹത്തോടൊപ്പം വൈറ്റ് ഹൗസിൽ പ്രവർത്തിച്ചവരും ക്യാബിനറ്റിൽ പങ്കാളികളായിരുന്നവരുമായ നിരവധി വ്യക്തികളുടെ ഡോണൾഡ് ട്രംപിന്റെ സ്വഭാവ വൈകൃതങ്ങളെയും ഗൂഢലക്ഷ്യങ്ങളെയും പറ്റിയുള്ള ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുകൾ ഈ തെരഞ്ഞെടുപ്പിലുടനീളം അദ്ദേഹത്തെ വേട്ടയാടിയേക്കാം.

പ്രസിഡണ്ട് ട്രംപിന്റെ ചീഫ് ഓഫ് സ്റ്റാഫ് ആയിരുന്ന മാർക്ക് മീഡോസിന്റെ മുഖ്യ സഹായിയായി പ്രവർത്തിച്ച കാസിഡി ഹച്ചിൻസൺ, ഡോണൾഡ് ട്രംപിന്റെ ചെയ്തികൾ അടുത്തുനിന്ന് നിരീക്ഷിച്ചിട്ടുള്ളതാണ്. നമ്മുടെ ജീവിതകാലത്ത്, ചിലപ്പോൾ അമേരിക്കൻ ചരിത്രത്തിലെ തന്നെ ജനാധിപത്യത്തിനെതിരെ ഉയർന്നിട്ടുള്ള ഗുരുതരമായ ഭീഷണിയാണ് ഡോണൾഡ് ട്രംപ് എന്നാണ് അവരുടെ വെളിപ്പെടുത്തൽ. ജനുവരി 6, കലാപം അന്വേഷിച്ച യുഎസ് ഹൗസ് കമ്മിറ്റിക്ക് മുമ്പാകെ ഹാജരായ അവർ, പ്രസിഡണ്ട് തെരഞ്ഞെടുപ്പ് ഫലം സ്ഥിരപ്പെടുത്തുന്ന ഭരണഘടന പ്രക്രിയ അട്ടിമറിക്കുവാൻ അദ്ദേഹം നടത്തിയ അധാർമ്മികവും നിയമ വിരുദ്ധവുമായ നടപടികൾ അക്കമിട്ട് വെളിപ്പെടുത്തിയിട്ടുള്ളതാണ്.

വെർജീനിയയിൽ നിന്നുള്ള കോൺഗ്രസ് അംഗം ഡെൻവർ റിഗിൾമാൻ ഡോണൾഡ് ട്രംപുമായി അടുത്തിടപഴകിയിട്ടുള്ള വ്യക്തിയാണ്. പ്രസിഡണ്ട് പദവിയിൽ വീണ്ടും എത്തുവാൻ ട്രംപിനെ പ്രേരിപ്പിക്കുന്ന മുഖ്യ ഘടകങ്ങൾ അധികാരദാഹവും പ്രതികാര മനോഭാവവുമാണെന്നാണ് അദ്ദേഹത്തിന് ബോധ്യപ്പെട്ടിട്ടുള്ളത്. ട്രംപിന്റെ മുൻ കമ്യൂണിക്കേഷൻസ് മേധാവി സ്റ്റെഫനി ഗ്രിഷാം എബിസി ന്യൂസിന് നൽകിയ അഭിമുഖത്തിൽ ഡോണൾഡ് ട്രംപിന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾ വഞ്ചനാപരമാണെന്നും അദ്ദേഹം തികഞ്ഞ നാർസി സിസ്റ്റും, സ്വന്തം താല്പര്യം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വ്യക്തിയുമാണെന്ന് വെളിപ്പെടുത്തുകയുണ്ടായി.

ഡോണൾഡ് ട്രംപിനൊപ്പം പ്രവർത്തിച്ചിട്ടുള്ള സൈനിക ഉപദേഷ്ടാക്കൾ, അദ്ദേഹം വീണ്ടും അധികാരത്തിൽ വരുന്നതിൽ ഭയചകിതരാണ്. അദ്ദേഹത്തിന്റെ പ്രഥമ നേവി സെക്രട്ടറിയായി പ്രവർത്തിച്ച റിച്ചാർഡ് സ്പെൻസർ, നിരവധി സൈനിക ഉദ്യോഗസ്ഥരെ പ്രതിനിധീകരിച്ച് വാഷിംഗ്ടൺ പോസ്റ്റിൽ പ്രസിദ്ധീകരിച്ച കുറിപ്പിൽ, മിലിട്ടറി സേവനത്തിൽ ഏർപ്പെടുക എന്നതിന്റെ മഹത്വത്തെക്കുറിച്ച് പ്രസിഡണ്ട് ട്രംപിന് വേണ്ടത്ര ധാരണയില്ലെന്നും, സദാചാര മൂല്യങ്ങൾക്കോ, ഏകീകൃത നിയമങ്ങൾക്കോ അദ്ദേഹം വേണ്ടത്ര പരിഗണന നൽകാറില്ലെന്നും വെളിപ്പെടുത്തി. മുൻ മറൈൻ ജനറലും ഡോണൾഡ് ട്രംപിന്റെ ചീഫ് ഓഫ് സ്റ്റാഫുമായിരുന്ന ജോൺ കെല്ലി സിഎൻഎന്നിനു നൽകിയ അഭിമുഖത്തിൽ വെളിപ്പെടുത്തിയത് സ്വേച്ഛാധിപതികളെ ആദരിക്കുകയും കൊലയാളികളായ ഏകാധിപദികളെ പ്രശംസിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ട്രംപെന്നും അദ്ദേഹത്തിന് അമേരിക്കയെന്ന രാഷ്ട്രത്തെക്കുറിച്ചോ ഈ രാഷ്ട്രം നിലകൊള്ളുന്നതും വിലമതിക്കുന്നതുമായ ആശയങ്ങളെക്കുറിച്ചോ വ്യക്തമായ ധാരണകൾ ഇല്ലെന്നുമാണ്.

ഡോണൾഡ് ട്രംപിന്റെ നിയമ ഉപദേശകരിൽ ചിലരും, പ്രസിഡണ്ട് പദവിയിൽ മറ്റൊരു ഊഴം അദ്ദേഹത്തിനു ലഭിക്കുന്നിൽ പരിഭ്രമം രേഖപ്പെടുത്തി. സ്പെഷ്യൽ കൗൺസലായി പ്രവർത്തിച്ചിട്ടുള്ള ടൈ കോബ്, ഡോണൾഡ് ട്രംപിന്റെ വിഭാഗീയ ചിന്തകളും, കല്ലുവെച്ച നുണകളും, നിയമ വാഴ്ചയോടുള്ള പുച്ഛവും, നിരവധി കുറ്റകൃത്യങ്ങളിലുള്ള പങ്കും അമേരിക്കയിലെ ജനാധിപത്യ വ്യവസ്ഥയുടെ അന്ത്യത്തിലേക്ക് നയിക്കുമെന്ന് ആശങ്ക പ്രകടിപ്പിച്ചു. കൂടാതെ ഡോണൾഡ് ട്രംപ് ഭരണത്തിൽ അറ്റോർണി ജനറലായി പ്രവർത്തിച്ച ബിൽ ബാർ, ട്രംപ് ഉന്നയിച്ച ഇലക്ഷൻ തർക്കങ്ങൾ പൂർണ്ണമായും തള്ളിക്കളഞ്ഞു. അമേരിക്കൻ സ്വയഭരണ വ്യവസ്ഥയുടെ അടിസ്ഥാന ഘടകമായ ഒരു പ്രക്രിയയെക്കുറിച്ച് വ്യാജ ആരോപണങ്ങൾ ഉന്നയിക്കുകയും, തന്റെ നിലപാട് സ്ഥാപിക്കുവാൻ ഭീഷണിയുടെയും സമ്മർദ്ദത്തിന്റെ



ലേഖകൻ

യും മാർഗ്ഗം സ്വീകരിക്കുകയും ചെയ്യുന്ന ഒരു വ്യക്തിക്ക് അമേരിക്കൻ പ്രസിഡണ്ടിന്റെ ഔദ്യോഗിക കാര്യാലയമായ വൈറ്റ് ഹൗസിന്റെ സമീപത്ത് പോലും കാല് കുത്തുവാൻ അർഹതയില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഡോണൾഡ് ട്രംപിന്റെ വൈസ് പ്രസിഡണ്ടായി സേവനം ചെയ്ത മൈക്ക് പെൻസിന്റെ അഭിപ്രായം ട്രംപിന്റെ യാഥാസ്ഥിതികതാ പരിവേഷം വ്യാജമാണെന്നാണ്. യാഥാർത്ഥ്യ ബോധ്യത്തോടും വ്യക്തമായ ധാരണകളോടും കൂടി അദ്ദേഹത്തെ വിശ്വസിക്കുവാനോ പിന്തുണയ്ക്കുവാനോ തനിക്ക് കഴിയില്ലെന്നും മൈക്ക് പെൻസ് അഭിപ്രായപ്പെട്ടു. ജനങ്ങളുടെ ജനാധിപത്യ സങ്കല്പങ്ങൾക്ക് ക്ഷതം സംഭവിച്ചെങ്കിലും അമേരിക്കൻ ജനാധിപത്യം ഇപ്പോഴും നിലനിൽക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചതും ഹേതുവായതും സ്വന്തം സ്ഥാനം ത്യജിച്ചുകൊണ്ടും ജീവന്റെ ഭീഷണി അവഗണിച്ചുകൊണ്ടും വൈസ് പ്രസിഡണ്ട് മൈക്ക് പെൻസ് 2021 ജനവരി 6-ന് കൈക്കൊണ്ട ധീരനടപടി ഒന്നുമാത്രമാണ്. ചരിത്രം അദ്ദേഹത്തെ സ്മരിക്കട്ടെ.






# ആത്മകഥകളുടെ ചില പിന്നാമ്പുറക്കാഴ്ചകൾ

കാളിയാർ തങ്കപ്പൻ

ഒരു പഴയ സുഹൃത്തായ ബാബു (പേര് സാങ്കല്പികം) ആത്മകഥ എഴുതുന്ന തിരക്കിലാണെന്നു കേട്ടപ്പോൾ മനസ്സു തുറന്നു സന്തോഷിച്ച ഒരാളായിരുന്നു ഈ എളിയ ലേഖകൻ. കാരണം, മറ്റൊന്നുമല്ല. ആ പുസ്തകം വായനക്കാരിൽ സൃഷ്ടിക്കാൻ പോകുന്ന അനുരണനങ്ങളും സ്വീകാര്യതയും എത്രയെന്ന് ഞാൻ ഭാവനയിൽ ഒന്നു കണ്ടുനോക്കി. അത്രമാത്രം സംഭവബഹുലവും അനുഭവതീക്ഷ്ണവുമായ ഒരു ജീവിതത്തിനുടമയായിരുന്നു ഈ കഥാനായകൻ. അങ്ങനെയുള്ള ഒരാളുടെ തുറന്നു പറച്ചിലുകളായിരിക്കുമല്ലോ അതിന്റെ ഉള്ളടക്കമെന്നു ഉറച്ചു വിശ്വസിച്ചുകൊണ്ട് ആകാംക്ഷയോടെ ഞാൻ കാത്തിരുന്നു.

എന്നാൽ, എന്റെ പ്രതീക്ഷകളെയെല്ലാം തകിടംമറിച്ചുകൊണ്ടുള്ള ഒരു വികല സൃഷ്ടിയായിട്ടായിരുന്നു ഇരുനൂറിൽപ്പരം പേജുകളുള്ള ആ ഗ്രന്ഥം പുറത്തിറങ്ങിയത്. താൻ അനുഭവിച്ചതും മറ്റുള്ളവരെക്കൊണ്ട് അനുഭവിപ്പിച്ചതുമായ കയ്പേറിയ ജീവിതയാഥാർത്ഥ്യങ്ങളെക്കുറിച്ചൊന്നും ഒരക്ഷരം പോലും അതിൽ ഉണ്ടായിരുന്നില്ല. പകരം ഒന്നാം ക്ലാസിൽ വെച്ച് കല്ലുപെൻസിൽ ഒടിഞ്ഞുപോയതിന് പൊട്ടിക്കരഞ്ഞത്, വർണ്ണമനോഹരമായ ഹൈസ്കൂൾ വിദ്യാലയ വർഷങ്ങൾ, വിനോദയാത്രകളുടെ മധുരസ്മരണകൾ, കഥയില്ലാത്ത കൗമാരപ്രണയങ്ങൾ, കോളജിൽ നിന്നും ക്ലാസ് കട്ട് ചെയ്ത് മോർണിംഗ് ഷോയ്ക്കു പോയ വീരത്വം ഇവയെല്ലാം ഒരു പൈങ്കിളി നോവൽ പോലെ വിവരിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ വായനക്കാരുടെ മനോമുകുരത്തിൽ ഒരു സ്വർണ്ണവിഗ്രഹം പോലെ തിളങ്ങി നിൽക്കുവാൻ മാത്രമാണ് തന്റെ രചനയിലുടനീളം ബാബു ശ്രമിച്ചിട്ടുള്ളത്. ശരിക്കും അതൊരു ആത്മവഞ്ചനയുടെ കഥയായിട്ടാണ് എനിക്കു തോന്നിയത്.

ലോകം കീഴടക്കിയവന്റെ മുഖഭാവത്തോടെ ഒരു തൂമന്ദഹാസവുമായി ഒന്നാം പേജിൽ കാണപ്പെടുന്ന ഗ്രന്ഥകാരന്റെ കളർഫോട്ടോ ആരെയും ആകർഷിക്കുന്നതാണ്. എന്നാൽ, ഒരിക്കലും മറക്കാൻ കഴിയാത്ത ഉള്ളടഞ്ഞ (ഭീതിദവും വേദനാജനകവും, ലജ്ജാകരവുമായ) ഒരു ഭൂതകാലം അദ്ദേഹത്തിനുണ്ടായിരുന്നു എന്ന സത്യം ഈ ഫോട്ടോ കാണുന്ന ആർക്കും ഊഹിക്കുവാൻപോലും കഴിയുമായിരുന്നില്ല. അതെ, ഇരുപത്തിനാല് മണിക്കൂറും മദ്യലഹരിയിൽ ആറാടിയ ഒരു നാലു വർഷക്കാലം! ചെറിയ ഒരു സൗഹൃദ കൂട്ടായ്മക്കിടയിലെ ഏതോ അഭിശപ്ത നിമിഷങ്ങളിൽ കേവലം ഒന്നോ രണ്ടോ പെഗ്ഗുകളിൽ നിന്നായിരുന്നു അതിന്റെ തുടക്കം. പിന്നെ അതൊരു ശീലമായി. ഉറ്റവരുടെ എതിർപ്പുകളും സ്നേഹിച്ചവരുടെ ഉപദേശങ്ങളുമൊന്നും വിലപ്പോയില്ല. ക്രമേണ അതിന്റെ അളവും കാഠിന്യവും വർദ്ധിക്കുകയും ഒഴിവാക്കാൻ കഴിയാത്ത ഒരു ജീവിതാവശ്യമായി അതു മാറുകയും ചെയ്തു. അങ്ങനെ ഒരു തികഞ്ഞ മദ്യപാനി ചെന്നെത്താവുന്നതിന്റെ പരമാവധിയിലേക്ക് പടിപടിയായി നടന്നടുക്കുകയായിരുന്നു ആ ചെറുപ്പക്കാരൻ. ഭീതിദമായ ആ നാൾവഴികളിൽ ധനനഷ്ടം, മാനനഷ്ടം, ആരോഗ്യനഷ്ടം എന്നിവയ്ക്കു പുറമെ നിരവധി ക്രിമിനൽ കേസുകൾ കൂടിയായപ്പോൾ ഒരു കുടുംബത്തിന്റെ തകർച്ച പൂർത്തിയായി എന്നു പറയേണ്ടതില്ലല്ലോ. പൂർണ്ണ ഗർഭിണിയായ ഭാര്യയുടെ പ്രാർത്ഥനകളും സ്നേഹമയിയായ അമ്മയുടെ അപേക്ഷകളുമെല്ലാം അവിടെ വനരോദനങ്ങളായി ഭവിച്ചു. മാത്രവുമല്ല, ലക്ഷണമൊത്ത ഒരു മദ്യാസക്തന്റെ വിഭ്രാന്തി കലർന്ന ആലസ്യത്തിലേക്കും വിരക്തിയിലേക്കും കടക്കുകയായിരുന്നു അവൻ. കുളിയും ശുചിത്വവുമില്ലാതെ വിയർപ്പു നാറിയുള്ള നടപ്പ്, ആഹാരം പൂർണ്ണമായും വേണ്ടെന്നായി. വെള്ളംപോലും ചേർക്കാത്ത മദ്യം ആർത്തിയോടെ വലിച്ചുകുടിച്ചു. ഉടുവസ്ത്രം ഉരിഞ്ഞുപോയിട്ടും സ്വയം അറിയാതെ തെരുവീഥികളിലൊക്കെ അവൻ അലഞ്ഞുനടന്നു. അവിടംകൊണ്ടും തീർന്നില്ല. അതിരാവിലെ രണ്ടുതുള്ളി അകത്തു ചെന്നില്ലെങ്കിൽ കൈകാലുകൾ വിറച്ച് അപസ്മാര രോഗിയെപ്പോലെ വീണുരുണ്ട് പിടയുന്ന അവസ്ഥയിൽ വരെ കാര്യങ്ങൾ എത്തി. ഹൃദയഭേദകമായ ഈ കാഴ്ചകൾ നിരന്തരം കണ്ട് നാട്ടുകാർക്കു പോലും മനംമടുത്തു. അവസാനം വീട്ടുകാരും പഴയ ചില സുഹൃത്തുക്കളും ചേർന്ന് ബലപ്രയോഗത്തിലൂടെ ആദ്യം ഒരു ആശുപത്രിയിലേക്കും തുടർന്ന് പുനരധിവാസ കേന്ദ്രത്തിലേക്കും മാറ്റുകയാണുണ്ടായത്.



ലേഖകൻ

മേൽപ്പറഞ്ഞ സംഭവപരമ്പരകളെക്കുറിച്ചൊന്നും ഒരു ചെറിയ സൂചന പോലും ആത്മകഥയിൽ ഒരിടത്തുമുണ്ടായിരുന്നില്ല. തന്നെ മാറ്റിമറിച്ച അതിനിർണ്ണായകമായ ആ നാലു വർഷക്കാലം കൗശലപൂർവം ബാബു തമസ്കരിപ്പിക്കുന്നു. ഒന്നു മനസ്സുവെച്ചിരുന്നെങ്കിൽ വായനക്കാരെ കോൾമയിർക്കൊള്ളിക്കുമായിരുന്ന നിരവധി പേജുകൾ തന്നെ എഴുതാവുന്ന ഒരു വിഷയമായിരുന്നു അത്. മദ്യത്തിന് അടിമകളായി ജീവിതം ഹോമിക്കപ്പെട്ട അനവധി ചെറുപ്പക്കാർ നമ്മുടെ നാട്ടിലുണ്ട്. വിനാശകാരിയായ ആ വിപത്തിൽ നിന്നും രക്ഷപ്പെടുവാനായി പ്രാർത്ഥനകളും വഴിപാടുകളും മരുന്നും മന്ത്രവാദവുമെല്ലാം പരീക്ഷിച്ചിട്ടും പരാജയപ്പെട്ട് കുടുംബസമേതം ആത്മഹത്യയെ അഭയംപ്രാപിക്കുന്ന സംഭവങ്ങളും വേദനയോടെ നാം കാണുന്നുണ്ട്. അങ്ങനെയുള്ള ആയിരങ്ങളുടെ മുമ്പിലേക്ക് ഒരു രക്ഷകനെപ്പോലെ കടന്നുവരുവാൻ ബാബുവിന്റെ കഥ ഉപകരിക്കുമായിരുന്നു. സമൂഹത്തിനാകെ വെളിച്ചം പകരാൻ ശക്തിയുള്ള തന്റെ വിലയേറിയ അനുഭവസാക്ഷ്യം വായനക്കാർക്ക് പകർന്നുകൊടുക്കുവാനുള്ള ഒരു സുവർണ്ണാവസരമാണ് ഇവിടെ നിഷ്ക്കരുണം നഷ്ടപ്പെടുത്തിയത്. അക്ഷന്തവ്യമായ ഒരപരാധമാണിത്. ദുരഭിമാനം എന്ന ശപിക്കപ്പെട്ട വികാരം ഒന്നുമാത്രമാണ് അതിനു പിന്നിൽ.

എന്തിനു വേണ്ടിയാണ് ഇത്രയും ബദ്ധപ്പെട്ട് ഇത്രമാത്രം പണവും ചെലവാക്കി ഇങ്ങനെയൊരു പദ്ധതിക്ക് തുനിഞ്ഞത് എന്നല്ലേ? അഹന്ത അഥവാ പൊങ്ങച്ചം മാത്രമാണ് അതിനു പിന്നിലുള്ള ചേതോവികാരം. താനൊരു വലിയ സംഭവമാണെന്നും തന്റെ കാലശേഷം ഭാവിതലമുറകളൊക്കെ തന്റെ അപദാനങ്ങളെ പ്രകീർത്തിച്ച് വാഴ്ത്തുപാട്ടുകാരായി നടക്കണമെന്നുള്ള ഗൂഢോദ്ദേശ്യം ബുദ്ധിപൂർവം നടപ്പാക്കുകയാണിവിടെ. ആയകാലത്തൊന്നും മനുഷ്യോചിതമായ ഒരു പ്രവർത്തനവും കാഴ്ചവെക്കാതെ, സ്വന്തം ഭാര്യയോട് പോലും മനസ്സ് തുറന്നു സംസാരിക്കാതെ, ഭിക്ഷക്കാരെ പറമ്പിൽ പോലും കയറ്റാതെ, സ്വന്തം കാര്യം സിന്ദാബാദ് എന്ന പ്രത്യയശാസ്ത്രവുമായി നടന്ന മാന്യന്മാർ ഹീറോ പരിവേഷത്തിനായി കണ്ടുപിടിച്ച ഒരു നൂതന മാർഗ്ഗമാണിത്.

വായനക്കാരെ ഒന്നടങ്കം വിഡ്ഢികളാക്കുന്ന ഈ കുത്സിത പ്രവണത ഏറ്റവും കൂടുതൽ വ്യാപിച്ചിരിക്കുന്നത് പ്രവാസിലോകത്താണ് എന്നത് ഒരു ദുഃഖസത്യമാണ്. ഒരു കുടിൽവ്യവസായം പോലെ പടർന്നു പിടിച്ചിരിക്കുന്ന ഈ സംരംഭത്തിന് പ്രായഭേദമോ സ്ത്രീ–പുരുഷ വ്യത്യാസങ്ങളോ ഇല്ല. പറയത്തക്ക സാഹിത്യവാസനയോ ഭാവനാവിലാസമോ ഒന്നും ഇതിനാവശ്യമില്ല. എഴുത്തും വായനയും അറിയാത്ത (കൂലിഎഴുത്തുകാർ ഇഷ്ടംപോലെ ലഭ്യമാണ്) വർക്കുപോലും കയറി മേയാവുന്ന ഒരേയൊരു സാഹിത്യശാഖയാണ് 'ആത്മകഥാപ്രസ്ഥാനം'. ഉത്തേജകത്തിനും ധൈര്യത്തിനുമായി 'രണ്ട് സ്മോൾ' (നിർബന്ധമുള്ളവർക്കു മാത്രം) കൂടിയുണ്ടെങ്കിൽ പിന്നെയെല്ലാം ഉഷാറായി വന്നുകൊള്ളും. പതിറ്റാണ്ടുകൾക്കു മുമ്പ് ഒരു പുസ്തക പ്രസിദ്ധീകരണത്തിന് ഏറ്റവും പ്രധാനപ്പെട്ട ഘടകം ഒരു നല്ല അവതാരിക എഴുതിക്കിട്ടുക എന്നുള്ളതായിരുന്നു. ഡോ. സുകുമാർ അഴീക്കോട്, പ്രഫ. എം. ലീലാവതി തുടങ്ങിയ പ്രഗത്ഭരുടെ ഒരു അവതാരിക എഴുതിക്കിട്ടുവാൻ കാലങ്ങളോളം കാത്തുനിൽക്കേണ്ടിവരുമായിരുന്നു. എന്നാൽ, ഇന്നത്തെ സ്ഥിതി അതല്ല. കറവ വറ്റിയ സിന്ധിപ്പശുക്കളെപ്പോലെ, ഭാവനാദാരിദ്ര്യം മൂലം ആർക്കും വേണ്ടതായ ഒരു വിഭാഗം നേരംകൊല്ലി (സെലിബ്രിറ്റി) കൾ നമ്മുടെ നാട്ടിലുണ്ട്. കഷ്ടിച്ച് ഒന്നോ രണ്ടോ കഥയോ കവിതയോ എഴുതിക്കഴിഞ്ഞു വറ്റിവരണ്ട പേന കൾ ജൂബ്ബയുടെ പോക്കറ്റിൽ കുത്തി തോളിൽ കാലിസഞ്ചിയും തൂക്കി നടക്കുന്ന അവരുടെ മുമ്പിലേക്ക് എങ്ങനെ ചെല്ലണമെന്ന് ഒരു പ്രവാസിക്ക് ആരും പറഞ്ഞുകൊടുക്കേണ്ട കാര്യമില്ല. ഒരു കൈയിൽ ആത്മകഥയുടെ കൈയ്യെഴുത്തു കോപ്പിയും മറുകൈയിൽ മികച്ച ബ്രാൻഡിലുള്ള ഒരു ഫുൾ ബോട്ടിലുമായി വരുന്ന കഥാനായകനെ സാഹിത്യകാരൻ രണ്ട്കൈയും നീട്ടി സ്വീകരിക്കും എന്ന കാര്യം ഉറപ്പ്. ആരെഴുതി, എന്തെഴുതി എന്നതൊന്നും ഒരു പ്രശ്നമേയല്ല. കുപ്പിയുടെ ലേബലാണ് പ്രധാനം. അവതാരിക റെഡി.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും വിശ്വസാഹിത്യവേദിയിൽ അദ്വൈതീയമായ ഒരു സ്ഥാനം തന്നെയുണ്ട് ആത്മകഥകൾക്ക്. ആധുനിക ലോകത്തിനു വഴികാട്ടികളായ വിജ്ഞാനഭണ്ഡാകാരങ്ങളാണ് അവയിൽ പലതും. രണ്ടാം ലോകമഹായുദ്ധകാലത്തെ ആൻ ഫ്രാങ്കിന്റെ 'ദി ഡയറി ഓഫ് എ യംങ് ഗേൾ' മുതൽ മഹാത്മാഗാന്ധിയുടെ 'ദി സ്റ്റോറി ഓഫ് മൈ എക്സ്പിരിമെന്റ്സ് വിത്ത് ട്രൂത്ത്' വരെയുള്ള ഹൃദയസ്പർശികളായ കൃതികൾ നമുക്കു നല്കിയത് അമൂല്യമായ വിശ്വദർശനങ്ങളാണ്. സത്യസന്ധതയുടെ അതിതീവ്രമായ ഉൾക്കാഴ്ച ഒന്നുകൊണ്ടു മാത്രമാണ് അവയൊക്കെ കാലത്തെ അതിജീവിച്ചത്. അത്തരത്തിലുള്ള മഹോന്നത സൃഷ്ടികൾ ഇന്നുണ്ടാകുന്നില്ല എന്നത് കാലത്തിന്റെ ദുര്യോഗം. വായിൽ വെള്ളിക്കരണ്ടിയുമായി പട്ടുമെത്തയിൽ പിറന്ന് പൂന്തോട്ടത്തിൽ കളിച്ച്, കോളജിൽ (പഠിച്ചെന്നു വരുത്തി) പിൻവാതിലിലൂടെ ഉയരങ്ങളിലെത്തുന്നവന്റെ കള്ളക്കഥകളല്ല നമുക്കു വേണ്ടത്. പകരം ഒഴുക്കിനെതിരെ തളരാതെ നീന്തി സകല പ്രതിബന്ധങ്ങളെയും അതിജീവിച്ച് ജീവിതലക്ഷ്യം കൈവരിച്ചവരുടെ ധീരതയുടെയും ത്യാഗത്തിന്റെയും കഥകളാണ് നമുക്ക് പ്രചോദനമാകേണ്ടത്. നന്മയും എളിമത്തവും ഉള്ളവരിൽ നിന്നേ ആത്മസ്പർശമുള്ള രചനകൾ പ്രതീക്ഷിക്കാനാവൂ. മാനുഷികമായ ദൗർബല്യങ്ങൾ, അറിവില്ലായ്മകൾ, തെറ്റുകുറ്റങ്ങൾ അവമൂലം സംഭവിച്ച അമളികൾ, അബദ്ധങ്ങൾ, അവിവേകങ്ങൾ, പരാജയങ്ങൾ ഇവയുടെയെല്ലാം കൂടിയുള്ള ആകെത്തുകയാണ് സത്യസന്ധവും വസ്തുനിഷ്ഠവുമായ ആത്മകഥ. അത്തരം തുറന്നുപറച്ചിലുകൾ പൊതുമധ്യത്തിൽ വെക്കുവാൻ ഹൃദയവിശാലതയും കറതീർന്ന മാനവികതയുള്ളവർക്കേ കഴിയൂ.

പ്രശസ്തിക്കും പ്രതാപത്തിനും വേണ്ടിയുള്ള രചനകൾ നടത്തി ആത്മരതിയിൽ അഭിരമിക്കുന്ന 'പ്രാഞ്ചിട്ടയേട്ട'ന്മാരെ അല്പന്മാർ എന്ന നിലയിൽ മാറ്റിനിർത്താം. അവരുടെ പണം, അവർക്കു കിട്ടുന്ന സായൂജ്യം. അത്രതന്നെ! എന്നാൽ, പണമുണ്ടാക്കാൻ വേണ്ടിമാത്രം സ്വന്തം ജീവിതകഥയെ വളച്ചൊടിച്ച പ്രശസ്തരായ ചില ബുദ്ധിജീവികൾ നമ്മുടെ സാഹിത്യനപോമണ്ഡലത്തിൽ വിലസിയിരുന്നു എന്ന പരമാർത്ഥം മറച്ചുവെക്കുന്നത് ശരിയല്ല. 1970–കളിൽ 'മലയാളനാട്' വാരികയിൽ ഖണ്ഡശ: പ്രസിദ്ധീകരിക്കപ്പെട്ട 'എന്റെ കഥ' വായനക്കാരിൽ പലരും ഇന്നും ഓർമ്മിക്കുന്നുണ്ടാകും. അല്പം ലൈംഗികച്ചുവയോടെ കോൾമയിർ കൊള്ളിച്ച ആ സൃഷ്ടി, വാരികയുടെ സർക്കുലേഷൻ വാനോളം ഉയർത്തിയെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ, അതിൽ പ്രതിപാദിച്ചിരുന്ന പലതും വസ്തുതകൾക്ക് നിരക്കാത്തതാണെന്നും പണത്തിന്റെ അത്യാവശ്യംകൊണ്ട് അന്ന് അങ്ങനെയൊക്കെ എഴുതേണ്ടി വന്നതാണെന്നും വർഷങ്ങൾക്കുശേഷം കുറ്റബോധത്തോടെ ആ രചയിതാവ് തുറന്നുപറയുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ രാഷ്ട്രീയ, സാമൂഹിക മണ്ഡലങ്ങളിൽ അരങ്ങേറിയ ദുർന്നടപ്പുകളുടെ ഒരു ചെറിയ ഉദാഹരണം മാത്രമാണിത്. നിരുപദ്രവകരമായ കൊച്ചുകൊച്ചു നുണകൾ അവസരത്തിനൊത്തു കാച്ചിവിട്ട് പണമുണ്ടാക്കിയ ഒട്ടേറെപ്പേരുടെ കഥകൾ ഇനിയുമുണ്ട്. വിശാലഹൃദയരായ മലയാളികൾഅവയൊക്കെ അങ്ങ് ക്ഷമിച്ചു അല്ലെങ്കിൽ സഹിച്ചു. പക്ഷേ, സംഗതി അവിടംകൊണ്ടൊന്നും അവസാനിച്ചില്ല.

സത്യാനന്തര (പോസ്റ്റ് ട്രൂത്ത്) കാലഘട്ടമെന്നു വിശേഷിപ്പിക്കപ്പെടുന്ന ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് കടന്നപ്പോൾ ആത്മകഥയുടെ രൂപവും ഭാവവുമൊക്കെ അപ്പാടെ മാറി. അക്ഷരദേവതയുടെ സൗമ്യരൂപം മാത്രമല്ല, സംഹാരരൂപിണിയുടെ രൗദ്രഭാവവും അതിന് ഇണങ്ങുമെന്ന് പുതിയ കാലത്തിന്റെ നടത്തിപ്പുകാർ തെളിയിച്ചു. അങ്ങനെയാണ് എകെ–47 നേക്കാൾ പതിന്മടങ്ങ് പ്രഹരിശേഷിയുള്ള ഒരു ന്യൂജെൻ (ശേഷം 30–ാം പേജിൽ)

# അമ്മു സക്കറിയയ്ക്ക് വിമെൻസ് എംപവർമെന്റ് അവാർഡ്




ഡൊമിനിക് ചാക്കോനാൽ

അറ്റ്ലാന്റ: പുണ്ടകാനയിൽ വെച്ച് നടത്തിയ ഫോമായുടെ എട്ടാമത്തെ അന്താരാഷ്ട്ര കൺവൻഷനിൽ അറ്റ്ലാന്റായിൽ നിന്നുള്ള കവയിത്രിയും എഴുത്തുകാരിയുമായ അമ്മു സക്കറിയായെ 'വിമെൻസ് എംപവർമെന്റ്' അവാർഡ് നല്കി ആദരിച്ചു.

വർഷങ്ങളായി തന്റെ തൂലികത്തുമ്പിലൂടെ ലേഖനങ്ങൾ, കവിതകൾ, കഥകൾ എന്നിവ രചിക്കുന്ന ഒരതുല്യ പ്രതിഭയാണ് അമ്മു സക്കറിയ. അവർക്ക് ഈ അംഗീകാരം വളരെയധികം അർഹതപ്പെട്ടതാണെന്ന് റീജിയന്റെ വൈസ് പ്രസിഡണ്ട് ഡൊമിനിക് ചാക്കോനാൽ പ്രസ്താവിച്ചു.

അമ്മു സക്കറിയായുടെ അഭാവത്തിൽ പുത്രനും ഫോമാ നാഷണൽ കമ്മിറ്റി അംഗവുമായ കാജൽ സക്കറിയ അവാർഡ് ഏറ്റുവാങ്ങി.

# ചരിത്രത്തിൽ ആദ്യമായി കാനഡയിൽ ഐപിസി ഫാമിലി കോൺഫറൻസ്

# പാസ്റ്റർ സാം വർഗീസ് നാഷണൽ ചെയർമാൻ

നിബു വെള്ളവന്താനം

ബോസ്റ്റൺ: വടക്കെ അമേരിക്കയിലും കാനഡയിലുമുള്ള ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ 20-ാമത് കുടുംബസംഗമം കാനഡയിലെ എഡ്മന്റണിൽ വെച്ച് 2025 ജൂലൈ 17 വ്യാഴം മുതൽ 20 ഞായർ വരെ നടത്തപ്പെടും. ചരിത്രത്തിൽ ആദ്യമായിട്ടാണ് കാനഡയിൽ വെച്ച് ഐപിസി ഫാമിലി കോൺഫറൻസ് നടത്തപ്പെടുന്നത്. കോൺഫറൻസിന്റെ ദേശീയ ഭാരവാഹികളായി പാസ്റ്റർ സാം വർഗീസ് (നാഷണൽ ചെയർമാൻ), ബ്രദർ ഫിന്നി ഏബ്രഹാം (നാഷണൽ സെക്രട്ടറി), ബ്രദർ ഏബ്രഹാം മോനീസ് ജോർജ് (നാഷണൽ ട്രഷറർ), സിസ്റ്റർ സൂസൻ ജോൺസൺ (ലേഡീസ് കോ-ഓർഡിനേറ്റർ), ബ്രദർ റോബിൻ ജോൺ (യൂത്ത് കോ-ഓർഡിനേറ്റർ), ബ്രദർ നിബു വെള്ളവന്താനം (മീഡിയ കോ-ഓർഡിനേറ്റർ), പാസ്റ്റർ ഏബ്രഹാം മാത്യു (പ്രയർ കോ-ഓർഡിനേറ്റർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.



പാസ്റ്റർ സാം വർഗീസ്



ബ്രദർ ഫിന്നി ഏബ്രഹാം



ബ്രദർ ഏബ്രഹാം മോനീസ് ജോർജ്



സിസ്റ്റർ സൂസൻ ജോൺസ്



ബ്രദർ റോബിൻ ജോൺ



ബ്രദർ നിബു വെള്ളവന്താനം

നാഷണൽ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ സാം വർഗീസ് കൊട്ടാരക്കര സ്വദേശിയാണ്. കാനഡയിലെ ആൽബർട്ടയിൽ എഡ്മന്റണിലുള്ള കേരള പെന്തെക്കോസ്തൽ അസംബ്ലിയുടെ സീനിയർ പാസ്റ്ററായി സേവനമനുഷ്ഠിക്കുന്നു. ഭാര്യ ലീന മാത്യുവിനും രണ്ട് പെൺമക്കളായ സെറാ റൂത്ത്, ആഷ്‌ലി എലിസബത്ത് എന്നിവരോടൊപ്പം 2008-ൽ കാനഡയിലേക്ക് താമസം മാറി. കേരള പെന്തെക്കോസ്തൽ അസംബ്ലിയുടെ സ്ഥാപനത്തിന് തുടക്കമിട്ടു. അതിനുശേഷം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ എഡ്മന്റണിലെ ഒരു പ്രധാന ആത്മീയ സമൂഹമായി സഭ വളരുവാൻ ഇടയായി.

നാഷണൽ സെക്രട്ടറി ഫിന്നി ഏബ്രഹാം കല്ലിശ്ശേരി സ്വദേശിയാണ്. എബനേസർ ഐപിസിയുടെ സഹസ്ഥാപകരിൽ ഒരാളായിരുന്ന പി.ഐ. കൊച്ചൂട്ടി (കുഞ്ഞൂട്ടിച്ചായൻ) യുടെ കൊച്ചുമകനാണ്. യുഎസിലെ ഒക്കലഹോമ സിറ്റിയിലേക്ക് 2006-ൽ കുടിയേറി. ഐ.പി.സി ഹെബ്രോൺ ഒക്കലഹോമ സഭയുടെ സജീവാംഗമാണ്. 18-ാമത് ഐപിസി ഫാമിലി കോൺഫറൻസ് ലോക്കൽ സെക്രട്ടറി, വർഷിപ്പ് ടീം, മീഡിയ ടീം, ബോർഡ് അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: ഷീന ഏബ്രഹാം. മക്കൾ: ബ്രയാന, തബിത, എസെക്കിയേൽ.

നാഷണൽ ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട ഏബ്രഹാം മോനീസ് ജോർജ് ഡാളസ് ഐപിസി ഹെബ്രോൺ സഭാംഗവും പാസ്റ്റർ മോനീസ് ജോർജിന്റെ മകനുമാണ്. ഐപിസി, പിസിഎൻഎകെ കോൺഫറൻസ് എന്നിവയുടെ നാഷണൽ യൂത്ത് കോ-ഓർഡിനേറ്ററായും പിവൈപിഎ ഈസ്റ്റേൺ റീജിയന്റെ ട്രഷററായും പ്രവർത്തിച്ചിട്ടുണ്ട്. പെന്തെക്കോസ്ത് യൂത്ത് കോൺഫറൻസ് ഓഫ് ഡാളസിന്റെ (പിവൈസിഡി) കോ-ഓർഡിനേറ്റർ, പിവൈപിഎ മിഡ്‌വെസ്റ്റ് റീജിയൻ ജോ. സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. യുഎസിലെ മികച്ച അക്കൗണ്ടിംഗ് സ്ഥാപനത്തിൽ കംപ്ലയൻസ് ബാങ്ക് ഓഡിറ്ററായി ജോലി ചെയ്തുവരുന്നു. ഭാര്യ: ജീന ജോർജ്.

നാഷണൽ ലേഡീസ് കോ-ഓർഡിനേറ്റർ സിസ്റ്റർ സൂസൻ ജോൺസൺ കുമ്പനാട് സ്വദേശിയാണ്. ബോസ്റ്റൺ ക്രിസ്ത്യൻ അസംബ്ലിയുടെ സ്ഥാപക ശുശ്രൂഷകനായ പാസ്റ്റർ ബെഥേൽ ജോൺസന്റെ ഭാര്യയാണ്. 1982-ൽ യുഎസിലെ ബോസ്റ്റണിൽ സ്ഥിരതാമസമാക്കി. കഴിഞ്ഞ 30 വർഷമായി സമൂഹത്തിന്റെ വിവിധ ആവശ്യങ്ങൾക്ക് പ്രാർത്ഥിക്കുന്നതിനു വേണ്ടി സഹോദരിമാരുടെ ദിവസേനയുള്ള പ്രാർത്ഥനാ ലൈന് നേതൃത്വം നല്കിവരുന്നു. മക്കൾ: ജീൻ, ജൂലി, ജോവാൻ, ജെമീമ, ജോനാഥൻ.

യൂത്ത് കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട റോബിൻ ജോൺ ബോസ്റ്റണിൽ കുടുംബത്തോടൊപ്പം താമസിച്ച് ബോസ്റ്റൺ ക്രിസ്ത്യൻ അസംബ്ലിയിൽ യൂത്ത് മിനിസ്റ്ററായി സേവനമനുഷ്ഠിക്കുന്നു. അദ്ദേഹത്തിന്റെ ആത്മീയ യാത്ര ജയ്പൂരിലെ അഗാപെ ഫെല്ലോഷിപ്പ് ചർച്ചിൽ ആരംഭിച്ചു. ഉത്തരേന്ത്യൻ കമ്മ്യൂണിറ്റിയുമായുള്ള സഹകരണത്തിന് ഇതു വഴിതെളിച്ചു. അമേരിക്കയിലേക്ക് കുടിയേറിയശേഷം വർഷങ്ങളോളം ഫ്ളോറിഡയിലെ ലേക്ക് ലാൻഡിൽ എബനേസർ ഐപിസി ചർച്ചിന്റെ സജീവ അംഗമായിരുന്നു.

(ശേഷം 30-ാം പേജിൽ)

# ജോജി തോമസ്, സതീശൻ നായർ, ബിജു ജോൺ എന്നിവർ ഫൊക്കാന ട്രസ്റ്റിബോർഡിൽ

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ഫൊക്കാനയുടെ 2024-2026-ലെ ട്രസ്റ്റിബോർഡ് ചെയർമാനായി ജോജി തോമസ് തെരഞ്ഞെടുക്കപ്പെട്ടു. വൈസ് ചെയർ ആയി സതീശൻ നായരും, ട്രസ്റ്റിബോർഡ് സെക്രട്ടറിയായി ബിജു ജോൺ കൊട്ടാരക്കരയും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ട്രസ്റ്റിബോർഡ് ചെയർമാനായിരുന്ന സജി പോത്തന്റെ നേതൃത്വത്തിലായിരുന്നു തെരഞ്ഞെടുപ്പ് നടന്നത്. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയും സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും മീറ്റിങ്ങിൽ സന്നിഹിതർ ആയിരുന്നു.



ഫൊക്കാന ട്രസ്റ്റിബോർഡ് മെംബേഴ്സ് ആയ മുൻ പ്രസിഡന്റ് ജോർജി വർഗീസ്, ജോജി തോമസ്, സണ്ണി മറ്റമന, കലാ ഷഹി, ബിജു ജോൺ, സതീശൻ നായർ, ടോണി കല്ലുകാവിങ്കൽ എന്നിവർ പങ്കെടുത്തു.

കാനഡക്ക് അഭിമാനമായി ട്രസ്റ്റിബോർഡ് ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ജോജി തോമസ് ഫൊക്കാനയുടെ ട്രസ്റ്റിബോർഡ് മെംബർ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ച ശേഷമാണ് ട്രസ്റ്റിബോർഡ് ചെയർ ആയി തെരഞ്ഞെടുക്കപ്പെടുന്നത്. ഈ വർഷത്തെ ഇലക്ഷൻ കമ്മിറ്റി മെംബർ ആയി പ്രവർത്തിക്കുകയും ഫൊക്കാന തെരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടത്താൻ കഴിഞ്ഞത് ജോജി തോമസിന്റെ കഴിവുകൊണ്ട് കൂടിയാണ്. കാനഡയിൽ നിന്നുള്ള ഫൊക്കാനയുടെ ഏറ്റവും ശക്തനായ നേതാവ് കൂടിയാണ് അദ്ദേഹം. കാനഡക്ക് അഭിമാനമായി ആദ്യമായാണ് ഒരാൾ കാനഡയിൽ നിന്ന് ഫൊക്കാനയുടെ ട്രസ്റ്റിബോർഡ് ചെയർമാനായി തെരഞ്ഞെടുക്കപ്പെടുന്നത്.

കാനഡ ലണ്ടൻ ഒന്റാരിയോ മലയാളി അസോസിയേഷന്റെ (ലോമ) മുൻ പ്രസിഡണ്ട് ആയ ജോജി തോമസ് വണ്ടന്മാക്കിയിൽ കാനഡ മലയാളികളുടെ ഇടയിൽ അറിയപ്പെടുന്ന സാമുദായിക കാരുണ്യ പ്രവർത്തകൻ കൂടിയാണ്. കാനഡയിൽ രണ്ടു ബിസിനസ് സ്ഥാപനങ്ങളുടെ ഉടമ കൂടിയായ അദ്ദേഹം റിയൽ തോംസൻ ഫുഡ്സ് എന്ന സ്നാക്സ് മാനുഫാക്ചറിംഗ് കമ്പനിയും ലണ്ടൻ ഒന്റാരിയോയിൽ മിന്റ് ലീവ്സ് ഇന്ത്യൻ കിച്ചൻ എന്ന പേരിൽ ഒരു റെസ്റ്റോറന്റും നടത്തുന്നുണ്ട്.

ലണ്ടൻ സെന്റ് മേരീസ് സീറോ മലബാർ പള്ളിയിൽ മൂന്നു തവണ ട്രസ്റ്റി ആയിരുന്ന ജോജി സേക്രഡ് ഹാർട്ട് സീറോ മലബാർ മിഷന്റെ മുൻ പാരിഷ് കൗൺസിൽ അംഗവുമാണ്, ബിൽഡിങ്ങ് കമ്മിറ്റി ചെയർ ആയും പ്രവർത്തിച്ചിട്ടുണ്ട്. ലണ്ടൻ ക്നാനായ കാത്തലിക് ചർച്ചിന്റെ പാരിഷ് കൗൺസിൽ മെംബറും, ഡയറക്ടറേറ്റ് ഓഫ് ക്നാനായ കാത്തലിക് ഇൻ കാനഡയുടെ ചെയർമാനും ആണ്. പാലാ വള്ളിച്ചിറ സ്വദേശിയായ ജോജി കാനഡയിലേക്ക് കുടിയേറിയ ശേഷം കാനഡയിലെ മലയാളികളുടെ ക്ഷേമത്തിനായി നിരവധി പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. ഭാര്യ: രേഖ ജോജി (നഴ്സ്). മക്കൾ: ജെറെമി, ജോനാഥൻ, ജൈഡൻ.

വൈസ് ചെയർ ആയി തെരഞ്ഞെടുക്കപ്പെട്ട സതീശൻ നായർ നാഷണൽ കമ്മിറ്റി മെംബർ ആയും പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ്. മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷന്റെ മുൻ പ്രസിഡന്റ് കൂടിയായ സതീഷ് NFIA-യുടെ സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ പദവികളും വഹിച്ചിട്ടുണ്ട്. ചിക്കാഗോ FIA-യുടെ വൈസ് പ്രസിഡന്റ് ആയും പ്രവർത്തിച്ചിട്ടുള്ള സതീഷ് KHNA-യുടെ വൈസ് പ്രസിഡന്റ്, ട്രസ്റ്റി വൈസ് ചെയർ, കമ്മിറ്റി മെംബർ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. ഓവർസീസ് കോൺഗ്രസിന്റെ സജീവ പ്രവർത്തകൻ കൂടിയായ സതീഷ് IOC USA -യുടെ കേരളാ പ്രസിഡന്റ് ആയും പ്രവർത്തിക്കുന്നു. ഗീതാമണ്ഡലം സെക്രട്ടറി ആയും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം കരുണാ ഫൗണ്ടേഷന്റെ ചെയർമാൻ ആയും പ്രവർത്തിക്കുന്നു. ലോക കേരളസഭ മെംബർ കൂടിയാണ് സതീഷ് നായർ.

(ശേഷം 24-ാം പേജിൽ)

# മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോ ഓണം ഓഗസ്റ്റ് 24-ന്

ചിക്കാഗോ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോ (MAGC) ഓണം 2024 അമേരിക്കൻ ഐക്യനാടുകളിൽ ഓണത്തിന്റെ വരവറിയിച്ചുകൊണ്ട് ഓഗസ്റ്റ് 24-ന് നടത്തുന്നു. മിഡ്‌വെസ്റ്റിലെ ഏറ്റവും വലിയ ഓണാഘോഷത്തിനുള്ള ഒരുക്കങ്ങൾ ചിക്കാഗോയുടെ സബർബിൽ പൂർത്തിയായി വരുന്നു.

പാചകകലയുടെ പകരംവെക്കാനില്ലാത്ത അമരക്കാരൻ പഴയിടം മോഹനൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ഒരുക്കപ്പെടുന്ന 30 വിഭവങ്ങളും മൂന്ന് പായസവും അടങ്ങിയ സദ്യ ലിബർട്ടിവിൽ ഹൈസ്കൂളിൽ വെച്ച് നടത്തുന്ന ആഘോഷപരിപാടികളുടെ മുഖ്യ ആകർഷണമാണ്. നോർത്തമേരിക്കൻ മലയാളികളുടെ ഹൃദയം കീഴടക്കിയ നൃത്ത സംഗീത പ്രകടനങ്ങളുമായി നിരവധി പ്രതിഭകൾ അണിനിരക്കുന്ന കലാസായാഹ്നം ആഘോഷങ്ങൾക്ക് നിറംപകരും.

രാവിലെ പതിനൊന്നിന് സദ്യയോടെ ആരംഭിച്ച് ഒന്നരയ്ക്കുള്ള കലാപരിപാടികളിലൂടെ തുടരുന്ന വിവിധ ആഘോഷപരിപാടികളിൽ നിന്നും സമാഹരിക്കുന്ന മുഴുവൻ തുകയും വയനാട്ടിലെ ദുരിതബാധിതരുടെ പുനരധിവാസത്തിനായി ഉപയോഗിക്കുവാൻ തീരുമാനിച്ചു. സദ്യയുടെ പന്തി തെരഞ്ഞെടുക്കൽ, മറ്റ് ആഘോഷപരിപാടികളെ സംബന്ധിച്ച വിവരങ്ങൾ, സമയക്രമം തുടങ്ങിയ MAGC വെബ്സൈറ്റായ www.magconline.com-ൽ ലഭ്യമാണ്. MAGC-യുടെ പത്താം വാർഷികത്തോടനുബന്ധിച്ചുള്ള ഈ ബൃഹത്തായ ഓണാഘോഷ പരിപാടികളിലേക്ക് എല്ലാ ചിക്കാഗോ മലയാളികളെയും ഹൃദയപൂർവം ക്ഷണിക്കുന്നതായി പ്രസിഡണ്ട് സുശീൽ വരയില്ലം, കമ്മിറ്റി അംഗങ്ങളായ ഷൈലേഷ് മേനോൻ, മണികണ്ഠൻ ചന്ദ്രൻ, സ്വപ്ന രാഹുൽ, രൺദീപ് രഘു എന്നിവർ അറിയിച്ചു.

# പതിനേഴാമത് എൻ.കെ. ലൂക്കോസ് വോളിബോൾ ടൂർണമെന്റ് നയാഗ്രയിൽ

**ആസാദ് ജയൻ**

നയാഗ്ര: കൈക്കരുത്തിന്റെയും ഉയരത്തിന്റെയും വേഗത്തിന്റെയും സമന്വയമാണ് വോളിബോൾ. വലയ്ക്ക് മുകളിലൂടെ ചാടി ഉയർന്നു പായിക്കുന്ന നിലം തുളയ്ക്കുന്ന സ്മാഷുകൾ, ആ സ്മാഷുകളെ തടുക്കാൻ കെൽപ്പുള്ള കരുത്തന്മാർ എതിർ കോർട്ടിൽ. തടുക്കുക, എതിരാളികളുടെ ബ്ലോക്കിന് മുകളിലൂടെ അടിച്ചിരുത്തുക. കായിക പ്രേമികൾക്ക് എക്കാലത്തും ആവേശമായ പതിനേഴാമത് എൻ.കെ. ലൂക്കോസ് വോളിബോൾ മത്സരം, നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബായ നയാഗ്ര പാന്തേഴ്സാണ് കാനഡയുടെ മണ്ണിലേക്ക് എത്തിക്കുന്നത്.

ഓഗസ്റ്റ് മുപ്പത്തിയൊന്നിന് നയാഗ്ര ഓൺ ദി ലയ്ക്കിലെ കമ്യൂണിറ്റി സെന്ററിലാണ് മത്സരങ്ങൾ നടക്കുക. അണ്ടർ 18, 40 പ്ലസ്, ഓപ്പൺ കാറ്റഗറി എന്നീ മൂന്ന് വിഭാഗങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്. കാനഡയിൽ ആദ്യമായി നടക്കുന്ന ടൂർണമെന്റിൽ വമ്പൻ ടീമുകളാണ് നേർക്കുനേർ ഏറ്റുമുട്ടുന്നത്. ചിക്കാഗോ കൈരളി ലയൺസ്, ഫില്ലി സ്റ്റാർസ് ഫിലാഡൽഫിയ, ഡാളസ് സ്ട്രൈക്കേഴ്സ്, റോക്‌ലാൻഡ് സോൾജിയേഴ്സ് ബഫല്ലോ, ഹൂസ്റ്റൺ ചലഞ്ചേഴ്സ്, കാലിഫോർണിയ ബ്ലാസ്റ്റേഴ്സ്, വാഷിംഗ്ടൺ കിങ്സ്, മയാമി ഹോളിവുഡ് ചലഞ്ചേഴ്സ്, ന്യൂയോർക്ക് സ്പൈക്കേഴ്സ്, നയാഗ്ര പാന്തേഴ്സ്, കനേഡിയൻ ലയൺസ്, ലണ്ടൻ ഫാൽകൺസ്, ടോറോന്റോ സ്റ്റാല്ലിയൻസ്, ബ്രാംപ്ടൺ സ്പൈക്കേഴ്സ്, ഹാമിലിട്ടൻ ഡ്രീം ടീം, താമ്പാ ബേ ഈഗിൾസ് എന്നീ ടീമുകൾ കൈക്കരുത്തിന്റെ വേഗമളക്കും.

മത്സരം കണ്ടാസ്വദിക്കാനും തുടർന്ന് വൈകുന്നേരമുള്ള പാന്തേഴ്സ് എക്സ്ട്രാ വാഗൻസ സീസൺ 2 ബാങ്കറ്റിൽ പങ്കെടുക്കുവാനും കാനഡയിലെയും അമേരിക്കയിലെയും എല്ലാ കലാ കായിക ആസ്വാദകരെയും സ്വാഗതം ചെയ്യുന്നതായി പാന്തേഴ്സ് ക്ലബിന്റെ ചെയർമാൻ തോമസ് ലൂക്കോസ് പറഞ്ഞു. ആഷ്‌ലി ജോസഫ് ആണ് ടൂർണമെന്റ് കൺവീനർ. റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങളായ പയസ്-റോയ് സഹോദരന്മാരാണ് പരിപാടിയുടെ ടൈറ്റിൽ സ്പോൺസർ.

മോർട്ട്ഗേജ് ഏജന്റായ രെഞ്ചു കോശിയാണ് പരിപാടിയുടെ പ്ലാറ്റിനം സ്പോൺസർ. ടോറോന്റായിലെ റോയൽ കേരള ഫുഡ്സിലെ സജി മംഗലത്തും ആൻഡ്രൂ മംഗലത്തും ആണ് മറ്റു സ്പോൺസർമാർ.

ക്ലബിന്റെ പ്രസിഡണ്ട് ടെന്നി കണ്ണൂക്കാടൻ, ബോർഡ് ചെയർമാൻ തോമസ് ലൂക്കോസ്, മറ്റു ഡയറക്ടർമാരായ ഷെജി ജോസഫ് ചക്കുങ്കൽ, അനിൽ ചന്ദ്രപ്പിള്ളിൽ, ധനേഷ് ചിദംബരനാഥ്, എബിൻ മാത്യു, ലിജോ വാതപ്പിള്ളി, എൽഡ്രിഡ് കാവുങ്കൽ, ബിജു ജയിംസ്, അനീഷ് കുര്യൻ എന്നിവരുടെ നേതൃത്വത്തിലാണ് വോളിബോൾ മത്സരം സംഘടിപ്പിച്ചിരിക്കുന്നത്.

ലിറ്റി ലൂക്കോസ്, ജേക്കബ് പച്ചിക്കര, ജാക്സൺ ജോസ്, തങ്കച്ചൻ ചാക്കോ, ഡീന ജോൺ, അഭിജിത്ത് തോമസ്, റ്റിനേഷ് ജെറോം, ടെൽബിൻ തോമസ്, സ്റ്റാനി ജെ. തോട്ടം, ബിനോയ് അബ്രഹാം, ദിലീപ് ദേവസ്യ, മനു അബ്രഹാം, എൽവിൻ ഇടമന, ശ്രുതി തൊടുകയിൽ, അനീഷ് കുമാർ പി. ആർ, ജോർജ് തോമസ്, ഷിന്റോ തോമസ്, ജോയ്സ് കുര്യാക്കോസ്, പ്രദീപ് ചന്ദ്രൻ, ബിജു അവറാച്ചൻ എന്നീ കമ്മിറ്റി അംഗങ്ങളും പരിപാടിയുടെ വിജയത്തിനായി പ്രവർത്തിക്കുന്നുണ്ട്.

ലൂ എന്ന് വിളിപ്പേരുള്ള പ്രശസ്ത വോളിബോൾ താരം എൻ.കെ. ലൂക്കോസിന്റെ അനുസ്മരണാർത്ഥം ആണ് എൻ.കെ. ലൂക്കോസ് എവർ റോളിങ്ങ് ട്രോഫി വോളിബോൾ മത്സരം സംഘടിപ്പിക്കുന്നത്.

1980-ൽ അമേരിക്കയിൽ എത്തിയ അദ്ദേഹം, 1987-ൽ ന്യൂയോർക്കിൽ കേരള സ്പൈക്കേഴ്സ് വോളിബോൾ ടീം രൂപീകരിച്ചു. ടീമിലെ പ്രധാന കളിക്കാരനും ആയിരുന്നു.

2003 ഫെബ്രുബരി 27-ന് ന്യൂജേഴ്സിയിൽ അപകടത്തിലാണ് എൻ.കെ. ലൂക്കോസ് അന്തരിക്കുന്നത്.




## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.88 |
| യൂറോ | 92.58 |
| സ്റ്റെർലിംഗ്പൗണ്ട് | 108.66 |
| സ്വിസ് ഫ്രാങ്ക് | 97.01 |
| സിംഗപ്പൂർ ഡോളർ | 64.02 |
| കനേഡിയൻ ഡോളർ | 61.32 |
| ഒമാൻ റിയാൽ | 217.90 |
| ബഹ്റൈൻ ദിനാർ | 222.55 |
| സൗദി റിയാൽ | 22.35 |
| യു.എ.ഇ. ദിർഹം | 22.84 |
| കുവൈത്ത് ദിനാർ | 274.31 |

# ട്രൈസ്റ്റേറ്റിന്റെ ഓണാഘോഷങ്ങൾക്ക് മാധ്യമനിര

**സദാശിവൻകുഞ്ഞി**

ഫിലാഡൽഫിയ: സംഘടനകളുടെ സംഘടനയായ ട്രൈസ്റ്റേറ്റിന്റെ ഓണാഘോഷങ്ങൾ ഈ മാസം 31-ന് ഫിലാഡൽഫിയായിലെ സീറോ മലബാർ ചർച്ച് ഓഡിറ്റോറിയത്തിൽവെച്ച് ആഘോഷിക്കുന്നു.


അഭിലാഷ് ജോൺ


ബിനു മാത്യു


ഫിലിപ്പോസ് ചെറിയാൻ


ജോബി ജോർജ്


വിൻസന്റ് ഇമ്മാനുവൽ


അരുൺ കോവാട്ട്

മുൻവർഷത്തെക്കാൾ മികച്ച രീതിയിൽ ഇത്തവണ ഓണാഘോഷങ്ങൾ ഒരുക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി വരികയാണെന്ന് ഭാരവാഹികൾ അറിയിച്ചു.

പ്രശസ്ത സിനിമാതാരം ശ്വേതാ മേനോൻ, കൗമാരസംഗീത പ്രതിഭ നവനീത് ഉണ്ണികൃഷ്ണൻ ഉൾപ്പെടെ കലാരംഗത്തെ പ്രശസ്തർ അണിനിരക്കുന്ന പരിപാടികളിൽ മെഗാതിരുവാതിര മുതലായ പരമ്പരാഗത കലാപരിപാടികളും ഗംഭീര ഓണസദ്യയും നിരവധി വ്യത്യസ്തങ്ങളായ പരിപാടികളും ഒരുക്കിയിട്ടുണ്ട്.

ഏഷ്യാനെറ്റ് എന്റർടെയിൻമെന്റ്, ഏഷ്യാനെറ്റ് ന്യൂസ്, കൈരളി, ഫ്ളവേഴ്സ് ചാനൽ, 24 ന്യൂസ് മുതലായ വിഷ്വൽ മീഡിയ രംഗത്തെ മുഴുവൻ കോർപ്പറേറ്റ് മാധ്യമങ്ങളും പരിപാടി ലൈവ് കവറേജ് നൽകുന്നുണ്ടെന്ന് ട്രൈസ്റ്റേറ്റ് കേരള ഫോറം പ്രോഗ്രാം പ്രൊഡ്യൂസർ അരുൺ കോവാട്ട് അറിയിച്ചു.



# അനീതിക്കും അഴിമതിക്കുമെതിരെ പോരാട്ടം നടത്തും: ഡോ. മാത്യു കുഴൽനാടൻ എംഎൽഎ

ഹൂസ്റ്റൺ: കേരളത്തിൽ ഒരു മാറ്റം അനിവാര്യമാണ്. ആ മാറ്റം ഉണ്ടാക്കുന്നതിന് പ്രവാസികളുടെ ഭാഗത്തുനിന്നും വലിയ പിന്തുണ ആവശ്യമാണ്. ഭരണകൂടം നടത്തുന്ന അഴിമതിക്കും അനീതിക്കും എതിരെ എന്നും പോരാടിയിട്ടുള്ള ചരിത്രമാണ് എനിക്കുള്ളത്. അത് മുഖ്യമന്ത്രി ആയാലും മന്ത്രിമാരായാലും നിർഭയനായി തുറന്നുപറയും. അതും എല്ലാ തെളിവുകളും നിരത്തിക്കൊണ്ട്. എന്റെ പോരാട്ടം തുടരുകതന്നെ ചെയ്യും. അത് നിയമസഭയിലായാലും പുറത്താണെങ്കിലും. ഞാൻ എന്തിന് ഭയപ്പെടണം? അഭിഭാഷകൻ എന്ന നിലയിലുള്ള തന്റെ നിയമപരിജ്ഞാനവും അനുഭവ പരിചയവും എന്റെ പോരാട്ടത്തിന് ശക്തി പകരുന്നു. ചങ്കൂറ്റത്തോടു കൂടി തന്നെ തന്റെ പോരാട്ടങ്ങൾ തുടരുമെന്ന് യുവകേരളത്തിന്റെ പ്രതീക്ഷയും നിയമസഭയിലെ ഗർജ്ജിക്കുന്ന സിംഹവുമായ കോൺഗ്രസിന്റെ കരുത്തനായ മൂവാറ്റുപുഴ എംഎൽഎ ഡോ. മാത്യു കുഴൽനാടൻ ഹൂസ്റ്റണിൽ തനിക്ക് ലഭിച്ച ആവേശോജ്ജ്വല സ്വീകരണത്തിന് നല്കിയ മറുപടി പ്രസംഗത്തിൽ പറഞ്ഞു.





ഹ്രസ്വസന്ദർശനാർത്ഥം ഹൂസ്റ്റണിൽ എത്തിയ മാത്യു കുഴൽനാടൻ എംഎൽഎയ്ക്കും ഫോമാ പ്രസിഡണ്ടായി ഉജ്ജ്വലവിജയം കൈവരിച്ച ഓവർസീസ് ഇന്ത്യൻ കൾചറൽ കോൺഗ്രസ് (ഒഐസിസി യുഎസ്എ) പ്രസിഡണ്ടും സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ് മുൻ പ്രസിഡണ്ടുമായ ബേബി മണക്കുന്നേലിനും ഒരുക്കിയ സ്വീകരണസമ്മേളനം പ്രമുഖ വ്യക്തികളുടെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായി.

**ജീമോൻ റാന്നി**

ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് യുഎസ്എ ഹൂസ്റ്റൺ ചാപ്റ്ററിന്റെയും സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന സ്വീകരണസമ്മേളനം ഓഗസ്റ്റ് 13-ന് ചൊവ്വാഴ്ച വൈകിട്ട് 8.30-ന് സ്റ്റാഫ് ഫോർഡിലുള്ള എസ്ഐയുസിസി കോർപ്പറേറ്റ് ഓഫീസ് ഹാളിൽ വെച്ചാണ് നടന്നത്.

വയനാട് ദുരന്തത്തിൽ മരണമടഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് മൗനപ്രാർത്ഥനയോടെയായിരുന്നു സമ്മേളനത്തിന്റെ തുടക്കം. ഒഐസിസി യുഎസ്എ ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡണ്ട് വാവച്ചൻ മത്തായി അദ്ധ്യക്ഷത വഹിച്ച സമ്മേളനം ഒഐസിസി ഗ്ലോബൽ പ്രസിഡണ്ട് ജെയിംസ് കൂടൽ ഉദ്ഘാടനം ചെയ്തു. സൗത്ത്ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡണ്ട് സഖറിയാ കോശി ആമുഖപ്രസംഗം നടത്തി. എസ്ഐയുസിസി ജനറൽ സെക്രട്ടറി ജിജി ഓലിക്കൻ സ്വാഗതം ആശംസിച്ചു.

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഫോർട്ട് ബെൻഡ് കൗണ്ടി ഡിസ്ട്രിക്ട് ജഡ്ജി സുരേന്ദ്രൻ കെ. പട്ടേൽ, എസ്ഐയുസിസി മുൻ പ്രസിഡണ്ടുമാരായ ജോർജ് കോളച്ചേരിൽ, ജോർജ് കാക്കനാട്ട്, ബോർഡംഗം ചാക്കോ തോമസ്, ഫോമാ മുൻ പ്രസിഡണ്ട് ശശിധരൻ നായർ, പ്രവാസി കോൺഗ്രസ് നേതാവ് ബാബു കൂവക്കാട്ടിൽ തുടങ്ങിയവർ ആശംസകളറിയിച്ച് സംസാരിച്ചു. ഇരുസംഘടനകളുടെയും വകയായി എംഎൽഎയ്ക്കും ബേബി മണക്കുന്നേലിനും ത്രിവർണ്ണ ഷാളുകളും പൊന്നാടയും അണിയിച്ചു.






ബേബി മണക്കുന്നേൽ മറുപടി പ്രസംഗത്തിൽ ഫോമാ പ്രസിഡണ്ടായി വിജയിക്കുന്നതിനു സഹായിച്ച എല്ലാവരോടും നന്ദി പറഞ്ഞതിനൊപ്പം പ്രവാസികളുടെ ഏതു പ്രശ്നത്തിനും ഏതു സമയത്തും തന്നെ സമീപിക്കാവുന്നതാണെന്നും അടുത്ത ഫോമാ ഫാമിലി കോൺഫറൻസ് ഹൂസ്റ്റണിൽ വെച്ച്

(ശേഷം 30-ാം പേജിൽ)



KERALA EXPRESS പ്രവാസി താളുകൾ

## തഹാവൂർ റാണയെ ഇന്ത്യക്ക് കൈമാറുന്നു

വാഷിങ്ടൺ: മുംബൈ ഭീകരാക്രമണത്തിന്റെ പിന്നിൽ പ്രവർത്തിച്ച കനേഡിയൻ വ്യവസായിയും പാക് പൗരനുമായ തഹാവൂർ ഹുസൈൻ റാണയെ ഇന്ത്യക്കു കൈമാറാൻ അനുമതി. ഇന്ത്യയും യുഎസും തമ്മിലുള്ള കരാർ വഴി തഹാവൂർ റാണയുടെ നാടുകടത്തൽ നിയമപരമാവുകയാണെന്ന് യുഎസ് അപ്പീൽ കോടതിയാണ് വ്യക്തമാക്കിയത്. ഇന്ത്യയിലേക്ക് അയയ്ക്കാനുള്ള മജിസ്ട്രേട്ട് കോടതിവിധി ചോദ്യം ചെയ്ത് 63-കാരനായ തഹാവൂർ റാണയാണ് കോടതിയെ സമീപിച്ചത്. മുംബൈ ഭീകരാക്രമണത്തിലുള്ള പങ്കാളിത്തം ചൂണ്ടിക്കാട്ടിയാണ് തഹാവൂർ റാണയെ വിട്ടുകിട്ടണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടിരുന്നത്. ഇതുമായി ബന്ധപ്പെട്ട കേസിൽ ചോദ്യം ചെയ്യുന്നതിന് വിട്ടുകിട്ടണമെന്നായിരുന്നു ഇന്ത്യയുടെ ആവശ്യം.

റാണയ്ക്കുമേൽ ആരോപിക്കപ്പെട്ട കുറ്റം അമേരിക്കയും ഇന്ത്യയും തമ്മിലുള്ള കൈമാറൽ ഉടമ്പടിയുടെ നിബന്ധനകൾക്കുള്ളിൽ വരുന്നതാണെന്ന് അപ്പീൽ കോടതി വ്യക്തമാക്കുകയായിരുന്നു. റാണയെ യുഎസിൽ കുറ്റവിമുക്തനാക്കിയ കുറ്റകൃത്യങ്ങളിൽ നിന്ന് വ്യത്യസ്തമായവ ഇന്ത്യയുടെ ആരോപണങ്ങളിലുണ്ടെന്നും വിധിന്യായത്തിൽ പറയുന്നുണ്ട്. ലോസാഞ്ചലസിലെ ജയിലിലാണ് തഹാവൂർ റാണ ഇപ്പോൾ. ലഷ്കർ ഇ തയ്ബ ഭീകരനായ പാക്-അമേരിക്കൻ പൗരൻ ഡേവിഡ് കോൾമാൻ ഹെഡ്‍ലിയുടെ അനുയായിയാണ് ഇയാൾ. 160-ലേറെ പേരുടെ മരണത്തിനിടയാക്കിയ മുംബൈ ഭീകരാക്രമണത്തിന്റെ മുഖ്യസൂത്രധാരന്മാരിൽ ഒരാൾ ഹെഡ്‍ലിയാണെന്ന് അന്വേഷണസംഘം കണ്ടെത്തിയിരുന്നു.

## യുഎഇ ഫാമിലി വിസ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ

ദുബായ്: തൊഴിൽ മേഖല, തസ്തിക എന്നിവ പരിഗണിക്കാതെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ഫാമിലി വിസ അനുവദിക്കാൻ യുഎഇ തീരുമാനിച്ചു. 3000 ദിർഹം (ഏകദേശം 68,000 രൂപ) മാസശമ്പളവും താമസ സൗകര്യവുമുള്ള ആർക്കും ഇനി കുടുംബത്തെ എത്തിക്കാം. താമസസൗകര്യത്തിന്റെ ചെലവ് സ്പോൺസർ വഹിക്കണം. 4000 ദിർഹം (ഏകദേശം 91,000 രൂപ) ശമ്പളമുള്ളവർക്ക് താമസ സൗകര്യമുണ്ടെങ്കിൽ സ്പോൺസർമാരുടെ സഹായമില്ലാതെ കുടുംബത്തെ എത്തിക്കാം.

പിതാവ് യുഎഇയിൽ ജോലി ചെയ്യുന്നുണ്ടെങ്കിൽ മക്കളുടെ സ്പോൺസർഷിപ് മാതാവിനു ലഭിക്കില്ല. പിതാവിന്റെ വിസയിൽ തന്നെ എത്തണം. ജോലി ചെയ്യാൻ അനുവാദമില്ലാത്ത താമസ വിസയാണ് മക്കൾക്കു ലഭിക്കുക. ഉദ്യോഗസ്ഥർക്കും സംരംഭകർക്കും കുടുംബ വിസയ്ക്ക് അപേക്ഷിക്കാനും അനുമതിയുണ്ട്. ഭാര്യയ്ക്കും 18 വയസ് കഴിയാത്ത ആൺകുട്ടികൾക്കും അവിവാഹിതരായ പെൺമക്കൾക്കും കുടുംബനാഥന്റെ സ്പോൺസർഷിപ്പിൽ വിസ ലഭിക്കും. എന്നാൽ, യുഎഇയിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് ഒരുവർഷ കാലാവധിയുള്ള വിസയാകും ലഭിക്കുക. ഇതു പഠനം കഴിയുംവരെ പുതുക്കാം.

താല്ക്കാലിക വിസയിൽ എത്തിയവരെ സ്ഥിരം ആശ്രിത വിസയിലേക്കു മാറ്റുമ്പോൾ കുടുംബം രാജ്യത്തെത്തിയ ദിവസം മുതൽ രണ്ട് മാസത്തിനകം സ്പോൺസർഷിപ് മാറ്റത്തിനുള്ള നടപടികൾ പൂർത്തിയാക്കണം. കുടുംബനാഥന്റെ വിസ കാലാവധിവരെ കുടുംബത്തിനും രാജ്യത്തു കഴിയാം. 18 വയസ്സിനു മുകളിലുള്ളവർക്ക് വിസ നടപടികൾ പൂർത്തിയാക്കാൻ മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധം.

## ശബരിമല വിമാനത്താവളത്തിന് പുതുവേഗം

കോട്ടയം: 'പിഎം ഗതിശക്തി' യിൽ ഉൾപ്പെടുത്തിയതോടെ ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനു പുതുവേഗം. പദ്ധതിയുടെ നടത്തിപ്പുകാരായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപറേഷൻ (കെഎസ്ഐഡിസി) സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചാണു വിമാനത്താവള പദ്ധതി പിഎം ഗതിശക്തിയിൽ ഉൾപ്പെടുത്തിയത്. വിവിധ മന്ത്രാലയങ്ങളുടെ ഏകോപനം വഴി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള കേന്ദ്ര പദ്ധതിയാണു പിഎം ഗതി ശക്തി. ഹൈക്കോടതി ഇടപെടലിനെത്തുടർന്നു റദ്ദായ, സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം വീണ്ടും പുറപ്പെടുവിക്കാനുള്ള നടപടികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. വിജ്ഞാപനത്തിന് ഒപ്പം വിമാനത്താവളത്തിന്റെ വിശദ പദ്ധതിരേഖയും (ഡിപിആർ) പ്രസിദ്ധീകരിക്കും. ഇതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

## ചലച്ചിത്ര അവാർഡുകൾ

(4-ാം പേജിൽനിന്നും)

'ഉള്ളൊഴുക്കി'ലെ സംഘർഷഭരിതമായ ഭാവാവിഷ്കാരത്തിലൂടെ ഉർവശിയും 'തടവി'ലെ ഉജ്വല പ്രകടനങ്ങളിലൂടെ ബീന ആർ. ചന്ദ്രനും മികച്ച നടിമാരായി.

'ജനനം' 1947, പ്രണയം തുടരുന്നു' എന്ന ചിത്രത്തിൽ 'പതിരാണെന്നോർത്തൊരു കനവിൽ....' എന്ന ഗാനം ആലപിച്ചതിന് സംഗീത സംവിധായകൻ പി.എസ്. വിദ്യാധരനെത്തേടി (വിദ്യാധരൻ മാസ്റ്റർ) 79-ാം വയസ്സിൽ മികച്ച ഗായകനുള്ള പുരസ്കാരമെത്തി. 'തിങ്കൾപ്പൂവിൻ ഇതളവൾ...' (പാച്ചുവും അത്ഭുതവിളക്കും) പാടിയ ആൻ ആമിയാണു മികച്ച ഗായിക. 'ചാവേറി'ലെ ചെന്താമരപ്പൂവിൻ...' എന്ന ഗാനത്തിലൂടെ ഹരീഷ് മോഹനൻ മികച്ച ഗാനരചയിതാവും ജസ്റ്റിൻ വർഗീസ് മികച്ച സംഗീത സംവിധായകനുമായി.

## ഹേമ കമ്മീഷൻ റിപ്പോർട്ട് പുറത്ത് വന്നു

(3-ാം പേജിൽനിന്നും)

ഒരേ തൊഴിലെടുക്കുന്ന സ്ത്രീയെയും പുരുഷനെയും പരിഗണിച്ചാൽ അവിടെ സ്ത്രീയെ കുറഞ്ഞ മൂല്യമുള്ള ആളായി കണക്കാക്കുന്നു. പലരെയും പഠനത്തിന് അയയ്ക്കേണ്ടതുണ്ട്. സിനിമയിൽ പവ്വർ ഗ്രൂപ്പ് ഉണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. മൊഴി നല്കാൻ സാക്ഷികൾ തയ്യാറായത് ഭയത്തോടെയാണ്. അതിക്രമം കാട്ടിയ പലരും ഉന്നതരെന്നും മൊഴി കിട്ടി. സിനിമാ മേഖലയിലെ സ്ത്രീകൾക്ക് പരാതിയുമായി പോലീസിനെ സമീപിക്കാൻ കഴിയാത്ത നിലയാണ്. അങ്ങനെ പരാതി നല്കിയാൽ പ്രത്യാഘാതം ഭീകരമെന്ന ഭീഷണിയാണ് ഉണ്ടാകുന്നത്. സോഷ്യൽ മീഡിയ ആക്രമണവും പരാതി നല്കാതിരിക്കാൻ കാരണമാണ്.

2017-ൽ നടിയെ ആക്രമിച്ച സംഭവത്തിനു ശേഷമാണ് ചലച്ചിത്രമേഖലയിൽ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാൻ ജസ്റ്റിസ് ഹേമ അദ്ധ്യക്ഷയായി കമ്മിറ്റിയെ നിയോഗിച്ചത്. 2019 ഡിസംബറിൽ ഹേമ കമ്മീഷൻ മുഖ്യമന്ത്രിക്ക് റിപ്പോർട്ട് നല്കിയെങ്കിലും സർക്കാർ പുറത്തുവിട്ടിരുന്നില്ല. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളും മുൻപ് തള്ളിയിരുന്നു. നടി ശാരദ, മുൻ ഐഎഎസ് ഉദ്യോഗസ്ഥ കെ.ബി. വത്സലകുമാരി എന്നിവരായിരുന്നു കമ്മീഷൻ അംഗങ്ങൾ. വിവരാവകാശ കമ്മീഷന്റെ നിർദേശം അനുസരിച്ചാണ് വർഷങ്ങൾക്കുശേഷം റിപ്പോർട്ട് പുറത്തുവിടുന്നത്. വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുന്ന ഭാഗങ്ങൾ കമ്മീഷൻ നിർദേശപ്രകാരം റിപ്പോർട്ടിൽ നിന്ന് ഒഴിവാക്കി.

പ്രശ്നങ്ങൾ പരിഹരിക്കാൻ ശക്തമായ നിയമം അനിവാര്യമാണെന്നും ട്രൈബ്യൂണൽ രൂപീകരിക്കണമെന്നും ജസ്റ്റിസ് കെ. ഹേമ കമ്മീഷൻ സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. സിനിമയിൽ അവസരത്തിനായി കിടക്ക പങ്കിടാൻ ആവശ്യപ്പെടുന്നതായും മറ്റു രീതിയിൽ ചൂഷണം ചെയ്യുന്നതായും പലരും നേരിട്ടും അല്ലാതെയും കമ്മീഷനെ അറിയിച്ചു. ഇതിനു പിൻബലം നല്കുന്ന രേഖകളും ചിലർ ഹാജരാക്കി. ഷൂട്ടിങ് സ്ഥലത്ത് പലപ്പോഴും ശുചിമുറിയോ വസ്ത്രം മാറാനുള്ള സൗകര്യമോ ഉണ്ടാകാറില്ല. അതു ചോദിച്ചാൽ മോശമായി പ്രതികരിക്കുന്നവരുണ്ടെന്നും ചിലർ കമ്മീഷനോട് പരാതിപ്പെട്ടിരുന്നു.

## സുപ്രീംകോടതി സ്വമേധയാ കേസെടുത്തു

(3-ാം പേജിൽനിന്നും)

സുരക്ഷിതത്വം ആവശ്യപ്പെട്ട് ഓഗസ്റ്റ് 17-ന് ഇന്ത്യയിൽ വ്യാപകമായി ഡോക്ടർമാരടക്കം ഒപി വിഭാഗത്തിലെ ആരോഗ്യപ്രവർത്തകർ പണിമുടക്കിയിരുന്നു. സംഭവം നടന്ന ആർജി കർ ആശുപത്രിക്കുനേരേ ആൾക്കൂട്ട ആക്രമണവും ഉണ്ടായിരുന്നു. ആശുപത്രി പരിസരത്ത് ഏഴു ദിവസത്തേക്ക് പോലീസ് നിരോധനാജ്ഞ പ്രഖ്യാപിച്ചിരിക്കുകയാണ്. മെഡിക്കൽ കോളജ് പരിസരത്ത് പ്രതിഷേധം പാടില്ലെന്നാണ് അറിയിച്ചിരിക്കുന്നത്. കൊല്ലപ്പെട്ട ജൂണിയർ ഡോക്ടർക്കു നീതി തേടി ഇന്ത്യാതലസ്ഥാനത്ത് മനുഷ്യച്ചങ്ങല തീർത്തും മെഴുകുതിരി തെളിച്ചും ആരോഗ്യപ്രവർത്തകർ പ്രതിഷേധിച്ചു. ഡൽഹി മെഡിക്കൽ അസോസിയേഷനടക്കമുള്ള സംഘടനകളുടെ നേതൃത്വത്തിലായിരുന്നു പ്രതിഷേധം. സമരം പാടില്ലെന്ന പോലീസിന്റെ വിലക്കു ലംഘിച്ചാണ് വിവിധ ആശുപത്രികളിൽനിന്നുള്ള ഡോക്ടർമാർ ഡൽഹി കോണാട്ട് പ്ലേസിൽ പ്രതിഷേധവുമായി 18-ന് വൈകുന്നേരം ഒത്തുചേർന്നത്.

ഓഗസ്റ്റ് 9-ന് വെള്ളിയാഴ്ച രാവിലെയാണ് ആശുപത്രിയിലെ സെമിനാർ ഹാളിനുള്ളിൽ മാനഭംഗം ചെയ്യപ്പെട്ട് കൊല്ലപ്പെട്ട നിലയിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ട്രെയിനിയായ വനിതാ ഡോക്ടറുടെ മൃതദേഹം കണ്ടെത്തിയത്.

സംഭവത്തെത്തുടർന്ന് തുടർച്ചയായി പശ്ചിമബംഗാളിലെ ആശുപത്രികളുടെ പ്രവർത്തനം തടസപ്പെട്ടിരുന്നു. ജൂനിയർ ഡോക്ടർമാരും പോസ്റ്റ്ഗ്രാജ്വേറ്റ് പരിശീലകരും ഉൾപ്പെടെ സമരത്തിലാണ്. അത്യാഹിത വിഭാഗത്തിൽ മാത്രമായിരുന്നു ജൂനിയർ ഡോക്ടർമാരുടെ സേവനം ലഭ്യമായത്. കൊലപാതകത്തെക്കുറിച്ച് സിബിഐയോ സിറ്റിംഗ് ജഡ്ജിയോ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

അതിനിടെ, കേസിൽ അറസ്റ്റിലായ പ്രതി സഞ്ജയ് റോയ് 2019 മുതൽ സംസ്ഥാന പോലീസ് വോളണ്ടിയറായി പ്രവർത്തിക്കുന്നുണ്ടെന്ന് രേഖകൾ. പോലീസ് സിവിൽ വോളണ്ടിയറായ പ്രതിക്കു പ്രതിമാസം 12000 രൂപ ശമ്പളമായി ലഭിച്ചിരുന്നു. 2019-ലാണ് പോലീസിന്റെ ദുരന്തനിവാരണ സംഘത്തിൽ വോളണ്ടിയറായി ഇയാൾ ചേരുന്നത്. തുടർന്ന് പോലീസ് വെൽഫെയർ സെല്ലിലേക്കു മാറുകയായിരുന്നു. ഇതോടെയാണ് മെഡിക്കൽ കോളജിലെ പോലീസ് ഔട്ട്പോസ്റ്റിൽ അവസരം ലഭിച്ചത്.

കേസിൽ ഒട്ടേറെ തെളിവുകൾ ഇതിനകം ശേഖരിച്ചതായി പോലീസ് അറിയിച്ചു. 9-ന് വെള്ളിയാഴ്ച പുലർച്ചെ കുറ്റകൃത്യം നടത്തിയശേഷം പ്രതി താമസസ്ഥലത്ത് മടങ്ങിയെത്തിയതായി സ്ഥിരീകരിച്ചിട്ടുണ്ട്. തെളിവു നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വസ്ത്രങ്ങൾ കഴുകി വൃത്തിയാക്കുകയും ചെയ്തു. നിർണായക തെളിവെന്നു കരുതുന്ന പ്രതിയുടെ ഷൂസ് കണ്ടെത്തിയതായും പോലീസ് പറഞ്ഞു.

## എം. പോക്സ് പടരുന്നു

(3-ാം പേജിൽനിന്നും)

ലോകാരോഗ്യ സംഘടനയുടെ ഏറ്റവും ഉയർന്ന ജാഗ്രതാ നിർദേശങ്ങളിലൊന്നാണ് ആരോഗ്യ അടിയന്തരാവസ്ഥ. മുമ്പ് എച്ച്-1 എൻ-1, പന്നിപ്പനി, പോളിയോ വൈറസ്, സിക വൈറസ്, എബോള, കോവിഡ്, എം പോക്സ് എന്നിവ വ്യാപിച്ചപ്പോഴും ആഗോള അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ട്.

എം പോക്സ് 116 രാജ്യങ്ങളിൽ വ്യാപിച്ചതായി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കേരളവും ജാഗ്രതയിലാണ്.. ഇന്ത്യയിൽ ആദ്യമായി 2022 ജൂലൈ 14-നു കേരളത്തിലും എം പോക്സ് റിപ്പോർട്ട് ചെയ്തിരുന്നു. യുഎഇയിൽ നിന്നു തിരുവനന്തപുരത്ത് എത്തിയ 35 വയസുള്ള പുരുഷനാണ് രോഗലക്ഷണങ്ങൾ കണ്ടെത്തിയത്. അദ്ദേഹം രോഗമുക്തനായെങ്കിലും കേരളത്തിൽ രോഗം വീണ്ടും കണ്ടെത്താനുള്ള സാദ്ധ്യത ഒഴിവാകുന്നില്ല. ഒട്ടേറെ രാജ്യാന്തര യാത്രക്കാർ എത്തുന്നതാണ് ഇതിനു കാരണം. യാത്ര ചെയ്യുന്നവരും അവരുമായി സമ്പർക്കത്തിലുള്ളവരും ശ്രദ്ധിക്കണമെന്ന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

## ഫൊക്കാന ട്രസ്റ്റിബോർഡിൽ

(21-ാം പേജിൽനിന്നും)

കേരളാ വിദ്യാർത്ഥി യൂണിയന്റെ പ്രവർത്തകനായി സ്കൂൾ, കോളജ് തലങ്ങളിൽ സംഘടനാ പ്രവർത്തനം നടത്തി നേതൃനിരയിൽ പ്രവർത്തിച്ചു. യൂത്ത് കോൺഗ്രസ് ഭാരവാഹിയായും പ്രവർത്തിച്ചിട്ടുള്ള സതീഷ് നിരവധി പുരസ്കാരങ്ങളും അവാർഡുകളും നേടിയിട്ടുള്ള വ്യക്തിയാണ്. ഭാര്യ: വിജി നായർ മക്കൾ: വരുൺ നായർ, നിതിൻ നായർ എന്നിവരോടൊപ്പം ചിക്കാഗോയിൽ ആണ് താമസം.

സെക്രട്ടറി ആയി തെരഞ്ഞെടുക്കപ്പെട്ട ബിജു ജോൺ ഫൊക്കാനയുടെ 2022-24 ഭരണസമിതിയിൽ ട്രഷററായി പ്രവർത്തിച്ചു നല്ല ഒരു പ്രവർത്തനം കാഴ്ചവെച്ച വ്യക്തി കൂടിയാണ്. അസാധാരണമായ സാമ്പത്തിക കാര്യനിർവഹണവും സംഘടനാ വൈദഗ്ധ്യവുമാണ് അദ്ദേഹം കാഴ്ചവെച്ചത്. ഫൊക്കാനയുടെ മുൻ അഡീഷണൽ അസോസിയേറ്റ് ട്രഷറർ ആയും പ്രവർത്തിച്ചിട്ടുള്ള ബിജു നിലവിൽ ലോക കേരള സഭാംഗവുമാണ്. അറിയപ്പെടുന്ന മാധ്യമ പ്രവർത്തകൻ കൂടിയായ ബിജു ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐ.പി.സി.എൻ.എ) യുടെ ന്യൂയോർക്ക് ചാപ്റ്റർ ഭാരവാഹിയായിരുന്നു. ഫൊക്കാനയുടെ ത്രൈമാസികയായ ഫൊക്കാന ടുഡേയുടെ ചീഫ് എഡിറ്ററായും കൺവൻഷൻ മാഗസിൻ ചീഫ് എഡിറ്ററായും, കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് സിൽവർ ജൂബിലി സുവനീർ ചീഫ് എഡിറ്ററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നിലവിൽ കേരളാ എഞ്ചിനീയറിംഗ് ഗ്രാജുവേറ്റ് അസോസിയേഷൻ ഇൻ നോർത്ത് അമേരിക്കയുടെ (കീൻ) ന്യൂസ് ലെറ്റർ ആൻഡ് പബ്ലിക്കേഷൻസ് കോ-ഓർഡിനേറ്റർ ആണ്. കീൻ ലോങ്ങ് ഐലൻഡ് റീജിയണൽ വൈസ് പ്രസിഡന്റ്, പബ്ലിക് റിലേഷൻ കോ-ഓർഡിനേറ്റർ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

എൻജിനീയറിങ്, എം.ബി.എ എന്നീ ബിരുദങ്ങൾ കരസ്ഥമാക്കിയ ബിജു ജോൺ കൊട്ടാരക്കര ജീവകാരുണ്യ പ്രവർത്തകൻ കൂടിയാണ്. ഭാര്യ: ഷിജി ജോൺ, മക്കൾ: ക്രിസ്റ്റീന, ജൊവാന എന്നിവരുമൊത്ത് ന്യൂയോർക്കിലാണ് താമസം.

## തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു

(3-ാം പേജിൽനിന്നും)

കാശ്മീരിൽ ആക്രമണങ്ങൾ തുടരുന്ന സാഹചര്യത്തിൽ സുരക്ഷ ശക്തമാക്കി തെരഞ്ഞെടുപ്പ് സുഗമമാക്കാനുള്ള നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഹരിയാനയിലും 90 നിയോജക മണ്ഡലങ്ങളാണുള്ളത്. രണ്ടുകോടിയിലധികം വോട്ടർമാർ സംസ്ഥാനത്തുണ്ട്. പത്തു വർഷമായി ബിജെപി ഭരണം തുടരുന്ന ഹരിയാനയിൽ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്ക് കനത്ത തിരിച്ചടിയാണുണ്ടായത്. കർഷകരോഷമടക്കമുള്ള വിവാദങ്ങൾ മുതലെടുത്ത് ഭരണം തിരിച്ചുപിടിക്കാനായിരിക്കും കോൺഗ്രസ് ശ്രമിക്കുക. ഹരിയാന നിയമസഭയുടെ കാലാവധി നവംബർ മൂന്നിനും മഹാരാഷ്ട്ര നിയമസഭയുടേത് നവംബർ 26-നും ജാർഖണ്ഡ് നിയമസഭയുടേത് 2025 ജനുവരി അഞ്ചിനുമാണ് അവസാനിക്കുന്നത്.

# SEEKING BRIDEGROOM

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/ PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

# SEEKING BRIDE

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures
WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# SEEKING BRIDEGROOM CONTD.....

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

KERALA EXPRESS

# നിര്യാതരായി

## തോമസ് ചാണ്ടി

**കഞ്ഞിക്കുഴി:** ചെന്നൈ പയോമ ഇൻഡസ്ട്രീസ് റിട്ട. ഡിജിഎം താഴത്തങ്ങാടി ആറ്റുതുരുത്തേൽ തോമസ് ചാണ്ടി (73) ചെന്നൈയിൽ അന്തരിച്ചു. ഭാര്യ എണ്ണശ്ശേരിലായ കാര്യക്കുളത്ത് സിന്ധു. മക്കൾ: സരിത, സച്ചിൻ (യുഎസ്). മരുമക്കൾ: കശ്യപ് ഒരുവട്ടിത്തറ (കുമരകം), ദീപ്തി ചുമ്മാരുപറമ്പിൽ ചെമ്പ് (യുഎസ്).

**ചങ്ങനാശേരി:** ഐഎസ്ആർഒ അഹമ്മദാബാദ് റിട്ട. ഉദ്യോഗസ്ഥ വലിയകുളം മാറാട്ടുകളത്തിലായ കല്ലുകളത്തിൽ ത്രേസ്യാമ്മ (തെയ്യാമ്മ-74) അന്തരിച്ചു.

**പുതുപ്പള്ളി:** പുതുപ്പള്ളി വലിയപള്ളി മുൻ ട്രസ്റ്റി കല്ലൂരയ്ക്കൽ പരേതനായ ഫിലിപ്പ് ചാക്കോയുടെ ഭാര്യ അന്നമ്മ ചാക്കോ (തങ്കമ്മ-85) അന്തരിച്ചു.

**കൊല്ലം:** എസ്.എൻ. കോളജ് സുവോളജി വിഭാഗം മുൻ മേധാവി മുണ്ടയ്ക്കൽ ബാലരമയിൽ പി. രമാമണി (80) അന്തരിച്ചു.

**അമയന്നൂർ:** മാത്തിപറമ്പിൽ പി.സി. ഏബ്രഹാം (കുഞ്ഞൂഞ്ഞ്-91) അന്തരിച്ചു.

**കോട്ടയം:** വടവാതൂർ പുകടിയിൽ ഓട്ടോ പാർട്സ് സ്ഥാപന ഉടമ പുകടിയിൽ പി.എ. ജേക്കബ് (കുട്ടപ്പൻ-99) അന്തരിച്ചു.

**മീനടം:** കൊല്ലം പുരയിടത്തിൽ (കുരക്കാട്) ലീല ജനാർദനൻ (68) അന്തരിച്ചു.

## വി.പി. മാത്യു

**കോട്ടയം:** മലയാള മനോരമ മുൻ ഉദ്യോഗസ്ഥൻ മുട്ടമ്പലം ഇടത്തുംപടിയ്ക്കലായ വെട്ടിക്കുന്നേൽ വി.പി. മാത്യു (92) അന്തരിച്ചു. ഭാര്യ: പുലിക്കുട്ടിശേരി കമ്പിയിൽ പരേതയായ ഏലിയാമ്മ മാത്യു. മക്കൾ: പരേതനായ സാം, ജേക്കബ് മാത്യു (മനോരമ മുൻ ഉദ്യോഗസ്ഥൻ), സാജൻ (യുഎസ്), ശാന്തമ്മ. മരുമക്കൾ: മിനി കളിംകൂട്ടിൽ (പാമ്പാടി), ഷിബി പറങ്ങോട്ട് (കൊല്ലാട്), ജോർജ് ഇരേച്ചേരിൽ മണർകാട് (കേറ്റർ ബേക്കറി).

**പന്നിമറ്റം:** കളത്തിപ്പറമ്പിൽ ബേബിയുടെ മകൻ റിട്ട. മിലിട്ടറി ഓഫീസർ കെ.ബി. ബാബു (53) അന്തരിച്ചു.

**പെരുന്നിലം:** അരുവിത്തുറ കിഴവഞ്ചിയിൽ ഏലിക്കുട്ടി ജോസ് (82) അന്തരിച്ചു.

**കുവപ്പള്ളി:** കുടുക്കാംതടത്തിൽ കെ.എം. ദേവസ്യ (പാപ്പച്ചി-80) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** ചിറക്കടവ് കുളങ്ങരമുറിയിൽ പരേതനായ മാമച്ചന്റെ ഭാര്യ സാറാമ്മ മാമ്മൻ (103) അന്തരിച്ചു.

**പച്ച:** പച്ച-ചെക്കിടിക്കാട് സെ. സേവ്യേഴ്സ് യുപിഎസ് റിട്ട. പ്രധാനാദ്ധ്യാപകൻ തട്ടുപുരയ്ക്കൽ ടി.ടി. ഫ്രാൻസിസ് (കുട്ടപ്പൻ-95) അന്തരിച്ചു.

## രുദ്രായണി രാധാകൃഷ്ണൻ

**തിരുവനന്തപുരം:** പ്രമുഖ യോഗ അദ്ധ്യാപികയും സർവവിജ്ഞാനകോശം മുൻ അസി. ഡയറക്ടറുമായ വഴുതക്കാട് നിർവൃതിയിൽ രുദ്രായണി രാധാകൃഷ്ണൻ (80) അന്തരിച്ചു. ഭർത്താവ് ഐഎസ്ആർഒ റിട്ട. ഡപ്യൂട്ടി ഡയറക്ടർ പി. രാധാകൃഷ്ണൻ. മക്കൾ: ഗൗതം രാധാകൃഷ്ണൻ (റിട്ട. എയർഫോഴ്സ്), ലക്ഷ്മി ഫോക്സ് (യുഎസ്). മരുമകൻ: സ്റ്റീവൻ ഫോക്സ്.

**തിരുവനന്തപുരം:** കേരളത്തിലെ ഗവ. മെഡിക്കൽ കോളജുകളിലെ ആദ്യ വനിതാ ഓർത്തോപീഡിക്സ് സർജനും തിരുവനന്തപുരം മെഡിക്കൽ കോളജ് ഓർത്തോപീഡിക്സ് മുൻ പ്രഫസറുമായ ബി. രേണുക മോഹൻകുമാർ (70) അന്തരിച്ചു.

## വർഗീസ് ജോൺ



**ഡാളസ്:** ആലപ്പുഴ എരമല്ലൂർ തെന്നടിയിൽ വർഗീസ് ജോൺ (69) ഡാളസിൽ അന്തരിച്ചു. സെ. ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് ഇടവകാംഗമായിരുന്നു. ഭാര്യ ആനിയമ്മ വറുഗീസ്. പുളിക്കീഴ് മാലിപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: അനൂപ് വർഗീസ്, ബിനൂപ് വർഗീസ്. മരുമക്കൾ: ലിൻസി അനൂപ്, ഷിജി ബിനൂപ്. ആശാ ഉമ്മൻ (ന്യൂജേഴ്സി) പരേതന്റെ സഹോദരിയാണ്.

**കോട്ടയം:** ദി പെന്തെക്കൊസ്ത് മിഷൻ സുവിശേഷ പ്രവർത്തക മദർ പി.എം. മേരിക്കുട്ടി (കൊട്ടാര മേരിക്കുട്ടി-88) അന്തരിച്ചു.

**പൂവരണി:** പുത്തൻപുരയ്ക്കൽ (തെക്കേതിൽ) കുഞ്ഞുഞ്ഞമ്മ തോമസ് (73) അന്തരിച്ചു.

**കുറുപ്പന്തറ:** കളരിപ്പറമ്പിൽ കെ.ടി. ജയിംസ് (കുഞ്ഞൂഞ്ഞ് - 92) അന്തരിച്ചു.

**മണിമല:** കോട്ടാങ്ങൽ കൈപ്പയിൽ പരേതനായ കെ.ജെ തോമസിന്റെ ഭാര്യ അന്നക്കുട്ടി തോമസ് (87) അന്തരിച്ചു.

**എസ്എച്ച് മൗണ്ട്:** പൗവത്ത് പറമ്പിൽ ബേബിയുടെയും ലിസിയുടെയും മകൻ എബിൻ ബേബി (27) അന്തരിച്ചു.

**അതിരമ്പുഴ:** നടയ്ക്കൽ പരേതനായ എൻ.കെ. ഫ്രാൻസിസിന്റെ ഭാര്യ മറിയാമ്മ ഫ്രാൻസിസ് (90) അന്തരിച്ചു.

**റാന്നി:** അങ്ങാടി മേനാംതോട്ടം ഇടശേരിൽ മോഹൻ തോമസ് (67) അന്തരിച്ചു.

## പ്രഫ. വി.എ. തോമസ്

**കോട്ടയം:** ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജ് റിട്ട. അധ്യാപകൻ എസ്എച്ച് മൗണ്ട് വടക്കേത്തൊട്ടിയിൽ പ്രഫ. വി.എ. തോമസ് (79) അന്തരിച്ചു. ഭാര്യ: കോട്ടയം എസ്എച്ച് മൗണ്ട് കളത്തിൽ പ്രഫ. കെ.എം. ചിന്നമ്മ (റിട്ട. അധ്യാപിക ബിസിഎം കോളജ്, കോട്ടയം). മക്കൾ: ആൻ താര തോമസ് (സാൻജോസ് സിഎ), മരിയ ടിസ തോമസ്, എബി ടിനോ തോമസ് (ഇരുവരും സാൻ അൻറ്റോണിയോ). മരുമക്കൾ: സ്റ്റീഫൻ മാവേലിൽ (കൂടല്ലൂർ), ഷൈജു വേങ്ങച്ചേരിൽ (രാജപുരം), സിൽജിയ കൊടുന്നിനാംകുന്നേൽ പുതുവേലി (എല്ലാവരും യുഎസ്).

**പുന്നവേലി:** ചീരമറ്റം ഈട്ടിക്കൽ അന്നമ്മ ഇട്ടി (ലീലാമ്മ -94) അന്തരിച്ചു.

**മോനിപ്പള്ളി:** കൊച്ചുപറമ്പിൽ ജോസഫ് ജോസഫ് (77) അന്തരിച്ചു.

**പുതുവേലി:** പുളിമൂട്ടിൽ ഏലിയാമ്മ ജോൺ (കുഞ്ഞുമോൾ-80) അന്തരിച്ചു.

**കോട്ടയ്ക്കുപുറം:** കുടിലിൽ പരേതനായ കെ.എസ് മാത്യുവിന്റെയും ഏലിയാമ്മ മാത്യുവിന്റെയും മകൻ രാരിച്ചൻ മാത്യു (57) അന്തരിച്ചു.

**കോട്ടയം:** ചാലുകുന്ന് വാഹനാട്ട് പരേതനായ ഫിലിപ്പ് ചാണ്ടിയുടെ ഭാര്യ ശാന്താ ഫിലിപ്പ് (90) അന്തരിച്ചു.

**തിരുവല്ല:** മണിപ്പുഴ കുരീക്കാട്ടിൽ ഉഷസിൽ ജി. ഉണ്ണികൃഷ്ണൻ നായർ (77) അന്തരിച്ചു.

## കത്രീന ഉലഹന്നാൻ

**ജോസ്ഗിരി:** തകടിയേൽ കത്രീന (പെണ്ണമ്മ-89) അന്തരിച്ചു. ആനിക്കാട്ട് കൊച്ചുപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഉലഹന്നാൻ ചാക്കോ. മക്കൾ: ജോണി, മാത്യുകുട്ടി, ഈപ്പച്ചൻ, ഡെയ്സമ്മ, സെലീനാമ്മ, ആൻസി, ഫാ. സജി (യുഎസ്). മരുമക്കൾ: മേരി പണ്ടാരുകുന്നേൽ, സാലി ഈന്തനാംകുഴിയിൽ, പുഷ്പ പുതിയിടത്ത്, ബേബി മുല്ലക്കരി, തങ്കച്ചൻ കുഴിക്കാട്ട്, ഷേബി കുരിശിങ്കൽ, പരേതയായ അൻസല കാഞ്ഞമല.

**പട്ടിത്താനം:** കണ്ണാക്കുഴിയിൽ മേരി ദേവസ്യ (68) അന്തരിച്ചു.


**മള്ളൂശേരി:** റിട്ട. എസ്ഐ വഞ്ചിപുരയ്ക്കൽ എം.കെ. ജോണി (74) അന്തരിച്ചു.

**നട്ടാശേരി:** വാളിപ്ലാക്കൽ പരേതനായ മാത്യുവിന്റെ ഭാര്യ അന്നമ്മ (74) അന്തരിച്ചു.

**വടയാർ:** ബിഎസ്എൻഎൽ റിട്ട. ടെക്നിക്കൽ സൂപ്പർവൈസർ പടിഞ്ഞാറേക്കര ദീപ്തിയിൽ (സ്രാമ്പിക്കൽ) എസ്. രാധാകൃഷ്ണൻ നായർ (80) അന്തരിച്ചു.

**അതിരമ്പുഴ:** കുന്നേൽ കെ.എസ്. ടോമി (64) അന്തരിച്ചു.

## ലുഡ്‌വിക് സഖറിയ കുര്യൻ



**കോട്ടയം:** പുതുപ്പള്ളി എറികാട് വടശേരിൽ കണിയാംപറമ്പിൽ ലുഡ്‌വിക് സഖറിയ കുര്യൻ (60) സിയാറ്റലിൽ അന്തരിച്ചു. യുഎസ് ഇമിഗ്രേഷൻ നാച്യുറൈലൈസേഷൻ മുൻ ഉദ്യോഗസ്ഥൻ കുര്യൻ സഖറിയയുടെയും റോസമ്മയുടെയും മകനായ പരേതൻ ബോയിങ് എയർക്രാഫ്റ്റ് കമ്പനിയുടെ ടെക്നിക്കൽ ആൻഡ് സർട്ടിഫിക്കേഷൻ ടീം ഹെഡ് ആയിരുന്നു. ഭാര്യ സൂസെൻ താൽവോ. മക്കൾ: അലൈസ, മരിസ, സാഹരി.

**തൃക്കോതമംഗലം:** ഇലഞ്ഞിമൂട്ടിൽ ഇ.ടി. കുരുവിള (പാപ്പച്ചി-82) അന്തരിച്ചു.

## എത്സമ്മ ഏബ്രഹാം

**അതിരമ്പുഴ:** പുതുശ്ശേരിയിൽ പരേതനായ അവറാച്ചന്റെ ഭാര്യ എത്സമ്മ ഏബ്രഹാം (72) നോർത്ത് കരോലിനയിൽ അന്തരിച്ചു. മക്കൾ: ജസ്റ്റിൻ, ജൂലി. മരുമക്കൾ: സോഫിയ, ജോർജ്.

**തലവടി:** മലങ്കര ഓർത്തഡോക്സ് സഭ കൊൽക്കത്ത ഭദ്രാസനത്തിലെ സീനിയർ വൈദികൻ ചിറമേൽ തോട്ടുകടവിൽ തടത്തിൽ ഫാ. ഏബ്രഹാം തോമസ് (63) അന്തരിച്ചു.

**തിരുവനന്തപുരം:** മാധ്യമപ്രവർത്തകയും ദുബായ് ആസ്ഥാനമായ റേഡിയോ കേരളം 1476 എഫ്എം അവതാരകയുമായ രമ്യ സോമസുന്ദരം (ആർജെ ലാവണ്യ-41) അന്തരിച്ചു.

**ആർപ്പൂക്കര:** വടക്കേരി വി.സി. കുര്യൻ (92) അന്തരിച്ചു.

**പുതുപ്പള്ളി:** കാഞ്ഞിരത്തുംമൂട് മൈലക്കാട്ട് എം.കെ. ഉതുപ്പ് (കുഞ്ഞൂഞ്ഞുട്ടി-73) അന്തരിച്ചു.

## തങ്കമ്മ വർഗീസ്

**ചെങ്ങന്നൂർ:** മുണ്ടാൻകാവ് പ്ലാമൂട്ടിൽ തങ്കമ്മ വർഗീസ് (80) ന്യൂയോർക്കിൽ അന്തരിച്ചു. തിരുവല്ല കണക്കാട്ട് കുടുംബാംഗമാണ്. ഭർത്താവ് പി.എം. വർഗീസ്. മക്കൾ: വത്സമ്മ, ഡെൻസി, എബി, എമിലി (എല്ലാവരും ന്യൂയോർക്ക്). മരുമക്കൾ: അച്ചൻകുഞ്ഞ്, ജോൺസൺ, മിനി, മോനച്ചൻ (എല്ലാവരും ന്യൂയോർക്ക്).

**പാലാ:** പാലാ എംആർഎം പിസിഎസ് റിട്ട. മാനേജർ കരിങ്ങോഴയ്ക്കൽ (ഞാവള്ളിൽ) ജേക്കബ് ജോർജ് (ജെയ്ക്-64) അന്തരിച്ചു.

**തിരുവാർപ്പ്:** മുണ്ടാക്കൽ മറിയാമ്മ മാത്യു (103)അന്തരിച്ചു.

## ശോശാമ്മ ജോർജ്

**പള്ളം:** അമ്മൂട്ടിൽ ശോശാമ്മ ജോർജ് (86) അന്തരിച്ചു. തിരുവാർപ്പ് മണലേൽച്ചിറ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഉമ്മൻ ജോർജ്. മക്കൾ: ഡോ. അരുൺ ജോർജ് (യുഎസ്), ആശ വർക്കി. മരുമക്കൾ: ഡോ. സൂസൻ ജോർജ് (യുഎസ്), ഡോ. കുരുവിള വർക്കി (ഭാരത് ആശുപത്രി കോട്ടയം).

**കോട്ടയം:** മറിയപ്പള്ളി ഈശ്വരവിലാസം പാലസിൽ കെഎസ്ഇബി സീനിയർ സൂപ്രണ്ട് കെ.ആർ. രവിവർമ്മ തമ്പാൻ (91) അന്തരിച്ചു.

**കോട്ടയം:** പത്രപ്രവർത്തകനും എഴുത്തുകാരനുമായ മുകുന്ദൻ കാരാണി (74) അന്തരിച്ചു.

**അതിരമ്പുഴ:** ശ്രീകണ്ഠമംഗലം പാറേകണ്ടത്തിൽ ജോസ് ആന്റണി (64) അന്തരിച്ചു.

## ബി. വിജയൻ

**തൃശൂർ:** എഫ്എആർഎഐ അഖിലേന്ത്യാ സെക്രട്ടറിയും ജർമൻ റെമെഡീസ് കൗൺസിലിന്റെ അഖിലേന്ത്യാ കൺവീനറുമായിരുന്ന ബി. വിജയൻ (72) അന്തരിച്ചു. ഭാര്യ പരേതയായ സൂര്യ വിജയൻ. മകൻ: അഭിലാഷ് വിജയൻ. മരുമകൾ: ദീപ അഭിലാഷ് (ഇരുവരും യുഎസ്).

**പാലാ:** കരൂർ ഞാവള്ളി ചൂരനാട്ട് ടി.സി. ബാബു (70) അന്തരിച്ചു.

**മൂഴൂർ:** കണിപറമ്പിൽ പരേതനായ കെ.എ ചാക്കോയുടെ ഭാര്യ ത്രേസ്യാമ്മ ചാക്കോ (96) അന്തരിച്ചു.

**നെടിയശാല:** റിട്ട. അസി. എക്സിക്യൂട്ടീവ് എൻജിനീയർ ചെള്ളുപറമ്പിൽ ജോജോ (63) അന്തരിച്ചു.

**ഇരവിമംഗലം:** തായിപ്പടിക്കൽ സാറാമ്മ ലൂക്കോസ് (83) അന്തരിച്ചു.

**കുറവിലങ്ങാട്:** തോട്ടുവ വഴുതനപ്പള്ളിൽ മാത്യു കുരുവിളയുടെ ഭാര്യ ലില്ലിക്കുട്ടി മാത്യു (71) അന്തരിച്ചു.

**ചങ്ങനാശേരി:** കല്ലൂർ തുണ്ടിയിൽ (കണിയാംപറമ്പിൽ) മറിയാമ്മ ജോയി (64) അന്തരിച്ചു.

പെരിങ്ങാശേരി: റെയിൽവേ റിട്ട. സിടിടിഐ ഉറുമ്പിൽ യു.ആർ. ബാലകൃഷ്ണൻ (75) അന്തരിച്ചു.

**ഇടമറുക്:** കടപ്ലാക്കൽ മേരി തോമസ് (90) അന്തരിച്ചു.

**കൈപ്പുഴ:** പുത്തൻപുരയ്ക്കൽ വിമല ജോൺ (73) അന്തരിച്ചു.

**നീലംപേരൂർ:** പുത്തൻകളത്തിൽ (നികത്തിൽ) ടി.കെ. തോമസ് (കുഞ്ഞുമോൻ-85) അന്തരിച്ചു.

**കാക്കനാട്:** കാക്കനാട് ആലുങ്കൽ വുഡ് ക്രാഫ്റ്റ് ഉടമ റോയൽ ഹെറിറ്റേജ് വില്ലയിൽ ഫിലിപ്പ് ഏബ്രഹാം (ബാബു-69) അന്തരിച്ചു.

## എം.യു. സ്റ്റീഫൻ

**ഉഴവൂർ:** മുടക്കാലിൽ എം.യു. സ്റ്റീഫൻ (87) അന്തരിച്ചു. ഭാര്യ: കരിങ്കുന്നം കൊച്ചുകരുത്തേടത്ത് ഏലിയാമ്മ. മക്കൾ: ബീന (സൗദി), ജോമോൻ (യുകെ), ജയ്മോൾ (യുകെ), പുഷ്പ (ഹൂസ്റ്റൺ). മരുമക്കൾ: ജോസ് മ്യാലിൽ (കൂടല്ലൂർ), സിമി കൊല്ലപ്പള്ളിൽ (പിറവം), സാജൻ വെട്ടിക്കൽ ഉഴവൂർ (സെക്രട്ടറി അധ്യാപക സഹകരണ സംഘം), ഷിബു കുഴികണ്ടത്തിൽ (ഇരവിമംഗലം).

**ഭരണങ്ങാനം:** കുറുപ്പഞ്ചേരിൽ കെ.സി. സ്കറിയ (പാപ്പച്ചൻ-90) അന്തരിച്ചു.

**ചിങ്ങവനം:** പട്ടശേരിൽ തെക്കേക്കുറ്റ് റോബിൻ ഏബ്രഹാം (42) അന്തരിച്ചു.

**പൊൻകുന്നം:** റിട്ട. അദ്ധ്യാപകൻ പുന്നശേരി പി.എം. ജോൺ (60) അന്തരിച്ചു.

**മണിമല:** ഇളങ്ങോയി തൊമ്പുന്നയിൽ ജെയിംസ് ടി. ജോൺ (59) അന്തരിച്ചു.

**പൂവരണി:** പാറേക്കാട്ട് മറ്റപ്പള്ളിൽ ക്ലാരമ്മ തോമസ് (95) അന്തരിച്ചു.

**റാന്നി:** മന്ദമരുതി പുളിമൂട്ടിൽ പി.സി. ഏബ്രഹാം (സണ്ണി -60) അന്തരിച്ചു.

**പുത്തൻകാവ്:** അയിരൂകുഴിയിൽ മറിയാമ്മ ഉമ്മൻ (101) അന്തരിച്ചു.

**തൊമ്മൻകുത്ത്:** പുതുപറമ്പിൽ തെക്കേത് മറിയം ജോസഫ് (കുഞ്ഞാമ്മി-95) അന്തരിച്ചു.

## അന്നാമ്മ ജോസഫ്

**എഴുമറ്റൂർ:** കുമ്പിളുവേലിൽ അന്നാമ്മ ജോസഫ് (ലീലാമ്മ -70) അന്തരിച്ചു. റാന്നി വയലത്തല നെടുമാങ്കുഴിയിൽ കുടുംബാംഗമാണ്. ഭർത്താവ് കെ.ജെ. ജോസഫ്. മക്കൾ: വിനു ജോസഫ് (യുഎസ്), ഡോ. വിനി ജോസഫ് (കെഎംസി ആശുപത്രി കല്ലിശേരി). മരുമകൾ: ഡോണാ മെർലിൻ (യുഎസ്).

**തൃക്കൊടിത്താനം:** മാറാട്ടുകളം പരേതനായ എം.ജെ. സ്കറിയയുടെയും വത്സമ്മയുടെയും മകൻ ജേക്കബ് സ്കറിയ (ചാക്കോച്ചൻ-60) അന്തരിച്ചു.

**കോട്ടയം:** മള്ളൂശേരി പ്രെയർ ഫെലോഷിപ്പ്, മള്ളൂശേരി പുല്ലരിക്കുന്ന് ഐക്യ ക്രിസ്തീയ കൺവെൻഷൻ എന്നിവയുടെ സ്ഥാപകൻ സി.ഡി സദനത്തിൽ സുവിശേഷകൻ പോൾ ദിവാകരൻ (85) അന്തരിച്ചു.

**പുന്നവേലി:** ചീരമറ്റം ഈട്ടിക്കൽ അന്നമ്മ ഇട്ടി (ലീലാമ്മ -94) അന്തരിച്ചു.

**പുതുപ്പള്ളി:** കല്ലൂരയ്ക്കൽ പുതുപ്പള്ളി വലിയപള്ളി മുൻ ട്രസ്റ്റി പരേതനായ ഫിലിപ്പ് ചാക്കോയുടെ ഭാര്യ അന്നമ്മ ചാക്കോ (തങ്കമ്മ-85) അന്തരിച്ചു.

**നടയ്ക്കപ്പാടം:** എത്തയ്ക്കാട്ട് എ.ജെ. തോമസ് (കുഞ്ഞച്ചൻ-86) അന്തരിച്ചു.

## വസ്തു വില്പനയ്ക്ക്

കോട്ടയം സംക്രാന്തി-ചെമ്മനംപടി ആറ്റുമാലി റോഡരുകിൽ river frontage ഉള്ളതും വെള്ളം കയറാത്തതുമായ 22.5 സെന്റ് വസ്തു മൊത്തമായോ പ്ലോട്ടുകളായോ വില്പനയ്ക്ക്. കോട്ടയം മെഡിക്കൽ കോളജിലേക്ക് 1200 മീറ്റർ മാത്രം.

**ഫോൺ: + 91 7012562340**

**Email - vidya99@yahoo.com**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

### *Favors Received*



*Saint Alphonsamma*

*Inserted by: Firm Believer, Atlanta*

### *Favors Received*



*Saint Alphonsamma*

*Inserted by: Firm Believer, Atlanta*

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, New York*

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, New York*

## 7 CENT HOUSE PLOT FOR SALE AT PERANDUR, EDAPALLY, KOCHI

Road access, Close to HWY, Hospitals, Churches, and Temples, Airport. Reasonable Price.

**If interested please e mail at**

**skrish3299@yahoo.com**

## SEEKING A LIVE-IN CAREGIVER IN NASHVILLE, TENNESSEE

Seeking a live-In caregiver in Nashville, Tennessee, for my 75-year-old mother. She is mobile with the help of a walker, and needs help with daily activities and household work including cooking. Accommodation, food and attractive salary offered.

**Please contact**

**shinakp@gmail.com** or

call **615-423-7332**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Virginia*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Virginia*

**Visit Our Website:** **www.keralaexpress.com for Classified Advt.**

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. അഞ്ജനയുടെ ഭർത്താവ് ഡിവൈഎസ്പിയായ ഹേമചന്ദ്രനായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. പിടിയിലാകുമെന്നുറപ്പായപ്പോൾ ബാലകൃഷ്ണമേനോൻ സ്വയം വെടിവെച്ചു മരിച്ചു. പോണ്ടിച്ചേരിയിൽനിന്നു വന്നശേഷം മാളവിക ഒരു കരാർ ഉടമ്പടി രജിസ്റ്റർ ചെയ്തതായി സന്ദീപിനു വിവരം ലഭിക്കുന്നു....**

# കാണാത്ത തീരങ്ങൾ

ജോയ്സി

110

അല്ലിമയ്ക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻവേണ്ടി സന്ദീപ് അൽപം വിശദമായിത്തന്നെ പറഞ്ഞു:

"അതായത്, മാങ്ങോട്ടുശേരിക്കാരും കല്ലാറ്റുപടിക്കൽകാരും പറയുന്നത് മാളവിക, കോടതിയുടെ അനുവാദത്തോടെ ചന്ദ്രബാബുവിന്റെ ഭാര്യയായശേഷം മാളവികയെ അവളുടെ ബന്ധുക്കളാരും കാണുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ലെന്നാണല്ലോ."

"പക്ഷേ അതല്ലല്ലോ സന്ദുവേട്ടാ സത്യം. പോണ്ടിച്ചേരീലെ ഹോസ്പിറ്റലിലല്ലേ അമ്മ എന്നെ പ്രസവിച്ചത്. അമ്മേടെ ആൾക്കാരല്ലേ അങ്ങോട്ടു കൂട്ടിക്കൊണ്ടു വന്നതും തിരിച്ചു കൊണ്ടുപോയതും."

"അത് നമുക്കല്ലേ അറിയൂ. പിന്നെ ഈ കള്ളക്കളിയൊക്കെ കളിച്ചവർക്കും അറിയാം. പക്ഷേ, പോലീസിനോട് അവര് കുറ്റം സമ്മതിച്ചിട്ടില്ല. അവർക്കൊന്നും അറിയില്ലെന്നല്ലേ പറയുന്നെ... പോണ്ടിച്ചേരീൽ പോയി അന്വേഷിച്ച പോലീസിനും തെളിവൊന്നും കിട്ടിയില്ല."

"ഇപ്പോ അതു തെളിയിക്കാൻ പറ്റിയ എന്തു ക്ലൂ ആണ് കിട്ടിയത്?"

"അതല്ലേ ആദ്യമേ പറഞ്ഞത്. നയന്റീൻ നയന്റി സെവൻത് മാർച്ചിൽ കാഞ്ഞിരപ്പള്ളി സബ് രജിസ്ട്രേഷൻ ഓഫീസിൽ ഒരു ലാൻഡ് രജിസ്ട്രേഷൻ നടന്നിട്ടുണ്ട്. അതും മാളവിക ഒപ്പിട്ട രേഖയോടുകൂടിയ രജിസ്ട്രേഷൻ."

"എന്തു രജിസ്ട്രേഷനാ അത്?"

"മാളവിക അവരുടെ പേരിലുണ്ടായിരുന്ന പതിനാലേക്കർ പുരയിടം സഹോദരനായ ഹരീന്ദ്രന്റെ പേരിലേക്ക് ഇഷ്ടദാനമായി എഴുതിക്കൊടുക്കുന്ന പ്രമാണം." സന്ദീപ് വെളിപ്പെടുത്തി.

"അങ്ങനെയൊരു സംഭവം നടന്നോ?"

"അതിനു കൃത്യമായ രേഖകളുണ്ട്."

"അമ്മയുടെ പേരിൽ അങ്ങനൊരു സ്ഥലംണ്ടായിരുന്നോ?"

"ഉണ്ടായിരുന്നതുകൊണ്ടാണല്ലോ പ്രമാണം രജിസ്റ്റർ ചെയ്തു കൊടുത്തത്."

"ഇത് സന്ദുവേട്ടനോട് ആരാ പറഞ്ഞത്?"

"രജിസ്ട്രേഷന്റെ കാര്യം ആരും പറഞ്ഞതല്ല. ഞാൻ തിരക്കി കണ്ടുപിടിച്ചതാ. പക്ഷേ, മാളവികയുടെ പേരിൽ വസ്തുവകകൾ ഉണ്ടായിരുന്നെന്നു പറഞ്ഞത് അനിച്ചേട്ടനാണ്. ചന്ദ്രബാബുവിന്റെ അനിയൻ."

"അങ്കിളിന് എങ്ങനെ അറിയാം?"

"ചന്ദ്രബാബുവിനോട് മാളവിക സൂചിപ്പിച്ചിട്ടുണ്ടായിരുന്നത്രേ. മാളവികയുടെ മുത്തശ്ശി മരണപ്പെടുന്നതിനു മുൻപ് അവരുടെ പേരിൽ പൈതൃകസ്വത്തായി ഉണ്ടായിരുന്ന ഇരുപത്തെട്ട് ഏക്കർ വരുന്ന തെങ്ങുംപുരയിടം മാളവികയുടെയും അഞ്ജനയുടെയും പേരിലേക്ക് എഴുതിക്കൊടുത്തു. അന്ന് അവർ രണ്ടുപേരും മൈനറായിരുന്നതിനാൽ ക്രയവിക്രയങ്ങൾ സാധ്യമായിരുന്നില്ല."

"അതെന്താണാവോ രണ്ടുപേർക്കു മാത്രം കൊടുത്തത്. വേറെ അവകാശികളില്ലായിരുന്നോ?"

"ആ മുത്തശ്ശിയുടെ കൊച്ചുമക്കളിൽ പെൺകുട്ടികളായിട്ട് രണ്ടു പേരെ ഉണ്ടായിരുന്നുള്ളൂ. ഒന്ന് ബാലമ്മാമയുടെ മകൾ അഞ്ജന. മറ്റത് മല്ലികച്ചിറ്റയുടെ മകൾ മാളവിക. എന്റെ മുത്തശ്ശിക്കും ഭാസിയമ്മാമയ്ക്കും പെൺമക്കളുണ്ടായിരുന്നെങ്കിൽ അവർക്കും കിട്ടിയേനെ ഒരു വിഹിതം. എന്റെ മുത്തശ്ശിക്ക് അച്ഛൻ ഒരൊറ്റ മകനായിപ്പോയില്ലേ. ഭാസിയമ്മാമയ്ക്ക് രണ്ടാൺമക്കൾ. ലോട്ടറിയടിച്ചത് ബാലമ്മാമയുടെ മോൾക്കും മല്ലികച്ചിറ്റയുടെ മോൾക്കുമാണ്. പക്ഷേ, അനുഭവിക്കാൻ യോഗമുണ്ടായില്ല."

"അമ്മയുടെ സമ്മതമില്ലാതെ ഹരീന്ദ്രൻ അങ്കിൾ എങ്ങനെ അത് എഴുതിവാങ്ങി?"

"സമ്മതിപ്പിച്ചിട്ടുണ്ടാകും. ഇല്ലെങ്കിൽ മാളവികയാണെന്നു പറഞ്ഞ് ഫേക്ക് ഐഡിയുണ്ടാക്കി മറ്റേതെങ്കിലും സ്ത്രീയെ സ്വന്തം സഹോദരിയായി അവതരിപ്പിച്ച് ചെയ്യിച്ചതായിരിക്കാം." സന്ദീപ് പറഞ്ഞു.

"അങ്ങനെ ചെയ്യാൻ പറ്റ്വോ?"

"പണവും സ്വാധീനവുമൊണ്ടെങ്കി എന്താ ചെയ്യാൻ വയ്യാത്തെ. സഹോദരി സ്വന്തം സഹോദരന് ഇഷ്ടദാനം കൊടുക്കുന്നതിൽ ലാഭക്കച്ചവടമില്ലാത്തതുകൊണ്ട് ആരും സംശയിക്കില്ലല്ലോ."

"മറ്റൊരു സ്ത്രീയെക്കൊണ്ടാ ചെയ്യിപ്പിച്ചതെങ്കിൽ, അതിനി തെളിയിക്കാൻ സാധിക്കോ സന്ദുവേട്ടാ...?"

"അതിൽ ഹരീന്ദ്രനെ പൂട്ടാൻ ഒരു കത്രികപ്പൂട്ട് കിടപ്പുണ്ട്. തൊണ്ണൂറ്റാറ് മാർച്ചിനുശേഷം മാളവികയെ കണ്ടിട്ടേയില്ലെന്നുപറഞ്ഞ് കൊടുത്ത സത്യവാങ്മൂലം പൊളിയും. കോടതിയോടും പോലീസിനോടും ഉത്തരം പറയേണ്ടിവരും."

"രജിസ്ട്രേഷനുശേഷം അമ്മയെ അവർ കാഞ്ഞിരപ്പള്ളി ബസ്സ്റ്റാൻഡിൽ കൊണ്ടുവിട്ടു. പിന്നൊന്നും അറിയില്ല എന്നു പറഞ്ഞാലോ- അങ്ങനെ പറയാനും മടിക്കുന്നവരല്ലല്ലോ."

"അങ്ങനെയങ്ങ് ഒഴിഞ്ഞുമാറാൻ പറ്റ്വോ? തൊണ്ണൂറ്റിയേഴ് മാർച്ചുവരെയെങ്കിലും മാളവിക അവരുടെ സംരക്ഷണയിലുണ്ടായിരുന്നു എന്ന് അവർക്ക് സമ്മതിച്ചേ പറ്റൂ. മുരിക്കാശേരി പോലീസ് സ്റ്റേഷനിൽ ചന്ദ്രബാബുവിന്റെ അച്ഛൻ കൊടുത്ത പരാതിയുടെ പകർപ്പുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത്, മാളവികയുടെ അച്ഛനും സഹോദരനും ഹേമചന്ദ്രനും മറ്റു ചിലരും ചേർന്ന് മാളവികയെ കൂട്ടിക്കൊണ്ടു പോയെന്നാ. ഡേറ്റ് സഹിതമാ പരാതി കൊടുത്തിരിക്കുന്നത്. അതുശരിയാണെന്നു വന്നാൽ മാളവികയെ പോണ്ടിച്ചേരിയിൽ കൊണ്ടുവന്നതും പ്രസവിച്ച കുഞ്ഞിനെ ഉപേക്ഷിച്ചതും സത്യമായിരുന്നു എന്നു തെളിയും."

"ഇതൊക്കെ സത്യമാണെന്നു തെളിഞ്ഞാൽ എനിക്കെന്റെ അമ്മയെ ജീവനോടെ കിട്ട്വോ?"

"അതെനിക്കറിയില്ല. പക്ഷേ, മാളവികയ്ക്ക് എന്തു സംഭവിച്ചു എന്ന് അവർക്കു വെളിപ്പെടുത്തേണ്ടി വരും."

"എവിടെങ്കിലും ജീവിച്ചിരിപ്പുണ്ടാവ്വോ സന്ദുവേട്ടാ?"

"സാധ്യതയുണ്ട്. നമുക്ക് അന്വേഷിക്കാം. ഇങ്ങനൊരു സംഭവം നടന്നതിന്റെ തെളിവ് ഉള്ളതുകൊണ്ട് നമുക്കു മുന്നോട്ടു പോകാനൊരു ട്രാക്ക് ആയി."

"ഇനിയിപ്പോ എന്തുചെയ്യാനാ സന്ദുവേട്ടൻ ഉദ്ദേശിക്കുന്നെ?"

"ബാലമ്മാമേടെ ഫ്യൂണറൽ കഴിഞ്ഞിട്ടുവേണം അടുത്ത നീക്കം."

"ഫ്യൂണറൽ ഇന്നു നടക്കില്ലേ?"

"രണ്ടുദിവസം കഴിയുമെന്നു തോന്നുന്നു. പോണ്ടിച്ചേരിയിൽനിന്ന് ഭാസിയമ്മാമേം ഫാമിലീം എത്തിച്ചേരണ്ടേ. ഞാൻ പിന്നീട് വിളിച്ചുപറയാം."

"സന്ദുവേട്ടാ സൂക്ഷിക്കണേ... സന്ദുവേട്ടൻ അവിടെ കുറെ ശത്രുക്കളുടെ ഇടയ്ക്ക് പെട്ടുപോയതുപോലെയാ എന്റെ ഫീലിങ്സ്."

"അങ്ങനെയൊന്നുമില്ല. ഞാൻ വളരെ സെയ്ഫാണ്. ടെൻഷൻ വേണ്ട. ഓക്കെ?"

"ശരി."

"ശരീഡാ..." കോൾ കട്ട് ചെയ്തിട്ട് സന്ദീപ് എല്ലാം കേട്ടുകൊണ്ടു കസേരക്കയ്യിൽ ഇരിക്കുന്ന അനിബാബുവിനെ നോക്കി.

"ഞാനൊരു സംശയം ചോദിച്ചോട്ടെ?" അനിബാബു ചോദിച്ചു.

"എന്താ?"

"മാളുച്ചേച്ചിയെ നമ്മൾ കണ്ടുപിടിച്ചൂന്നിരിക്കട്ടെ. അവർക്കു നമ്മളൊരു ശല്യമായിത്തീരുന്ന അവസ്ഥയാണേൽ എന്നാ ചെയ്യും?"

"ആദ്യം അവര് ജീവിച്ചിരിപ്പുണ്ടോ ഇല്ലയോന്ന് അന്വേഷിക്കാം. അതുകഴിഞ്ഞിട്ടുപോരേ ബാക്കി?"

"ജീവിച്ചിരിപ്പുണ്ടെങ്കി എങ്ങനൊള്ള ജീവിതമായിരിക്കും... സാറൊന്നു ചിന്തിച്ചു നോക്കിയാട്ടെ."

"ഞാനതൊക്കെ കുറെ ആലോചിച്ചതാ. എനിക്കു തോന്നുന്നത്, മാളവികയെ ഏതെങ്കിലും അഗതിമന്ദിരത്തിൽ താമസിപ്പിച്ചിട്ടുണ്ടായിരിക്കുമെന്നാ. അങ്ങോട്ട് അവൾടെ വീട്ടുകാര് എന്തെങ്കിലും സംഭാവനയൊക്കെ കൊടുക്കുന്നുണ്ടായിരിക്കും. മരിച്ചുപോകാനുള്ള പ്രായമൊന്നും ആയില്ലല്ലോ. കൂടി വന്നാ - നാൽപത്തിരണ്ട് വയസ്സ്. കൊന്നുകളഞ്ഞിട്ടില്ലെങ്കി നല്ല ആരോഗ്യത്തോടെ ഇരിക്കേണ്ട പ്രായം." സന്ദീപ് അഭിപ്രായപ്പെട്ടു.

"എന്റെ സംശയം വേറൊന്നാ. ആ വൃത്തികെട്ടവൻമാര് വല്ല പെൺവാണിഭക്കാർക്കും മാളുച്ചേച്ചിയെ വിറ്റുകളഞ്ഞോന്നാ..."

"അങ്ങനെ ചെയ്യുവോ? സ്വന്തം അച്ഛനും സഹോദരനുമല്ലേ?"

"അവറ്റകള് അതും അതിലപ്പുറോം ചെയ്യും സാറെ. വെറും ചെറ്റകളാ സാറെ, ആ മറ്റവനൊണ്ടല്ലോ കൂതറ ഹേമചന്ദ്രൻ... അവന്റെ മനപ്രയാസം എന്തായിരുന്നെന്ന് സാറിനറിയാവോ? മാളുചേച്ചിയെ ചന്ദ്രേട്ടൻ കെട്ടിക്കൊണ്ടു പോകുന്നേനു മുൻപ് അവന്റെ കയ്യിലോട്ട് ഒരു ദിവസം കിട്ടിയില്ലല്ലോന്ന്."

"അതെങ്ങനെ അനിച്ചേട്ടനറിയാം?" സന്ദീപ് ആശ്ചര്യപ്പെട്ടു.

"ചന്ദ്രേട്ടനെ പോലീസ് പിടിച്ചോണ്ടു വരുമ്പം ഞാൻ ലോക്കപ്പിൽ കെടക്കുവാ. ഞാൻ നമ്പറിട്ടു നോക്കിവെച്ചിരുന്ന സുന്ദരിപ്പെണ്ണിനെ നീ കട്ടോണ്ടുപോയി തിന്നില്ലേടാന്നു ചീറിക്കൊണ്ടാ അയാള് ചന്ദ്രേട്ടനെ ലോക്കപ്പിലിട്ട് ചവുട്ടിയത്. എന്റെ കൺമുന്നിലിട്ട്..." സന്ദീപ് അമ്പരപ്പോടെ അനിബാബുവിന്റെ മുഖത്തെ ക്ഷോഭത്തിലേക്കു കണ്ണുനട്ട് ഇരുന്നു.

"അവന്റെ കയ്യിലോട്ടല്ലേ സാറെ മാളുച്ചേച്ചി പിന്നേം ചെന്നുചേർന്നത്... ഓർത്താ അവനെ കൊന്നാലും എനിക്കു കലി തീരൂല."

"ഛെ... അങ്ങനൊന്നും ചിന്തിക്കണ്ട. മാളവികേടെ അച്ഛനും സഹോദരനുമില്ലേ കൂടെ. എന്റെ സംശയം അതല്ല. അവളെ ആർക്കെങ്കിലും കല്യാണം കഴിപ്പിച്ചു കൊടുത്തിട്ടുണ്ടെങ്കിലോ? അതായത്- അവർക്ക് കുറെ ഗുണ്ടാസെറ്റപ്പും വണ്ടിപ്പെരിയാറിൽ ഏലത്തോട്ടവുമൊക്കെ ഒണ്ടാരുന്നല്ലോ. ഏതെങ്കിലും ഒരുത്തന്റെ തലേൽ കെട്ടിയേൽപിച്ച് അതിനു തക്ക പ്രതിഫലോംകൂടി കൊടുത്താൽ മതിയല്ലോ. തമിഴനോ വരത്തനോ കൂലിയോ കൊള്ളാവുന്നവനോ ആരെങ്കിലും മാളവികേടെ സൗന്ദര്യം കണ്ട് ഇഷ്ടപ്പെട്ട് കൂടെ പൊറുപ്പിക്കാൻ തയാറായിട്ടൊണ്ടെങ്കി ഇപ്പഴത്തെ അവസ്ഥ എന്താ

യിരിക്കാം.”

“സാറുദ്ദേശിച്ചത് കുടുംബോം മക്കളുമൊക്കെയായിട്ട് എവിടെങ്കിലും ജീവിക്കുന്നെന്നാണോ?”

“ഉണ്ടെന്നു തീർച്ചയില്ല. എന്നാലും അതും നമ്മൾ ആലോചിക്കണം. അല്ലിമ എന്നൊരു മകളുണ്ടെന്ന് അറിഞ്ഞാൽ കലങ്ങിപ്പോകുന്ന ജീവിതം മാളവികയ്ക്ക് ഉണ്ടോ എന്നുകൂടി നമ്മൾ നോക്കണം.”

“ഇല്ല സാറെ... സാറിനറിയാഞ്ഞിട്ടാ. ഒരിക്കലും അങ്ങനൊണ്ടാവത്തില്ല.” അനിബാബു നിഷേധാർഥത്തിൽ തലയാട്ടിക്കൊണ്ടിരുന്നു. സന്ദീപിന്റെ ഫോണിലേക്കു കോൾ വരുന്നുണ്ടായിരുന്നു. അച്ഛനാണു വിളിക്കുന്നതെന്നുകണ്ട് സന്ദീപ് അൽപമൊന്നു സംശയിച്ചിട്ടാണ് ഫോണെടുത്തത്.

“ഹലോ...”

“നീ എവിടെയാ?”


“ഞാൻ കാഞ്ഞിരപ്പള്ളീലൊണ്ട്.”

“അവിടെന്തു ചെയ്യുന്നു?”

“ഇവിടെ ചില കാര്യങ്ങളുണ്ടാരുന്നു.”

“ഇനീം നിന്റെ അന്വേഷണം തീർന്നില്ലേ?”

“ഇല്ലച്ഛാ.”



“ഇത്രയൊക്കെ വരുത്തിവെച്ചില്ലേ? ഇനിയെന്താ?” അച്ഛന്റെ സ്വരത്തിൽ അമർഷമുണ്ടെന്നു സന്ദീപിനു മനസ്സിലായി.

“ഒരാളെക്കൂടി കണ്ടുകിട്ടാനൊണ്ട്. തെരഞ്ഞു പിടിക്കണം.”

“അതാരാണ്?”

“അച്ഛന്റെ മല്ലികച്ചിറ്റയുടെ മകൾ മാളവിക. അച്ഛന്റെ ഫസ്റ്റ് കസിനും കൂടിയല്ലേ മാളവിക. ആ സ്ത്രീ എവിടെ മറഞ്ഞെന്ന് ഇത്രയും കാലം നിങ്ങളാരും അന്വേഷിച്ചില്ലല്ലോ.”

“സന്ദു – ഇനിയെങ്കിലും നീ അതെല്ലാം നിർത്ത്. ഇപ്പോത്തന്നെ നമ്മുടെ കുടുംബക്കാരെല്ലാം നിന്നോടു ദേഷ്യത്തിലാണ്. ബാലമ്മാമേടെ മരണം എല്ലാവർക്കും വലിയ ഷോക്കായി. എന്നോടും കൂടി ചിലർ വെറുപ്പ് കാണിക്കുന്നു. ജയദേവന്റെ മകനല്ലേ – നമ്മുടെ കുടുംബത്തിന്റെ തായ്‌വേരല്ലേ അവൻ അറുത്തു കളഞ്ഞത് എന്നൊക്കെ ചോദിക്കുന്നു.”

“അച്ഛൻ നീതിമാനായ ഒരു ജഡ്ജിയല്ലേ. കുറ്റവാളികൾക്കു ശിക്ഷ വിധിക്കുന്നയാൾ. നമ്മുടെ കുടുംബത്തിലെ ഒരാളുടെ കേസാണ് അച്ഛന്റെ മുന്നിൽ വരുന്നതെങ്കിൽ, കുടുംബക്കാരനായതുകൊണ്ട് ശിക്ഷിക്കേണ്ട എന്നു തീരുമാനിച്ച് വിട്ടയയ്ക്കുമോ?” സന്ദീപ് ഉറച്ച മനസ്സോടെ ചെറുത്തുകൊണ്ടു ചോദിച്ചു.

“സന്ദൂ – അങ്ങനെയല്ല ഇത്. നിന്റെ മുൻപിൽ ഒരു കേസുമില്ല. എല്ലാം കഴിഞ്ഞു. ബാലമ്മാമയും പോയി. ബാക്കിയുള്ളവർക്ക് ജീവിക്കണ്ടേ. നീ വിട്ടുകള. നിന്റെ ജോലിയല്ലല്ലോ ഇത്.”

“ശരി. ഞാൻ വിട്ടു... പക്ഷേ, ഇതങ്ങനെ വിട്ടുകളയാൻ പറ്റാത്ത രണ്ടുപേർ വേറെയൊണ്ട്. അല്ലിമയും അവളുടെ കൊച്ചച്ഛനും.”

“അവരെ നീയല്ലേ മേയ്ച്ചോണ്ടു നടക്കുന്നത്. നീ അവരോടു പറയണം ഇവിടെ എല്ലാം അവസാനിപ്പിക്കണമെന്ന്.”

“ഞാൻ പറഞ്ഞാൽ അല്ലിമ അനുസരിച്ചേക്കുമായിരിക്കും. പക്ഷേ, ചന്ദ്രബാബുവിന്റെ അനുജൻ അതിനു തയാറായില്ലെങ്കിലോ?” പറയുന്നതിനിടയിൽ സന്ദീപ് അനിബാബുവിനെ നോക്കി. അയാൾ ശ്രദ്ധിച്ചു കേൾക്കുകയാണെന്നു മനസ്സിലായി.

“നീ നിർബന്ധിച്ചു സമ്മതിപ്പിക്കണം. അതേ എനിക്കു പറയാനുള്ളൂ. ബാലമ്മാമേടെ ക്രിമേഷന് നീ വരുന്നുണ്ടോ?”

“ഞാൻ വരണോ?”

“നിന്നെ ഇവിടെ പലരും തിരക്കി. നീ വരില്ലേ എന്നു ചോദിക്കുന്നു. അമർഷം ഉള്ളവരാണ്. അതുകൊണ്ടു നീ വരാതിരിക്കുന്നതാണ് നല്ലത്.”

“ഞാൻ വരില്ലച്ഛാ...”

“ശരി. നാളെയാണ് ക്രിമേഷൻ. അതുകൂടി കഴിഞ്ഞേ ഞാൻ ഹരിപ്പാട്ടേക്കു തിരിച്ചുപോകൂ.”

“ശരിയച്ഛാ.”

“നാളെ നീ വീട്ടിലേക്കു വാ...”

“ശരി.” കോൾ കട്ടായി. സന്ദീപ് ഒരു ആശ്വാസനിശ്വാസമുതിർത്തു.

അനിബാബുവിന്റെ നോട്ടം തന്റെ മുഖത്തുതന്നെ. അതിനൊരു മൂർച്ച.

“സാറ് എല്ലാം നിർത്താൻ പോവാണോ?”

“ആര് പറഞ്ഞു? ഞാനല്ലേ ഡിസിഷൻ എടുക്കേണ്ടയാൾ?”

“ആര് പറഞ്ഞാലും നിർത്തരുത് സാറേ. ഒരു പാവം പെണ്ണിന്റെ നെലവിളി കെടപ്പൊണ്ട് എവിടെയോ ഒരിടത്ത്. അതിനോട് കാണിച്ച ദ്രോഹം എന്താന്ന് അറിയണ്ടായോ?”

“അറിയണം.” സന്ദീപ് ഉറപ്പിച്ചുതന്നെ പറഞ്ഞു. അനിബാബു അനുകൂലിച്ച് തന്നത്താൻ തലയാട്ടി.

*** *** ***

കല്ലാറ്റുപടിക്കൽ തറവാട്ടിൽ ശവസംസ്കാരച്ചടങ്ങുകൾ നടക്കുകയായിരുന്നു.

വീടും പരിസരവും ജനസമുദ്രമാണ്.

ബന്ധുജനങ്ങൾ, തൊഴിലാളികൾ, മിത്രങ്ങൾ, നാട്ടുകാർ.

തെക്കെതൊടിയിൽ ഒരുക്കിയ ചിതയിലേക്ക് മൃതദേഹം എടുത്തുവെച്ചു കഴിഞ്ഞു.

അന്ത്യകർമങ്ങൾ ചെയ്യുന്നവരുടെ കൂട്ടത്തിൽ ജയദേവൻ നമ്പ്യാരുമുണ്ടായിരുന്നു.

ഈറൻ ഒറ്റമുണ്ട് മാത്രം ഉടുത്തുനിന്ന് അയാൾ കർമിയുടെ നിർദേശങ്ങൾ അനുസരിച്ചു കർമങ്ങൾ ചെയ്തുകൊണ്ടിരുന്നു.

ബാലകൃഷ്ണമേനോന്റെ ശവദാഹത്തിൽ പങ്കെടുക്കാൻ പോലീസിന്റെ അകമ്പടിയോടെ ജഗന്നാഥക്കുറുപ്പും ഹരീന്ദ്രനും ഹേമചന്ദ്രനും എത്തിയിരുന്നു.

ചിതയ്ക്കു തീ കൊളുത്തുകയും പുകപടലങ്ങൾ ഉയരുകയും ചെയ്തതോടെ ജനം പിരിഞ്ഞുതുടങ്ങി.

*** *** ***

മുറിയുടെ നമുക്ക് ഒരു കസേര മാത്രമേ ഉണ്ടായിരുന്നുള്ളൂ. പോലീസ് ജഗന്നാഥക്കുറുപ്പിനെ വാതിലിൽകൂടി അകത്തേക്കു തള്ളിക്കൊണ്ടുവന്ന് ആ കസേരയിൽ ഇരുത്തി. അൽപം കഴിഞ്ഞപ്പോൾ ഡിവൈഎസ്പി ജോർജ് ജോസഫ് കുളത്തിങ്കൽ മുറിയിലേക്കു കടന്നുവന്നു. അയാൾ ജഗന്നാഥക്കുറുപ്പിന്റെ മുൻപിൽ വന്നു നിന്നു. ജഗന്നാഥക്കുറുപ്പ് മുഖമുയർത്തി നോക്കി. അയാളുടെ മുഖത്ത് വിയർപ്പ് തുളിച്ചുവന്നുകൊണ്ടിരുന്നു.

പോലീസുകാരിലൊരാൾ ഒരു കസേരകൂടി കൊണ്ടുവന്നു. അത് ജഗന്നാഥക്കുറുപ്പിന്റെ മുന്നിൽ വെച്ചു. ഡിവൈഎസ്പി അയാൾക്കഭിമുഖമായി ഇരുന്നു.

“നിങ്ങൾ, നിങ്ങളുടെ മകൾ മാളവികയെ അവസാനമായി കണ്ടത് ഏതു വർഷമാണെന്നാ പോലീസിനോടു പറഞ്ഞിരുന്നത്?”

ജഗന്നാഥക്കുറുപ്പ് ചകിതനായി.

ഇതിനു മുൻപ് ഹേമചന്ദ്രനെയും ഹരീന്ദ്രനെയും പോലീസ് ചോദ്യം ചെയ്തു കഴിഞ്ഞു. ചോദ്യം ചെയ്യാൻ കൊണ്ടുപോകുന്നതിനുമുൻപ് മൂന്നുപേരും ഒന്നിച്ച് ഒരേ മുറിയിലായിരുന്നു.

ആദ്യം വിളിക്കപ്പെട്ട ഹേമചന്ദ്രനോ രണ്ടാമതു വിളിക്കപ്പെട്ട ഹരീന്ദ്രനോ മുറിയിലേക്കു മടങ്ങിവന്നില്ല. അവരെ മറ്റെവിടേക്കോ മാറ്റി. മൂന്നുപേരും ഒന്നിച്ചായിരുന്നപ്പോൾ ഹേമചന്ദ്രൻ നൽകിയ നിർദേശം ഇപ്പോഴും ചെകിട്ടിലുണ്ട് – പറഞ്ഞതൊന്നും മാറ്റിപ്പറയരുതെന്ന്.

“ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റാറ് മാർച്ചിലാണ് അവസാനമായി കണ്ടത്.”

“അതിനുശേഷം കണ്ടിട്ടേയില്ല?”

“ഇല്ല.”

ഡിവൈഎസ്പി, മുറിയിലുണ്ടായിരുന്ന സിഐയുടെ നേർക്ക് ഒരാംഗ്യം കാട്ടി. അയാൾ ഉടൻതന്നെ കയ്യിലിരുന്ന കടലാസുചുരുൾ കൊണ്ടുവന്ന് ജോർജ് ജോസഫിന്റെ കയ്യിൽ കൊടുത്തു. അത് ജഗന്നാഥക്കുറുപ്പിന്റെ മുഖത്തിനു നേർക്കു നിവർത്തിപ്പിടിച്ച് ജോർജ് ജോസഫ് ചോദിച്ചു:

“ഇത് നിങ്ങളുടെ മകളുടെ പേരിലുണ്ടായിരുന്ന പ്രോപ്പർട്ടിയുടെ രജിസ്ട്രേഷൻ ഡീഡിന്റെ കോപ്പിയാണ്. നിങ്ങളുടെ മകൾ സ്വന്തം സഹോദരന്റെ പേരിലേക്ക് ഇഷ്ടദാനം ചെയ്തുകൊടുത്തത്. ഇതിൽ സാക്ഷിയായി താങ്കളും ഒപ്പിട്ടിട്ടുണ്ട്. ഇതിലെ ഒപ്പ് നിങ്ങൾതന്നെ ഇട്ടതാണോ അതോ മറ്റാരെങ്കിലും വ്യാജമായി ഇട്ടതാണോ?”

ജഗന്നാഥക്കുറുപ്പ് ഒന്നുകൂടി പതറി.

“ഞാൻ... ഞാൻതന്നെയാ ഒപ്പിട്ടത്.”

“നിങ്ങളുടെ മകൾ മാളവികയുടെ ഒപ്പോ? അവൾത്തന്നെയാണോ അതോ മറ്റുവല്ലവരുമാണോ ഇട്ടത്?” ജഗന്നാഥക്കുറുപ്പ് ഉമിനീരിറക്കി. അല്ലെന്നു പറയണോ, ആണെന്നു പറയണോ?

“ഒപ്പ് ഞാൻ കാണിച്ചുതരാം. ദാ... ഇതാണ്.” പ്രമാണത്തിൽ ഒപ്പിട്ടിരിക്കുന്ന ഭാഗങ്ങൾ താളുകൾ മറിച്ച് ഡിവൈഎസ്പി കാട്ടിക്കൊടുത്തു.

മാളവികയാണ് ഒപ്പിട്ടിരിക്കുന്നതെന്നു ഹേമചന്ദ്രൻ സമ്മതിച്ചു.

അയാളാണ് മറ്റൊരു സാക്ഷി. പിന്നെ നിങ്ങളുടെ മകനും സമ്മതിച്ചു. സമ്മതിക്കാതെ പറ്റില്ല. കാരണം, അന്നു രജിസ്ട്രേഷൻ നടത്തിയ സബ്‌രജിസ്ട്രാർ റിട്ടയറായെങ്കിലും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

അന്നു പ്രമാണം തയാറാക്കിയ വെണ്ടറും സബ്‌രജിസ്ട്രാർ ഓഫീസിലുണ്ടായിരുന്ന സ്റ്റാഫും കാഞ്ഞിരപ്പള്ളിയിൽ ഇല്ലെങ്കിലും മറ്റ് പല സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇപ്പോഴും ജോലി ചെയ്യുന്നുണ്ട്. അന്ന് മാളവിക നേരിട്ടുവന്ന് ഒപ്പിട്ടതായി അവരെല്ലാം മൊഴിനൽകിക്കഴിഞ്ഞു.”

“എനിക്ക്... എനിക്കത് നല്ല ഓർമയില്ല.”

“വർഷം ഓർമയില്ലെന്നാണോ അതോ മകളെ കണ്ടതായി ഓർമയില്ലെന്നാണോ?”

“വർഷം ഓർമയില്ല.”

“നിങ്ങളുടെ മകളുടെ പേരിൽ പതിനാല് ഏക്കർ പുരയിടം ഉണ്ടായിരുന്നതായി അറിയാമോ?”

“അറിയാം.”

“അത് നിങ്ങളുടെ മകന്റെ പേരിലേക്ക് ഇഷ്ടദാനം കൊടുത്തത് അറിയാമോ?”

“അതെല്ലാം ശരിയാണ്.”

“തൊണ്ണൂറ്റിയേഴ് മാർച്ചിൽ മാളവിക കാഞ്ഞിരപ്പള്ളി സബ്‌രജിസ്ട്രാർ ഓഫീസിൽ വന്ന് പ്രമാണം ഒപ്പിട്ടു കൊടുത്തു. അതിന്റെ സാക്ഷിയായി ഒപ്പിട്ടിരിക്കുന്നത് മാളവികയുടെ അച്ഛനായ നിങ്ങൾ. പക്ഷേ, തൊണ്ണൂറ്റാറ് മാർച്ചിനുശേഷം മാളവികയെ കണ്ടിട്ടേയില്ലെന്ന് അതേ നിങ്ങൾതന്നെ പറയുന്നു. ഞങ്ങൾ ഇതിൽ ഏതു വിശ്വസിക്കണം?”

ജഗന്നാഥക്കുറുപ്പ് അണിഞ്ഞിരുന്ന ഷർട്ട് വിയർപ്പിൽ കുതിർന്നു. നിസ്സഹായതയോടെ അയാൾ ചുറ്റും നോക്കി. ആരുടെയെങ്കിലും മുഖത്ത് കരുണയുണ്ടോ? ഒരൽപം അയവ്.

(ശേഷം 30-ാം പേജിൽ)

# കെ.സി. വേണുഗോപാൽ പിഎസി അദ്ധ്യക്ഷൻ



ന്യൂഡൽഹി: എഐസിസി സംഘടനാകാര്യ ജനറൽ സെക്രട്ടറിയും ആലപ്പുഴ എംപിയുമായ കെ.സി. വേണുഗോപാലിനെ പാർലമെന്റിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (പിഎസി) അദ്ധ്യക്ഷനായി നിയമിച്ചു. കഴിഞ്ഞ ലോക്സഭയിൽ അധീർ രഞ്ജൻ ചൗധരിയായിരുന്നു അദ്ധ്യക്ഷൻ. വേണുഗോപാൽ അടക്കമുള്ളവരെ ഉൾപ്പെടുത്തി സമിതി നേരത്തെ പുനഃസംഘടിപ്പിച്ചിരുന്നു. മലയാളികളായ ജോൺ മത്തായി (1948-49), സി.എം. സ്റ്റീഫൻ (1977-78), കെ.വി. തോമസ് (2014-16) എന്നിവർ നേരത്തെ പിഎസി അദ്ധ്യക്ഷന്മാരായിട്ടുണ്ട്. 1967 മുതൽ പ്രതിപക്ഷത്തിനാണ് പിഎസി അദ്ധ്യക്ഷസ്ഥാനം നല്കുന്നത്.

## കാനഡയിൽ ഐപിസി ഫാമിലി കോൺഫറൻസ്

(21-ാം പേജിൽനിന്നും)

സെൻട്രൽ ഫ്ളോറിഡയിലെ ക്രിസ്ത്യൻ സംഘടനയായ സിഎഫ്2-ന്റെ ട്രഷറർ സ്ഥാനം ഉൾപ്പെടെ വിവിധ റോളുകളിൽ നേതൃസ്ഥാനം വഹിച്ചു. ഐപിസി ഫോമിലി കോൺഫറൻസുകളിലും പിസിഎൻഎകെ കോൺഫറൻസുകളിലും യുവജന പ്രതിനിധിയായി പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: ഫെബി. മക്കൾ: സാറ, സാമുവൽ, സെയ്ല.

നാഷണൽ മീഡിയ കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട നിബു വെള്ളവന്താനം ഒർലാന്റോ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭാംഗമാണ്. മാധ്യമപ്രവർത്തകനായും വിവിധ മലയാളി പെന്തെക്കോസ്ത് കോൺഫറൻസുകളുടെ പബ്ലിസിറ്റി കോ-ഓർഡിനേറ്ററായും പ്രവർത്തിക്കുന്നു. ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ ജോ. സെക്രട്ടറി, നോർത്ത് അമേരിക്കൻ പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ജനറൽ സെക്രട്ടറി, ഐപിസി ഗ്ലോബൽ മീഡിയ സെക്രട്ടറി തുടങ്ങിയ പദവികൾ വഹിക്കുന്നു. ഭാര്യ: ഡോ. സിജി മാത്യു. മകൻ: ബെഞ്ചമിൻ.

പ്രയർ കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ഏബ്രഹാം മാത്യു ഐപിസി ഹെബ്രോൺ പെൻസിൽവേനിയ സഭാംഗമാണ്.

വിശ്വാസികൾ പ്രതീക്ഷയോടും വളരെയേറെ ആകാംക്ഷയോടും കാത്തിരിക്കുന്ന കോൺഫറൻസാണ് കനേഡിയൻ ഐപിസി കോൺഫറൻസ്. കനേഡിയൻ പ്രവിശ്യയായ ആൽബെർട്ടയുടെ തലസ്ഥാന നഗരമാണ് എഡ്മന്റൻ. 'കാൽഗറി-എഡ്മന്റൺ ഇടനാഴി', ആൽബർട്ടയിലെ ഏറ്റവും വലിയ നഗരമായ കാൽഗരി നഗരത്തിനും ഇടയിൽ വ്യാപിച്ചുകിടക്കുന്ന ഒരു പ്രദേശമാണ്.

ആൽബർട്ടയുടെ മധ്യമേഖലയാൽ ചുറ്റപ്പെട്ട എഡ്മന്റൻ, വടക്കൻ സസ്കാച്ചെവൻ നദിക്കരയിലാണ് സ്ഥിതി ചെയ്യുന്നത്.

## നോവൽ

(29-ാം പേജിൽ നിന്നും)

"ഞങ്ങളിതുവരെ വളരെ മര്യാദയോടെയാണ് സംസാരിച്ചത്. കുറ്റവാളികളെക്കൊണ്ട് അവർ ചെയ്ത കുറ്റം ഏറ്റുപറയിപ്പിക്കാനുള്ള രീതി വേറെയാണ്. ഭാഷ വേറെയാണ്... ഞങ്ങൾ അതിലേക്കു വരണോ?"

ഡിവൈഎസ്പിയുടെ ശബ്ദം മൂർച്ചകൂടി മുറുകി.

"എല്ലാ തെളിവുകളും ഞങ്ങൾ ശേഖരിച്ചുകഴിഞ്ഞു. നിങ്ങൾ എത്രത്തോളം നുണ പറയുമെന്നു പരീക്ഷിക്കുക മാത്രമാണ് ഞങ്ങളിപ്പോ ചെയ്യുന്നത്."

പതറിപ്പോയ ജഗന്നാഥക്കുറുപ്പ് പെട്ടെന്ന് ഏറ്റുപറഞ്ഞു:

"തൊണ്ണൂറ്റിയേഴിൽ എന്റെ മകൾ തന്നെ നേരിട്ടുവന്നാ പ്രമാണം ഒപ്പിട്ടത്."

"അപ്പോ തൊണ്ണൂറ്റിയേഴിലും നിങ്ങൾ മാളവികയെ കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്- അല്ലേ?"

"ഉവ്വ്..." ജഗന്നാഥക്കുറുപ്പ് ദയനീയമായി തലയാട്ടി.

"തൊണ്ണൂറ്റാറ് നവംബറിൽ പെരിയാർവാലിയിൽ ശേഖരൻകുട്ടിയുടെ വീട്ടീന്ന് മാളവികയെ വിളിച്ചോണ്ടു പോയത് നിങ്ങളും നിങ്ങളുടെ മകൻ ഹരീന്ദ്രനും ചേർന്നല്ലേ?"

"അ... അതെ..."

"മാളവികയെ പോണ്ടിച്ചേരിയിലെ ക്ലൂണി ഹോസ്പിറ്റലിൽ പ്രസവത്തിന് അഡ്മിറ്റ് ചെയ്യാൻ നിങ്ങളെ സഹായിച്ചത് നിങ്ങളുടെ ഭാര്യാസഹോദരനായ ഭാസ്കരമേനോനും കുടുംബാംഗങ്ങളുമല്ലേ?"

ജഗന്നാഥക്കുറുപ്പിന്റെ മുഖം താണു.

"സത്യം ഏറ്റുപറയുന്നതാണ് നിങ്ങൾക്കു നല്ലത്. മാളവികയെ മറച്ചുപിടിച്ചുള്ള ഒരു കള്ളത്തരവും ഇനി നിലനിൽക്കില്ല. നിങ്ങളൊരു കൊലക്കേസിലെ പ്രതിയാണെന്ന കാര്യം ഓർമ വേണം. എന്നിട്ടാണ് ചെറിയ കാര്യങ്ങളിൽ കള്ളംപറഞ്ഞു പിടിച്ചുനിൽക്കാൻ നോക്കുന്നത്."

"ഭാസിയേട്ടനും കുടുംബവും സഹായിച്ചൂന്നുള്ളത് സത്യമാ."

"മാളവിക പ്രസവിച്ച കുഞ്ഞിനെ ഉപേക്ഷിക്കാൻ സഹായിച്ചതും ഭാസ്കരമേനോനല്ലേ?"

"അദ്ദേഹത്തിന്റെ കുറ്റമല്ല... ഞങ്ങളത്രയ്ക്കു നിർബന്ധിച്ചിട്ടാ."

"ഓകെ. മാളവിക ജീവിച്ചിരിപ്പുണ്ടോ?"

ഓർക്കാപ്പുറത്തായിരുന്നു ആ ചോദ്യം.

ജഗന്നാഥക്കുറുപ്പ് ഒരു നിമിഷം പകച്ചു.

"അറിയില്ല എന്നു പറയാനാണ് ഹേമചന്ദ്രൻ നിങ്ങളെ പഠിപ്പിച്ചത്. പക്ഷേ, ഞങ്ങൾക്ക് ആ ഉത്തരമല്ല വേണ്ടത്. പറയുന്നതു സത്യമായിരിക്കണം."

"ജീവിച്ചിരിപ്പൊണ്ട്..." ജഗന്നാഥക്കുറുപ്പിന്റെ സ്വരം തളർന്നു താണു.

"എവിടെ?"

ജഗന്നാഥക്കുറുപ്പിന് ഉത്തരമില്ല.

"ഹേമചന്ദ്രൻ പഠിപ്പിച്ചുതന്ന ഉത്തരം ഇവിടെ പറയണ്ട. നിങ്ങളുടെ മകളല്ലേ മാളവിക. ഒരച്ഛന്റെ മറുപടിയാ ഞങ്ങൾക്കു വേണ്ടത്."

"സത്യം പറഞ്ഞാ... അവൾ ജീവനോടെ ഒണ്ടോ ഇല്ലയോന്ന് എനിക്കറിയില്ല. അഞ്ചു വർഷം മുൻപാ ഞാനവസാനമായിട്ട് അവളെ കണ്ടത്. ഹരിയോടു ചോദിക്കുമ്പോ അവൻ പറയും - ജീവിച്ചിരിപ്പൊണ്ടെന്ന്. അത്രേ എനിക്കറിയൂ."

ജഗന്നാഥക്കുറുപ്പ് പാരവശ്യത്തോടെ പറഞ്ഞു.

(തുടരും)

## പോരാട്ടം നടത്തും

(23-ാം പേജിൽനിന്നും)

നടത്തുന്നതിനുള്ള ഒരുക്കങ്ങൾ ഉടൻ ആരംഭിക്കുമെന്നും ആ കോൺഫറൻസിൽ മാത്യു കുഴൽനാടൻ ഒരു മന്ത്രിയായി സംബന്ധിക്കുമെന്നും മണക്കുന്നേൽ പ്രത്യാശ പ്രകടിപ്പിച്ചു.

നിയമസഭയിൽ മാത്രമല്ല, കേരളത്തിൽ തന്നെ വേറിട്ട ശബ്ദമായിരുന്ന പി.ടി. തോമസിന്റെ വിയോഗ ശേഷം കേരളത്തിലെ കോൺഗ്രസിന് ദൈവം കനിഞ്ഞനുഗ്രഹിച്ചു നല്കിയ വരദാനമാണ് കുഴൽനാടൻ എന്ന് പ്രസംഗകരിൽ പലരും ചൂണ്ടിക്കാട്ടി.

ഒഐസിസി യുഎസ്എ റീജിയണൽ വൈസ് പ്രസിഡണ്ട് ബാബു കൂടത്തിനാലിൽ നന്ദി അറിയിച്ചു.

ഒഐസിസി യുഎസ്എ നാഷണൽ ജനറൽ സെക്രട്ടറി ജീമോൻ റാന്നി എംസിയായി പ്രവർത്തിച്ച് പരിപാടികൾ നിയന്ത്രിച്ചു.

രാത്രി 10.30-ന് അവസാനിച്ച സമ്മേളനത്തിനുശേഷം വിഭവസമൃദ്ധമായ സിൻഹ വിരുന്നും ഉണ്ടായിരുന്നു.

## ആത്മകഥകളുടെ ചില പിന്നാമ്പുറക്കാഴ്ചകൾ

(20-ാം പേജിൽനിന്നും)

ആയുധമാണ് ആത്മകഥകളെന്നു മലയാളികൾ തിരിച്ചറിഞ്ഞത്. ഇന്ന് ആർക്കു നേരെയും പ്രയോഗിക്കാവുന്ന ഒരൊന്നാന്തരം 'ബ്ളാക്ക്മെയിലിങ് എലിമെന്റ്' ആയി അതു പരിണമിച്ചിരിക്കുന്നു എന്നതാണ് വാസ്തവം. സാധാരണക്കാരന് ഒരെത്തും പിടിയും കിട്ടാത്ത ഈ അത്യാധുനിക സാംസ്കാരിക ഭീഷണിക്കു മുമ്പിൽ വെറുതെ കൈയുംകെട്ടി നോക്കിനിൽക്കാനേ പൊതുജനത്തിനു കഴിയൂ. കാരണം, ഇതിന്റെ ഗുണഭോക്താക്കളിൽ അധികവും ആനുകാലിക വാർത്തകളിൽ വിവാദ വ്യക്തിത്വങ്ങളായി ഉയർത്തപ്പെട്ടവരാണ്. വളരെ നിഷ്കളങ്കമെന്നു തോന്നിപ്പിക്കുന്ന രീതിയിലുള്ള ഈ പീഡനത്തിന്റെ തുടക്കം ഒരു കൊച്ചു പരസ്യമായിരിക്കും. 'ഞാനിതാ എന്റെ ആത്മകഥ എഴിുതാൻ പോകുന്നു' ഈ ഒറ്റവാർത്ത മതി സമൂഹത്തിൽ പലരെയും മുൾമുനയിലാക്കാൻ. തന്ത്രശാലികളായ ചിലരൊക്കെ വരാൻ പോകുന്ന പുസ്തകത്തിന്റെ പേരുകൂടി അങ്ങ് പ്രഖ്യാപിച്ചുകളയും. ഭാവസുന്ദരവും ജിജ്ഞാസാജന്യവുമായ ആ തലക്കെട്ടുകൾ ഇതാ: 'ഞാനൊരു യാഗാശ്വരമാണ്, സഹായിച്ചവരും ചതിച്ചവരും, ഞാൻ ഒളിക്യാമറയാണ്, ചിലർക്കൊക്കെ പൊള്ളും'. ഇത്തരം ടൈറ്റിലുകൾ പുറത്തുവരുന്നതോടെ കഥാനായക/നായികയെ അടുത്തറിയാവുന്ന പലരും ആശയക്കുഴപ്പത്തിലാകും. 'അതെന്നെപ്പറ്റിയാണ്, എന്നെ മാത്രം ഉദ്ദേശിച്ചാണ്' എന്ന വേവലാതിയോടെ പലർക്കും ഉറക്കംപോലും നഷ്ടപ്പെട്ടു തുടങ്ങും. പുറത്തുവരാൻ പോകുന്ന ഭവിഷ്യത്തുകളുടെ ആഴവും വ്യാപ്തിയും അനുസരിച്ചായിരിക്കും തുടർന്നുള്ള നീക്കങ്ങൾ. പിന്നെ, ഫോൺകോളുകൾ, രഹസ്യമായ (തലയിൽ മുണ്ടിട്ട്) കൂടിക്കാഴ്ചകൾ, രചനാത്മകമായ ഒത്തുതീർപ്പുകൾ, അഡ്ജസ്റ്റ്മെന്റുകൾ ഇവയൊക്കെ അരങ്ങേറുകയായി. ഇവിടെയാണ് സാമ്പത്തിക സൗഭാഗ്യങ്ങളുടെ പെരുമഴപ്രവാഹം. ആത്മകഥയിൽ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്ന ചില പ്രത്യേക പരാമർശങ്ങളും വ്യക്തികളും ഒഴിവാക്കപ്പെടുവാനുള്ള പ്രതിഫലം അത്ര നിസ്സാരമൊന്നുമായിരിക്കില്ല. ആത്മാഭിമാനം സംരക്ഷിക്കുവാൻ വേണ്ടി കിടപ്പാടം വിറ്റിട്ടുപോലും മനുഷ്യർ പണമുണ്ടാക്കിയെന്നിരിക്കും. അങ്ങനെ അവസാനം തനിക്ക് സ്വപ്നത്തിൽപോലും കാണാൻ കഴിയാത്തവൻ തുക സമാഹരിച്ച ശേഷമായിരിക്കും ആത്മകഥ പൂർത്തിയാക്കുക. കാപട്യശാസ്ത്രത്തിൽ ഡോക്ടറേറ്റുള്ള മറ്റു ചില വേന്ദ്രന്മാർ തടിതപ്പാൻ ഉപയോഗിക്കുന്നത് മറ്റൊരു 'റെഡിമെയ്ഡ്' പരസ്യമായിരിക്കും. 'ആകസ്മികവും സാങ്കേതികവുമായ കാരണങ്ങളാൽ എന്റെ ആത്മകഥ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം തല്ക്കാലം ഉപേക്ഷിച്ചിരിക്കുന്ന വിവരം ഖേദപൂർവം അറിയിച്ചുകൊള്ളുന്നു.' ആവിഷ്കാര സ്വാതന്ത്ര്യം മാത്രമല്ല, ആവിഷ്കരിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യവും ഈ ജനാധിപത്യം നമുക്കു കല്പിച്ചുതന്നിട്ടുള്ളതുകൊണ്ട് ആർക്കും ഒരിടത്തും പരാതിപ്പെടുവാനുള്ള അവകാശമില്ലെന്നും ഓർക്കണം.

നിർഭയവും നിസ്വാർത്ഥവുമായി എഴുതപ്പെട്ട ആത്മകഥകളാണ് മാനവസംസ്കാരത്തിന്റെ ആകെത്തുക. അവയോരോന്നും വായിച്ചുകഴിയുമ്പോൾ ഒരു വലിയ തീർത്ഥാടനം കഴിഞ്ഞു മടങ്ങിയെത്തുമ്പോഴുള്ള നിർവൃതിയും അനുഭൂതിയും സായൂജ്യവുമാണ് വായനക്കാരന് ലഭിക്കുക. അത്തരം മഹത്ഗ്രന്ഥങ്ങളുടെ ഓരോ പേജ് മറിക്കുമ്പോഴും അവിടെയൊക്കെ ദൈവത്തിന്റെ അനശ്വരമായ കൈയൊപ്പ് നമുക്കു കാണാം.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

# ചിക്കാഗോ ഇന്റർനാഷണൽ വടംവലി ഒരുക്കങ്ങൾ പൂർത്തിയായി

മാത്യു തട്ടാമറ്റം

ചിക്കാഗോ: 2024 സെപ്റ്റംബർ 2 തിങ്കളാഴ്ച രാവിലെ 11 മണി മുതൽ ചിക്കാഗോ സെന്റ് മേരീസ് ക്നാനായ പള്ളി മൈതാനിയിൽ ആരംഭിക്കുന്ന വടംവലി ടൂർണമെന്റിന് കൊടിയുയരുന്നു. ഈ ടൂർണമെന്റിന്റെ എല്ലാ തരത്തിലുമുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി പ്രസിഡന്റ് സിബി കദളിമറ്റവും ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിലും, വൈസ് പ്രസിഡന്റ് ജെസ്സ്മോൻ പുറമഠത്തിൽ, സെക്രട്ടറി സിബി കൈതക്കത്തൊട്ടിയിൽ ട്രഷറർ ജോമോൻ തൊടുകയിൽ, ജോയിന്റ് ട്രഷറർ സാബു പടിഞ്ഞാറേൽ, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫൈനാൻസ് കമ്മിറ്റി ചെയർമാൻ മാനി കരികുളം, പി.ആർ.ഒ. മാത്യു തട്ടാമറ്റം, ഫുഡ് ഫെസ്റ്റിവൽ ചെയർമാൻ ജോസ് മണക്കാട്ട് എന്നിവർ സംയുക്തമായി വാർത്താക്കുറിപ്പിൽ അറിയിച്ചു. ഈ വർഷം കുവൈറ്റ്, ലണ്ടൻ, കാനഡ, എന്നീ രാജ്യങ്ങളിൽ നിന്നും നോർത്ത് അമേരിക്കയിലെ ഇതര സംസ്ഥാനങ്ങളായ താമ്പാ, ഹൂസ്റ്റൺ, ന്യൂയോർക്ക് എന്നിവിടങ്ങളിൽ നിന്നുള്ള ടീമുകളും, ചിക്കാഗോയിലെ കരുത്തന്മാരായ ടീമുകളും കൂടാതെ അയർലന്റിൽ നിന്നുള്ള ടീമും കൂടി പങ്കെടുക്കുന്നത് ഇത്തവണത്തെ മത്സരത്തിന് മാറ്റു കൂട്ടുന്നു. ഏതാണ്ട് 16 ടീമുകൾ മാറ്റുരയ്ക്കുന്നതോടു കൂടി ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ഈ വർഷത്തെ അന്താരാഷ്ട്ര വടംവലി മത്സരത്തിന് നോർത്ത് അമേരിക്കൻ മലയാളി കായിക ചരിത്രത്തിൽ പുതിയൊരദ്ധ്യായം കൂടി കുറിക്കുന്നു.

ലോകത്തിലെ തന്നെ വടംവലി ചരിത്രത്തിലെ ഏറ്റവും വലിയ പ്രൈസ് മണിയോടു കൂടി നടത്തുന്ന ഈ വടംവലി മത്സരം നോർത്ത് അമേരിക്കൻ മലയാളി കായിക ചരിത്രത്തിൽ പുതിയൊരദ്ധ്യായം എഴുതിച്ചേർക്കുമെന്നതിൽ യാതൊരു സംശയവുമില്ലെന്ന് ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ അവകാശപ്പെട്ടു. നോർത്ത് അമേരിക്കൻ മലയാളി ചരിത്രത്തിൽ നടക്കുന്ന അന്തർദേശീയ വടംവലി ടൂർണമെന്റ് പടിവാതിൽക്കൽ എത്തി നിൽക്കുന്ന ഈ അവസരത്തിൽ ഈ കായിക മാമാങ്കത്തെ വരവേൽക്കാൻ സോഷ്യൽ ക്ലബ്ബിന്റെ മെമ്പേഴ്സും ചിക്കാഗോയിലെ കായികപ്രേമികളും ആവേശത്തിമിർപ്പിലാണെന്ന് പ്രസിഡന്റ് സിബി കദളിമറ്റം പറഞ്ഞു. ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമിന് ജോയി നെടിയകാലായിൽ സ്പോൺസർ ചെയ്ത 11111 ഡോളറും മാണി നെടിയകാലായിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, രണ്ടാം സ്ഥാനം ലഭിക്കുന്ന ടീമിന് ഫിലിപ്പ് മുണ്ടപ്ലാക്കൽ സ്പോൺസർ ചെയ്ത 5555 ഡോളറും, ജോയി മുണ്ടപ്ലാക്കൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, മൂന്നാം സ്ഥാനം ലഭിക്കുന്ന ടീമിന് എലൈറ്റ് ഗെയിമിംഗ്, ഫ്രാൻസിസ് & ടോണി കിഴക്കേക്കുറ്റ് സ്പോൺസർ ചെയ്യുന്ന 3333 ഡോളറും ചാക്കോ & മറിയം കിഴക്കേക്കുറ്റ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, നാലാംസ്ഥാനം ലഭിക്കുന്ന ടീമിന് മംഗല്യ ജൂവല്ലറി സ്പോൺസർ ചെയ്ത 1111 ഡോളറും എവർറോളിംഗ് ട്രോഫിയും ലഭിക്കുന്നതാണ്.

വടംവലി മത്സരത്തോടനുബന്ധിച്ച് എല്ലാ വർഷവും നടത്താറുള്ള ഫുഡ് ഫെസ്റ്റിവലിൽ നിന്നും വ്യത്യസ്തമായി സെപ്റ്റംബർ 1-ന് നടക്കുന്ന ഈ വർഷത്തെ ഫുഡ് ഫെസ്റ്റിവലിൽ മലയാള സിനിമാ രംഗത്ത നിറസാന്നിദ്ധ്യമായ രമേഷ് പിഷാരടിയും സംഘവും നയിക്കുന്ന മെഗാഷോയും ഉണ്ടായിരിക്കുന്നതാണ്. സോഷ്യൽ ക്ലബ്ബിന്റെ എല്ലാ മെമ്പേഴ്സും ടൂർണമെന്റിന്റെ നടത്തിപ്പിനുള്ള വിവിധ കമ്മിറ്റികൾക്ക് നേതൃത്വം കൊടുക്കുന്നു. പ്രസിഡന്റ് സിബി കദളിമറ്റം, സെക്രട്ടറി സിബി കൈതക്കത്തൊട്ടിയിൽ, വൈസ് പ്രസിഡന്റ് ജെസ്സ്മോൻ പുറമഠം, ട്രഷറർ ജോമോൻ തൊടുകയിൽ, ജോയിന്റ് ട്രഷറർ സാബു പടിഞ്ഞാറേൽ, ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫൈനാൻസ് കമ്മിറ്റി ചെയർമാൻ മാനി കരികുളം, പി.ആർ.ഒ. മാത്യു തട്ടാമറ്റം, ഫുഡ് ഫെസ്റ്റിവൽ ചെയർമാൻ ജോസ് മണക്കാട്ട് എന്നിവർ ഈ കമ്മിറ്റികൾക്കെല്ലാം ഊർജ്ജവും ആവേശവും നൽകിക്കൊണ്ട് നേതൃത്വം കൊടുക്കുന്നു. ഈ ഫുഡ് ഫെസ്റ്റിവലിലേക്കും വടംവലി മത്സരത്തിലേക്കും എല്ലാ നല്ലവരായ ആളുകളെയും ചിക്കാഗോ സോഷ്യൽ ക്ലബ്ബ് സവിനയം സ്വാഗതം ചെയ്യുന്നു.




## EXECUTIVE COMMITTEE


Siby Kadalimattom (President)


Jessmon Puramadathil (Vice President)


Siby Kaithakkathottiyil (Secretary)


Jomon Thodukayil (Treasurer)


Sabu Padinarel (Joint Treasurer)

## TOURNAMENT COMMITTE


Cyriac Koovakattil (Chairman)


Stephen Kizhakkekuttu (General Convenor)


Mani Karikulam (Finance Committee Chairman)


Mathew Thattamattom (PRO & Publicity)


Jose Manakatte (Food Festival Chairman)

# FC CHICAGO IS GEARING UP FOR THE NAMSL TOURNAMENT IN NEW YORK

**Bringing their competitive spirit and skill to the event. This prestigious tournament will showcase top soccer talent from across the region, and FC Chicago is excited to demonstrate their abilities and represent their city. With a strong lineup and dedicated coaching staff, the team is ready to tackle the challenges ahead and aim for success in this high-profile competition. (Date: August 30 - September 1, 2024)**







## For more Information



Jobin J
(224)595-5127



Allen C
(224)713-6363

## Golden Sponsor






## Sponsors


MTED TRANSPORTATION

LET'S GO **TOGETHER**

info@mtedtrans.com | www.mtedtrans.com

**HIRING ENTRY LEVEL OTR DRIVERS**











## Sponsors



Cyriac Kalliduckil



Abin Thodukayil



Richard Reynold



Tony Joy



James williams DMD
Dental Group of Rockford

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**